No. 221

JANUARY 2010

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

2010




2010

Another Step Towards
Equity & Excellence in Higher Education

AKPCTA

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 221 JANUARY 2010

**EDITORIAL BOARD**

***Chief Editor***
**Dr. S. Jayaraj kumar**

***Managing Editor***
**Dr. V. Jayakumar**

***Assistant Editor***
**Dr. G. S. Suresh**

***Members***
K. Sasidharan
P. Reghunath
D. Salimkumar
Dr. R.B. Rajalekshmi
Dr. V. Rajendran Nair
M.S.Vasanthakumar
Dr. Mathew J. Muttath
Dr. S. Pradeep kumar
B. Bhuvanendran
A.G. Olina
N.Rajan
Dr. K.Biju kumar
Promod Vallachal
Dr. C. Sudheer
Vinod C Sugathan

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org



ദേശീയ രാഷ്ട്രീയത്തിൽ ഇടതുപക്ഷത്തിന്റെ പങ്ക് നിർണ്ണായകതലത്തിലേയ്ക്ക് ഉയർത്തിയ ധിഷണാശാലിയും ആധുനിക ബംഗാളിന്റെ ശില്പിയും വർഗീയതയ്ക്കും ഏകാധിപത്യത്തിനുമെതിരെ ദേശീയ തലത്തിൽ ഐക്യമുന്നണി കെട്ടിപ്പടുത്തവരിൽ പ്രധാനിയും, സർവ്വാദരണീയനായ രാഷ്ട്രീയ നയതന്ത്രജ്ഞനുമായ സഖാവ്. ജ്യോതിബസു മായാത്ത ഓർമ്മയായി ചരിത്രത്തിലേയ്ക്ക്.

## സഖാവ്. ജ്യോതിബസുവിന്

എ.കെ.പി.സി.ടി.എ.യുടെ ആദരാഞ്ജലികൾ

# പുതുക്കിയ യു.ജി.സി. പദ്ധതി ഉടൻ നടപ്പാക്കണം

2006 ജനുവരി 1 മുതൽ പരിഷ്കരിച്ച യു.ജി.സി പദ്ധതി തത്വത്തിൽ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഉത്തരവിന്റെ അഭാവത്തിൽ പുതിയ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തെ അധ്യാപകർക്ക് ലഭിച്ചിട്ടില്ല. ഒട്ടേറെ സംസ്ഥാനങ്ങളിൽ പുതിയ പദ്ധതി നടപ്പാക്കിക്കൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചുകഴിഞ്ഞിട്ടും കേരളത്തിൽ ഇതു വൈകുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനും പുരോഗമന അധ്യാപക പ്രസ്ഥാനങ്ങൾക്കും ഒട്ടും അഭിമാനകരമല്ല.

ഇടതുപക്ഷ ഏകോപനസമിതിയിൽ രണ്ടു വട്ടം ചർച്ചചെയ്തിട്ടും അധ്യാപകരുടെ പെൻഷൻ പ്രായം സംബന്ധിച്ച് സമവായത്തിലെത്തിച്ചേരാൻ കഴിയാത്തതിനാലാണ് പുതിയ പദ്ധതി നടപ്പാക്കിക്കൊണ്ടുള്ള ഉത്തരവിറങ്ങാൻ വൈകുന്നതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. വിരമിക്കൽ പ്രായവുമായി ബന്ധപ്പെട്ട് പ്രധാനമായും കണക്കിലെടുക്കേണ്ടിവരുന്നത് താഴെപ്പറയുന്ന കാര്യങ്ങളാണ്.

1. കേന്ദ്ര സർക്കാരിന്റെയും യു.ജി.സി യുടെയും ഇതു സംബന്ധിച്ച നിബന്ധനകളും നിർദ്ദേശങ്ങളും നടപ്പാക്കുക.
2. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സഹായകരമായ രീതിയിൽ പെൻഷൻപ്രായം ക്രമീകരിക്കുക.
3. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാത്ത സാഹചര്യം സൃഷ്ടിക്കുക.
4. സർവകലാശാല - കോളജ് അധ്യാപന രംഗത്ത് നിലവിലുള്ള വസ്തുനിഷ്ഠ സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും അനുയോജ്യമായ തീരുമാനമെടുക്കുക.
5. സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഉടവുതട്ടാതെ യു.ജി.സി പദ്ധതി നടപ്പാക്കാനാവശ്യമായ നീക്കുപോക്കുകൾ കൈകൊള്ളുക.

പരിണിതപ്രജ്ഞരായ അധ്യാപകരുടെ സേവനം പരമാവധി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക, നിലവിലുള്ള അധ്യാപക ക്ഷാമം പരിഹരിക്കുക, പെൻഷൻ കാലാവധി കുറച്ചുകൊണ്ട് പെൻഷൻ സംബന്ധമായ സാമ്പത്തിക ബാധ്യത കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ് കേന്ദ്ര സർവകലാശാലകളിൽ പെൻഷൻ പ്രായം 65 വയസ്സായി ഉയർത്തിക്കൊണ്ട് പുതിയ യു.ജി.സി പദ്ധതിയിൽ ഉത്തരവായിട്ടുള്ളത്. ഇതിനുപുറമെ തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് 70 വയസ്സ് വരെ സേവന കാലാവധി നീട്ടി കൊടുക്കുന്ന സമ്പ്രദായവും കേന്ദ്ര സർവകലാശാലകളിലുണ്ട്. കേന്ദ്ര സർവകലാശാലകളിലെ അധ്യാപകരുമായി താരതമ്യം ചെയ്യുമ്പോൾ 55 വയസ്സിൽ റിട്ടയർ ചെയ്യേണ്ടിവരുന്ന കേരളത്തിലെ കോളജ് അദ്ധ്യാപകർക്ക് സേവന ദൈർഘ്യത്തിൽ 15 വർഷം കുറവാണുള്ളത്. പോസ്റ്റ് ഗ്രാജുവേറ്റ് പഠനവും ഗവേഷണവും മറ്റും കഴിഞ്ഞ് 30 നും 35 നുമിടയ്ക്ക് സർവ്വീസിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് 20 - 25 വർഷത്തെ സേവന കാലാവധി മാത്രമാണ് ലഭിക്കുക. ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചമായ കേരളത്തിൽ പരിചയസമ്പന്നരായ അധ്യാപകർ 55 വയസ്സിൽ ജോലിയിൽ നിന്നും പിരിയേണ്ടിവരുന്നത് ഏറെ നഷ്ടമുണ്ടാക്കുന്നത് വിദ്യാർത്ഥി

കൾക്കാണ്. പ്രത്യേകിച്ചും കോഴ്സ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം ഡിഗ്രിതലത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സീനിയർ അധ്യാപകരുടെ അഭാവം അക്കാദമികമായി വലിയ നഷ്ടം തന്നെയായിരിക്കും.

അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ അവസരങ്ങൾ നഷ്ടപ്പെടുത്താതെ തന്നെ പെൻഷൻ പ്രായം 60 വരെയെങ്കിലും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശമാണ് ഇടതുപക്ഷ മുന്നണിയുടെ ഏകോപനസമിതി ചർച്ച ചെയ്തതെന്ന് പത്ര റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നു. സർവകലാശാല അധ്യാപകരുടെ പെൻഷൻ പ്രായം ഇപ്പോൾ തന്നെ 60 ആയതുകൊണ്ട് പുതിയ നിർദേശം സർവകലാശാലതലത്തിലുള്ള ജോലി സാധ്യതകളിൽ ഒട്ടും കുറവുണ്ടാക്കുന്നില്ല. കോളജുകളിലാകട്ടെ, ഇപ്പോൾ തന്നെ ഏതാണ്ട് 1200 ഓളം ഒഴിവുകളാണ് നിലവിലുള്ളത്. 1998 - 2001 കാലഘട്ടത്തിൽ ആരംഭിച്ച കോഴ്സുകൾക്ക് അധ്യാപക-അനധ്യാപക നിയമന അംഗീകാരം ഇതുവരെ നൽകാതിരുന്ന സാഹചര്യത്തിലാണ് ഇത്രയധികം ഒഴിവുകൾ ഉണ്ടായിട്ടുള്ളത്. ഈ ഒഴിവുകൾ ഉടൻ നികത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിച്ചുകൊണ്ട് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ ജോലി സംബന്ധമായ അനിശ്ചിതാവസ്ഥ മാറ്റുന്നതിന് സർക്കാർ മുൻഗണന നൽകണം. ഇന്നത്തെ സാഹചര്യത്തിൽ യു.ജി.സി നിഷ്ക്കർഷിക്കുന്ന യോഗ്യതയുള്ള 1200 ഓളം അധ്യാപകരെ കണ്ടെത്താൻ നന്നേ പ്രയാസപ്പെടേണ്ടിവരും. അതുകൊണ്ട് തന്നെ കോളജ് അധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് ചെറുപ്പക്കാരുടെ ജോലി സാധ്യത ഇല്ലാതാക്കുമെന്ന പ്രചരണം വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ലെന്ന് ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല.

സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം യു.ജി.സി പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായി വേണ്ടിവരുന്ന അധിക വരുമാനത്തിന്റെ 80% ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് ലഭ്യമാകുമെന്നുള്ളത് സാമ്പത്തികമായി അനുകൂല ഘടകമാണ്. യു.ജി.സി പാക്കേജ് നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് മാത്രമാണ് കേന്ദ്ര സഹായം ലഭ്യമാകുക. വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിക്കേണ്ടിവരുന്നത് ഇത്തരമൊരു സാഹചര്യത്തിലാണ്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന കുടിശ്ശിക ശമ്പളം പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച് റിട്ടയർ ചെയ്യുന്ന മുറയ്ക്ക് അധ്യാപകർക്ക് നൽകുന്ന സംവിധാനമാണ് പല സംസ്ഥാനങ്ങളും അവലംബിക്കാറുള്ളത്. നിലവിലുള്ള സാമ്പത്തിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ അത്തരത്തിലുള്ള നീക്കുപോക്കുകൾ അനിവാര്യമായി വന്നേക്കാം. വിരമിക്കൽ പ്രായം ദീർഘിപ്പിക്കുന്ന തോതിൽ കുടിശ്ശിക വിതരണവും താമസിച്ച് നടത്തിയാൽ മതിയെന്നുള്ള നേട്ടവും സംസ്ഥാന സർക്കാരിനുണ്ട്. പെൻഷൻ പ്രായം സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ ഇത്തരം പ്രായോഗിക പ്രശ്നങ്ങൾകൂടി സംസ്ഥാന സർക്കാരിന് പരിഗണിക്കേണ്ടതായി വരും.

പെൻഷൻ പ്രായം സംബന്ധിച്ച സങ്കീർണ്ണതകൾ തലനാരിഴകീറി പരിശോധിക്കുന്നതിൽ തെറ്റ് കാണേണ്ടതില്ല. അതേസമയം പ്രശ്നം നീട്ടികൊണ്ടുപോകുന്നത് പ്രശ്നപരിഹാരത്തിന് സഹായകമല്ല. പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. 2010 മാർച്ച് 31 നകം പുതിയ യു.ജി.സി പദ്ധതി സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് കേന്ദ്ര വിഹിതം വാങ്ങിയെടുക്കേണ്ടതായിട്ടുണ്ട്. 2006 ജനുവരി 1 മുതൽ ലഭിക്കേണ്ടിയിരുന്ന ശമ്പള പരിഷ്കരണം നാല് വർഷം കഴിഞ്ഞിട്ടും അനുഭവവേദ്യമാകാത്ത സാഹചര്യവും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. പുതിയ യു.ജി.സി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ അക്കാദമിക അന്തരീക്ഷം കലുഷിതമാക്കാനേ സഹായിക്കുകയുള്ളൂ. അധ്യാപകർക്കിടയിൽ ആശയകുഴപ്പം സൃഷ്ടിക്കാൻ കച്ചകെട്ടി ഇറങ്ങിയിട്ടുള്ളവർക്ക് ആയുധമായി യു.ജി.സി പദ്ധതി മാറുന്ന സാഹചര്യം ഏതുവിധേനെയും ഒഴിവാക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം വസ്തുനിഷ്ഠമായും വികാരങ്ങൾക്ക് അടിമപ്പെടാതെയും പരിശോധിച്ചുകൊണ്ട് യുക്തമായ തീരുമാനം കഴിവതും വേഗത്തിൽ കൈക്കൊള്ളണമെന്ന നിവേദനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ മുന്നിൽ പുരോഗമന അധ്യാപക പ്രസ്ഥാനമായ എ.കെ.പി.സി.ടി.എ ഗൗരവപൂർവ്വം സമർപ്പിക്കുന്നത്.

# ഉന്നത വിദ്യാഭ്യാസസഹായനിധി കേരളം വീണ്ടും മാതൃകയാകുന്നു

ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും സംജാതമാക്കുവാനുള്ള ശ്രമങ്ങളിൽ കേരളം വീണ്ടും മാതൃകയാവുകയാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ കൊണ്ടുമാത്രം ഉന്നതവിദ്യാഭ്യാസരംഗത്ത് കടന്നുവരാനാകാതെ വരുന്ന മിടുക്കരായ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് അതിനുള്ള അവസരം നൽകുന്നതിനായി വിപുലമായ ഒരു പദ്ധതിക്ക് കേരള സർക്കാർ തുടക്കം കുറിച്ചിരിക്കുന്നു. കേരള സർക്കാരിൻെറ ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപം നൽകിയ ഉന്നതവിദ്യാഭ്യാസ സഹായനിധി ജനുവരി 3-ാംതീയതി ബഹു.പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് നിരവധി വിദ്യാർത്ഥി - വിദ്യാർഥിനികൾ പ്രതികൂലമായ ജീവിതസാഹചര്യങ്ങളെ നേരിട്ടുകൊണ്ടും സ്കൂൾ തല പഠനരംഗത്ത് ഉന്നതമായ വിജയം നേടിയെടുത്തുകൊണ്ട് മുന്നോട്ടു വരുന്നവരുണ്ട്. പൊതു വിദ്യാലയങ്ങൾ മാത്രമാണ് പാവപ്പെട്ടവരുടെ ഏക അഭയകേന്ദ്രം. സർക്കാർ-പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനുള്ള കൂട്ടായശ്രമം അധ്യാപകരും-രക്ഷകർത്താക്കളും പൊതുജനങ്ങളും ഒന്നിച്ച് ചേർന്നുകൊണ്ട് നടത്തുവാൻ വേണ്ടി കേരള സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ മുൻകയ്യെടുക്കുകയുണ്ടായി. അതിൻെറ ഫലമായി കൂടിയാണ് നിരവധി പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനവിജയം നേടിയെടുക്കുവാനായത്. അത്തരം കുട്ടികൾക്ക് തുടർന്നും പഠിക്കുവാനുള്ള സാഹചര്യമൊരുക്കേണ്ടതുണ്ട്. അവരുടെ തുടർന്നുള്ള പഠനത്തിന് വഴികാട്ടുവാനും സഹായഹസ്തം നീട്ടുവാനും കഴിയണം. അതിൽകൂടിമാത്രമേ ഒരുപരിധിവരെയെങ്കിലും സാമൂഹ്യനീതി പ്രാവർത്തികമാക്കുവാനാകൂ. ഈ ഉദ്ദേശത്തോടെയാണ് കേരളസർക്കാർ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പിന് രൂപം നൽകിയിട്ടുള്ളത്. വിവിധ വിഷയങ്ങളിലും സ്ട്രീമുകളിലുമായി പഠിക്കുന്ന കുട്ടികളിൽ സാമ്പത്തികമായും മെരിററിൻെറ അടിസ്ഥാനത്തിലും അർഹതയുള്ളവരെ കണ്ടെത്തി ഡിഗ്രി-പിജി തലപഠനത്തിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് ഈ നിധികൊണ്ടുദ്ദേശിക്കുന്നത്. അതിനായി സംസ്ഥാന സർക്കാർ പ്രാഥമികമായി 12 കോടി രൂപാ നീക്കിവയ്ക്കുകയുണ്ടായി. തുടർന്ന് വിവിധ വ്യവസായ സ്ഥാപനങ്ങൾ, വ്യക്തികൾ, സന്നദ്ധ പ്രസ്ഥാനങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ തുടങ്ങിയവരടങ്ങുന്ന ജനസമൂഹത്തിൽ നിന്നും ഒരു സഞ്ചിതനിധി സമാഹരിക്കാനാകുമെന്നാണ് സർക്കാർ കരുതുന്നത്.

ഇടതുപക്ഷ സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നശേഷം ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണമേന്മയും സാമൂഹ്യനീതിയും കൈവരിക്കാനായുള്ള നിരവധി ശ്രമങ്ങൾക്ക് തുടക്കമിടുകയുണ്ടായി. സർക്കാർ നിലവിൽവന്ന ആദ്യ നാളുകളിൽ തന്നെ രൂപകൽപ്പന ചെയ്ത സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിനുള്ള നിയമം നിർഭാഗ്യവശാൽ പ്രാവർത്തികമാക്കാനായില്ലെങ്കിലും ന്യൂനപക്ഷ വിഭാഗങ്ങളിലെ പാവപ്പെട്ടവർക്കും ഇതരദരിദ്രജനവിഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുമായിരുന്ന ഒരു നിയമനിർദ്ദേശമായിരുന്ന അത് എന്ന കാര്യം കേരളീയ സമൂഹം തുറന്ന് സമ്മതിച്ചതാണ്. ഡിഗ്രിതലത്തിൽ ഗ്രേഡിംഗും ക്രെഡിററ് സെമസ്ററർ സമ്പ്രദായവും ആരംഭിച്ചുകൊണ്ട് ഇടതു സർക്കാർ ഒരുപടികൂടി മുന്നോട്ടുപോയി. തുടർന്ന് വ്യത്യസ്ത ഭൗതികസാഹചര്യങ്ങളും ഫാക്കൽടി സൗകര്യങ്ങളുമുള്ള കോളജുകളെ മേഖലാടിസ്ഥാനത്തിൽ ബന്ധപ്പെടുത്തിക്കൊണ്ട് അവയുടെ മേന്മയും സൗകര്യങ്ങളും പരസ്പരം ഉപയോഗപ്പെടുത്തുന്നതിനും മികവുകൾ പങ്കുവെയ്ക്കുന്നതിനുമുദ്ദേശിച്ചുകൊണ്ട് ക്ലസ്ററർ സമ്പ്രദായത്തിന് രൂപം നൽകുകയുണ്ടായി. ഇതും കേരളത്തിൻെറ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരിക്കും. ഇത്തരം ജനകീയ പരിഷ്കാരങ്ങളുടെ ഏററവുമവസാനത്തെ കണ്ണിയായ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയ്ക്ക് ശ്രദ്ധേയമായ പിന്തുണയും അംഗീകാരവുമാണ് കേരളീയ സമൂഹം നൽകേണ്ടത്. നാനാഭാഗങ്ങളിൽ നിന്നും ഈ പദ്ധതിയ്ക്കുവേണ്ടി സഹായഹസ്തങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്നു. ഈ സംരംഭം ഒരു വൻവിജയമാക്കാൻ ഈ മേഖലയിൽ പണിയെടുക്കുന്നവർ എന്ന നിലയിൽ നമുക്കുള്ള ഉത്തരവാദിത്തം വളരെവലുതാണ് .

**Thomas Joseph**
*Member Secretary,*
*Kerala State Higher Education Council*

## Higher Education Scholarship Scheme

# Another Step Towards Equity & Excellence

The scheme is the first of its kind in the entire country in a number of ways. providing substantial financial assistance to needy and meritorious students; promoting the study of basic disciplines supporting Government /aided institutions by awarding scholarships to bright students in such institutions ; attracting charitable private contributions along with public support to the fund, thereby reviving the tradition of philanthropic public-private- partnership in education, as an antidote to commercialization and privatization of higher education.

Dr. Manmohan Singh, Prime Minister of India, launched the Kerala State Higher Education Scholarship Fund and awarded the first batch of scholarships to six students at a function held at Government Women's College, Thiruvananthapuram on 3rd January, 2010. The event took place in the distinguished presence of R.S. Gavai, the Governor of the State, V.S. Achuthanandan, Chief Minister, Shashi Tharoor, local MP and Central Minister for External Affairs, M.A. Baby, Minister for Education and Culture, C. Divakaran , Minister for Food and Civil Supplies, M. Vijayakumar, Minister for Law and Parliamentary affairs, Dr. K.N. Panikkar, Vice Chairman of the Higher Education Council, Vice Chancellors of Kerala, Mahatma Gandhi, Sanskrit and Kannur universities, other distinguished guests, members of the public, teachers and students.

The launching of the Higher Education Scholarship Scheme is part of a series of initiatives of the Kerala State Higher Education Council for bringing about qualitative changes in higher education in the State. Established in 2007 by an Act of the State Legislature, the Council has already spearheaded the restructuring of undergraduate education by introducing course-credit-semester system and grading and set up two clusters of colleges for promoting academic collaboration among neighbouring institutions. The 'Erudite', a scholar-in residence programme for organizing visits of world renowned scholars, including Nobel Laureates, to the universities in the State , a teacher exchange programme for short term exchange of teachers between Kerala and west Bengal, preparation of a Data Bank on higher education in the State , formulation of a state policy on higher education, organizing short term projects on policy related issues in higher education, imparting training to teachers in new pedagogy and practices in higher education, extending financial and academic assistance to seminars/ workshops organized by universities and colleges etc. are some of the other tasks currently being undertaken by the Council. The Council has plans to start an interdisciplinary journal and organize an annual national lecture on higher education next year.




Higher Education Scholarship Scheme is the most ambitious project of the Council. The scheme is the first of its kind in the entire country in a number of ways. It would simultaneously address many concerns in higher education : providing substantial financial assistance to needy and meritorious students; extending the benefit to SC/ST/BPL/Differently-abled/General categories through a system of quotas; promoting the study of basic disciplines by offering a large number of scholarships to students pursuing the study of Humanities, Social Sciences, Sciences and Business Studies; supporting Government /aided institutions by awarding scholarships to bright students in such institutions ; attracting charitable private contributions along with public support to the fund, thereby reviving the tradition of philanthropic public-private- partnership in education, as an antidote to commercialization and privatization of higher education.

Following are some of the salient features of the scheme, as it would be implemented in the next few years:

The Scholarships shall be awarded to first year undergraduate regular students pursuing full time aided courses in Sciences, Social Sciences Humanities and Business Studies at the undergraduate and post graduate levels in Government/Aided Colleges and Departments/Institutions under the Universities in Kerala, renewable during the subsequent four years, on condition of continuance of study and satisfactory performance, as per guidelines laid down by the Council.

**The distribution of the scholarships would be as follows:**

| Name of Course | No. of Scholarships | Amount per annum |
|---|---|---|
| Under Graduate Course | 1000 (first year)<br>1000 (second year)<br>1000 (third year) | Rs. 12000/- (first year)<br>Rs.18,000/- (second year)<br>Rs.24,000/- (third year) |
| Post Graduate Course | 600 (first year )<br>600 (second year) | Rs. 40000/- (first year)<br>Rs.60,000/- (second year) |
| Total | 4200 | ———— |

- The available scholarships will be distributed among different Universities in the State. The number of scholarships set apart for each University would be decided on the basis of the student strength in first degree regular aided courses in Humanities / Social Sciences / Sciences/Business Studies in the aided/ Government Colleges/ Departments under each University.
- The Universities shall distribute the available scholarships to different streams on the basis of student strength in each stream and award the scholarships stream-wise among the

following categories: 10% for SC/ST students; 3% for differently-abled students; 37% for students belonging to BPL families, excluding SC/ST/ Differently-abled categories; 50% for students in the General Category. If adequate number of eligible candidates is not available in the SC/ST/differently-abled Category, the surplus will be added to BPL Category and if adequate numbers are not available in such category, the surplus will be added to General Category.

- Only those students who have obtained at least 50% marks /C+ grade in the aggregate in +2 / equivalent will be eligible for the award of scholarship.
- Scholarships under this scheme will not be awarded to a student who receives any other scholarship / stipend for a course of study, other than fee concession provided; (a) students who are awarded more than one scholarship will have the right to surrender other scholarships in favour of Higher Education Scholarship and (b) students belonging to SC/ST category will be eligible for scholarship in addition to the lump sum grant provided by the Scheduled Caste and the Scheduled Tribe Development Departments.
- The scholarships under this scheme are initially awarded for one year only, but it is renewable for the next four years ,subject to satisfactory performance report.
- The College Council / University Department Council shall be responsible for monitoring the scholarship scheme on behalf of the College / University Department, which shall also act as the grievance redressal body at the College/ University Department level.
- The Vice-Chancellor may appoint a committee for monitoring the Scholarship scheme on behalf of the University, which shall also be responsible for taking decisions on appeals against College level decisions.
- The Executive Council shall be responsible for monitoring the Scholarship scheme on behalf of the Higher Education Council, which shall also be responsible for taking decisions on appeals against University level decisions.
- The scholarships will be awarded utilizing the interest on the contributions received from the public and the Government. The Government has already contributed 15 crores and has agreed to give a matching grant of 50% of the funds raised by the Council. The Council hopes to constitute a corpus of 100 crores within the next one year, including public and private contributions.
- The funds required for the administration of the scholarship scheme by the Higher Education Council may be met from the grant-in-aid of the Council. No part of the contributions shall be utilized for the administration of the scheme.
- The Council shall evolve an endowment scheme to make the scholarships more broad based and inclusive, catering all sections of students and their differential requirements , in course of time.

The offer of support for the scholarship scheme has been quite overwhelming. The State Ministers and Vice Chancellors have set the ball rolling by offering one month's salary. The Chief Secretary has issued a circular urging all employees to contribute to the fund. Contributions have been made by people from all walks of life, including Justice V.R. Krisna Iyer, Pinarayi Vijayan, R.V.G. Menon, M.A. Oommen and others. The privilege of giving the first contribution to the fund goes to Ushakumari, former professor of Sree Kerala Varma College, Trichur. The Council is taking urgent steps for registering the Fund under FCRA and under 80 G of the Income Tax Act, to make contributions more attractive.

The Organizations of teachers and students have offered unstinted support for the scheme at a meeting organized by the Council in this connection. It is now time to redeem this promise. The teachers of Government/ aided institutions have a special role to play, both in organizing the campaign for the mobilization of the funds and in making contributions to the fund. The implementation of the revised UGC scheme would place sufficient funds at the disposal of individual teachers within the next few months, which should enable them to make substantial contributions to the Fund. Organizations of teachers have to take up the campaign earnestly, more so as the implementation of the scheme would revive the sagging fortunes of basic disciplines and Government and aided institutions, which they represent.

**A. S. Varghese**
*CMS College, Kottayam*
*Convenor, AKPCTA, Academic Committee*

# Choice Based Credit & Semester System

## Moderation, Grace Grade, Improvement In Examinations, Question Paper Setting & Question Bank

### AKPCTA Academic Committee- *Draft for Discussion*

**I: MODERATION**

**The following proposal may be considered for setting moderation to scores in the Choice Based Credit Semester System.**

**By Moderation through a process of question wise analysis:**

For the process of question wise analysis and setting moderation, a Board of Evaluators shall be constituted.

**Board of Evaluators**

The Board of Evaluators shall be appointed by the Vice- Chancellor

The Board consists of:

Chairman:Chairman of the Board of Studies of the Programme

Members:Chairman of the Board of Examiners in the concerned subject, One Senior Chief Examiner from the board of Examiners, One teacher from aided/government colleges to be nominated, if necessary.

The Board of Evaluators constituted for each programme shall analyse the question papers of the courses in the programme and shall set moderation to scores to course/s.

The question-wise analysis will enable to know the strengths and weaknesses of the question paper more thoroughly. It will also help to compare the question paper with the design and the blueprint given to the setter. Each question will be analysed in terms of:

1) Objective tested by the question
2) Specification on which the question is based
3) Topic covered by the question
4) Sub-topic covered by the question
5) Elimination of any section through the choice in questions
6) Form of the question and estimated difficulty level (easy, average or difficult)
7) Approximate time required for answering
8) Weightage allotted to the question
9) The answer key for the evaluation and to sort out any difficulties to check the answer books
10) Subjectivity of the Examinee
11) Subjectivity of the question paper setter
12) Subjectivity of the Examiner
13) Questions asked in the examinations were within the syllabus
14) Clarity and use of language in the question paper and printing mistakes, if any, found in the question papers.

These details could be given in a tabular form by the board. Each column of the table can be summarized to show the distribution of questions. Then the Board of Evaluators will assess a certain number of answer books for setting background for moderation.

Based on the above mentioned analysis, the Board of moderators will set the moderation by the way of proportional increase of weightages to the concerned section/s of the questions or enhancement of grade point average. By considering the above, the Board of Evaluators should give guidelines to the examiners for the valuation. In

addition to the above moderation, no other forms of Moderation are required.

The Board of Evaluators will give a report - after the analysis - to the University about the quality of questions and the question paper setters for future reference and feedback.

If the moderation system is properly carried out by the above method, it will be beneficial to improve the system of examinations, and will become a substitute to the revaluation system, and assessment system will be just to the students. It is a supervisory work over the examiners.

## II. AWARDING OF GRACE GRADES

Grace Grades in the form of Grade Point Average can be awarded to eligible students. The students possessing valid certificate/s on the basis of their achievement/s in the specified fields, as prescribed by the University, shall be eligible for awarding grace grade, in the form of Grade Point Average, and that may be based on the merit of their certificate/s. The details of levels of such award shall be as follows. When two different achievements are granted in a semester, then only one of them may be approved for the awards.

** The Grace Grade in the form of Grade Point average for 1 % of the Maximum Grade Point Average 4 of a course shall be **4 x1/100 = 0.04.** Since the number of full courses **(4 credits)** that can be offered in a programme is **30** (30 courses x 4 credits = 120 Credits), the average number of courses in a semester is **5** (30 courses / 6 semesters = 5 courses), then the Grace Grade in the form of Grade Point average to all courses in a semester shall be **0.04 x 5 = 0.2 in Grade Point Average.** This GPA of 0.2 may be distributed to all courses in the semester or may be given to any course/s in the same semester.

The maximum Grace Grade awarded to a student in a year for all activities put together shall not exceed 25 %

## III. IMPROVEMENT

The students shall be allowed to improve their Grades of the courses for their betterment. They shall be allowed to improve the grades of 3 courses, as per their choice, in a semester. However, the students who scores E grades or absent in an examination/s can reappear the examination/s with the next batch.

## IV. QUESTION PAPER SETTING

**Question paper setting by panels**

For conducting examinations with good quality questions within the prescribed syllabus of study should be set according to the policy statement or blue print, formulated by the University, by a panel of paper setters after extensive discussion. The Policy statement shall contain weightage among objectives, weightage among different areas of content, weightage with regard to different forms of questions, scheme of options and different level of questions for assessment. It should be confirmed that the paper setters follow all items in the blue print, while setting the question paper, by returning the format duly marked. After setting the questions, the question papers should be edited by assembling the questions into sections on the basis of their form such as fixed-response type questions and free-response type questions. Each section shall be based on the content area divisions and sub-sections. The questions are to be organized in a graded order of difficulty from easy to difficult. Such a grading will surely boost examinees confidence in their ability to attempt the questions. The instructions to examinees need to be clear, specific and pointed with specific time limit to the section containing fixed-response type of questions to reduce the opportunities for malpractice.

The following type of objective type/fixed response type questions may be considered.

1. Multiple choice questions (MCQs) are the traditional choose one from a list of possible answers.
2. True/False questions require a student to assess whether a statement is true or not.
3. Assertion-Reason questions combine elements of MCQ and true-false.
4. Multiple response questions (MRQs) are similar to MCQs, but involve the selection of more than one answer from a list.
5. Multiple hotspots questions used in software simulations by moving label to appropriate place on an image
6. Graphical hotspot questions involve selecting an area(s) of the screen, by moving a marker to the required position. Advanced types of hotspot

questions include labelling and building questions.

7. Text/Numerical questions involve the input of text or numbers at the keyboard.
8. Numerical limits can be set for the number
9. Matching questions involve linking items in one list to items in a second list.Sore finger questions have been used in language teaching and computer programming, where one word, code or phrase is out of keeping with the rest of a passage. It could be presented as a 'hot spot' or text input type of question.
10. Ranking questions require the student to relate items in a column to one another and can be used to test the knowledge of sequences, order of events, and level of gradation.
11. Sequencing questions require the student to position text or graphic objects in a given sequence. These are particularly good for testing methodology.
12. Field simulation questions offer simulations of real problems or exercises.
13. Other question types require students to identify and/or manipulate images. Students may be asked to plot a graph, complete a matrix, draw a line or build up an image using parts provided.
14. Selection/Association by match items from two related lists
15. Text match can be used for simple statements or fill in blanks in continuous text (can take account for misspelling)

**Preparation of the scoring key and the marking scheme**

The scoring key is to be prepared for the objective type questions and the marking scheme for the essay and short answer questions. The marking scheme gives the expected outlines of the answers and the grade that each point or aspect of the answer deserves. All the answer points that may be relevant to the question should be listed in the marking scheme, irrespective of the number asked for in the question. Detailed instructions for scoring will also need to be worked out and issued to the examiners. This will ensure a high degree of reliability in scoring and uniformity in scoring when different examiners evaluate answer scripts.


## V. QUESTION BANK

**Setting Question Banks**

Question setting instead of question paper setting may be the accurate method for preparing good quality questions for examinations. The question banks need to be developed in order to improve the quality of the question paper. There is a need to generate quality questions of different types measuring various objectives with varying difficulty levels in each curricular area. Every setter can be allowed to use their expertise in the specific field and category for setting a particular type/s of questions. Similar setters can add various types of questions covering the entire syllabus for study. Thus a panel of setters can share their ideas for framing a good quality question paper. The questions can be appraised by a representative sample of students to determine difficulty levels, after reviewing and pre-testing of such questions. Once this information about all questions is known they can be published in the question bank for later use.

**Uniform Academic and Examination Calendar**

There should be a calendar to conduct the academic and examination activities of all the universities in the state. The calendar should contain the announcement for admission of students to various programmes, last date for such admissions and registration to programmes, schedule of in-semester assessment, last date for submission of results of internal assessments, last date for receiving application for examinations, time-table for examinations and schedule for the conduction of valuation, tabulation and publication of results, distribution of grade sheets and distribution of degree certificates. Such a calendar will be very much helpful for creating uniform academic atmosphere in the entire state. This will help students to seek admissions to programmes of study of other institutions and universities too.



## സർവ്വകലാശാല കോളജ് അദ്ധ്യാപകരുടെ
# സെക്രട്ടറിയററ് മാർച്ചും ധർണ്ണയും
### 2010 ജനുവരി 2

യു.ജി.സി യുടെ 6-ാം ശമ്പള പരിഷ്കാരം കേരളത്തിൽ ഉടൻ നടപ്പാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സർവ്വകലാശാലാ കോളജ് അദ്ധ്യാപക സംയുക്ത സമിതിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയററ് മാർച്ചും ധർണ്ണയും നടത്തുകയുണ്ടായി. യൂണിവേഴ്സിററി കോളജിൽ നിന്നും ആരംഭിച്ച അധ്യാപക മാർച്ച് സെക്രട്ടറിയററ് നടയിൽ സമാപിച്ചു. മാർച്ചിലും ധർണ്ണയിലും വനിതകളുൾപ്പെടെ 3500 റോളം അധ്യാപകർ പങ്കെടുത്തു. ധർണ്ണ സി. പി. ഐ( എം) സെക്രട്ടറിയററംഗം സ. ടി. ശിവദാസമേനോൻ ഉദ്ഘാടനം ചെയ്തു. നിരവധി സമരങ്ങളിലൂടെയാണ് കോളജധ്യാപകർ ഇന്നത്തെ നിലയിലുള്ള സേവനഭദ്രത കൈവരിച്ചത്. ഏത് സർക്കാർ അധികാരത്തിലിരുന്നാലും അധ്യാപകർക്കും ജീവനക്കാർക്കും അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ശക്തമായ പോരാട്ടം നടത്തേണ്ടി വരും. എന്നാൽ കേരളത്തിലെ ഇടതുപക്ഷ സർക്കാർ ജീവനക്കാരോടും അധ്യാപകരോടും തൊഴിലെടുക്കുന്നവരോട് പ്രത്യേകിച്ചും അങ്ങേയററം അനുഭാവപൂർവ്വമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. സർവ്വകലാശാലാ കോളേജധ്യാപകരുടെ യു.ജി. സി. ശമ്പള പരിഷ്കാരം സംബന്ധിച്ച ആവശ്യവും അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് ശ്രീ. ശിവദാസമേനോൻ അഭിപ്രായപ്പെട്ടു. യു.ജി. സി. ശമ്പള പരിഷ്കാരം വെറും സാമ്പത്തിക നേട്ടം മാത്രമായിട്ടല്ല ഇടതു പക്ഷ മുന്നണി കാണുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അദ്ധ്യാപകരുടെ സേവന രംഗത്തും നിയമനത്തിലും യോഗ്യതാ നിർണ്ണയത്തിലും പെൻഷൻ പ്രായത്തിലുമെല്ലാം പരിഷ്കാരമുണ്ടാക്കുന്ന തരത്തിലുള്ള ഒരു പാക്കേജായിട്ടാണ് നടപ്പിലാക്കേണ്ടത്. അതിനാവശ്യമായ തീരുമാനങ്ങൾ ചർച്ച ചെയ്ത് ഇടതു മുന്നണി സർക്കാർ കൈക്കൊള്ളുമെന്ന് ശ്രീ. ശിവദാസമേനോൻ ഉറപ്പു നൽകി.

എ. കെ. ജി. സി. ടി. ജനറൽ സെക്രട്ടറി പ്രൊഫ. കെ. ജയകുമാർ അദ്ധ്യക്ഷനായിരുന്നു. എ. കെ. പി. സി. ടി. എ ജനറൽ സെക്രട്ടറി പ്രൊഫ. പി. രഘുനാഥ് ധർണ്ണയ്ക്ക് സ്വാഗതം പറഞ്ഞു. വിവിധ സർവ്വീസ് സംഘടനാ നേതാക്കളായ പ്രൊഫ. വി. എൻ. ചന്ദ്രമോഹൻ (വൈസ് പ്രസിഡന്റ്, ഐഫക്ടോ), പ്രൊഫ. കെ. ശശിധരൻ ( പ്രസിഡന്റ്. എ. കെ. പി സി. ടി. എ) ഡോ. എ. ആർ. രാജൻ (ജനറൽ സെക്രട്ടറി, എഫ്. യു. ടി. എ) ശ്രീ. എം. കൃഷ്ണൻ (സെക്രട്ടറി, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ളോയീസ്) ശ്രീ. സി. ഉസ്മാൻ (ജനറൽ സെക്രട്ടറി, കെ. എസ്. ടി.എ), ഡോ. സജീവ് കുമാർ. പി. (സെക്രട്ടറി, കെ ജി. ഒ എ), ശ്രീ. ടി. സി. മാത്തുകുട്ടി (സെക്രട്ടറി എൻ.ജി.ഒ യൂണിയൻ), ശ്രീ. എസ്.യു.രാജീവ് (സെക്രട്ടറി, കേരളാ സെക്രട്ടേറിയററ് എംപ്ളോയീസ് അസ്സോസ്സിയേഷൻ) എന്നിവർ സംസാരിച്ചു. പ്രൊഫ. ജി. രാജീവ് (സെക്രട്ടറി, എ.കെ.ജി.സി.ടി) നന്ദി രേഖപ്പെടുത്തി.

## സർവ്വകലാശാല കോളജ് അദ്ധ്യാപക സംയുക്തസമിതി

# സമരപ്രഖ്യാപന കൺവെൻഷൻ

**സമരപ്രഖ്യാപന കൺവെൻഷൻ - കേരള സർവ്വകലാശാല - 2009 ഡിസംബർ 15**



യു.ജി.സി. ശമ്പളപരിഷ്കാരം ഉടൻ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി., എഫ്.യു.ടി.എ എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ കോളജ് സർവ്വകലാശാലാ അധ്യാപക സംയുക്തസമിതി സമരപ്രഖ്യാപന കൺവെൻഷൻ ചേരുകയുണ്ടായി. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ നാല് കേന്ദ്രങ്ങളിലായിട്ടാണ് കൺവെൻഷൻ ചേർന്നത്. തിരുവനന്തപുരത്ത് യൂണിവേഴ്സിററികോളജ് അങ്കണത്തിൽ 2009 ഡിസംബർ 15-ാം തീയതി വൈകുന്നേരം 4 മണിക്ക് നടന്ന കൺവെൻഷൻ സ.വി.ശിവൻകുട്ടി എം.എൽ.എ ഉദ്ഘാടനം ചെയ്തു. സംസ്ഥാനതലത്തിൽ 2010 ജനുവരി 2 ന് കോളജ് സർവകലാശാലാ അധ്യാപകരുടെ സെക്രട്ടറിയേററ് മാർച്ച് നടത്തുവാൻ കൺവെൻഷൻ തീരുമാനിക്കുകയുണ്ടായി. ശമ്പളപരിഷ്കാരം നടപ്പാക്കുന്നതുവരെ ശക്തമായ സമരപ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ സംയുക്ത സമിതി തീരുമാനിച്ചു. 14 വർഷത്തിനുമുൻപാണ് കോളജദ്ധ്യാപകരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത്. ശമ്പള പരിഷ്കാരം കോളജധ്യാപകരുടെ അവകാശമാണ്. അത് ആർക്കും തടഞ്ഞുവെയ്ക്കാനാവില്ല. അത് ലഭ്യമാകുന്നതുവരെ നിരന്തരമായ പോരാട്ടങ്ങൾക്ക് അധ്യാപകർ തയ്യാറാകണമെന്ന് കൺവെൻഷൻ അധ്യാപകരോട് ആവശ്യപ്പെട്ടു. കോളജധ്യാപകരുടെ ന്യായമായ ശമ്പളപരിഷ്കാരം നേടിയെടുക്കുന്നതിനായുള്ള സമരത്തിൽ ഇതര സഹോദരപ്രസ്ഥാനങ്ങളുടെ സഹായമുണ്ടാകുമെന്ന് എൻ.ജി.ഒ. യൂണിയൻ സംസ്ഥാന സെക്രട്ടറി ശ്രീ.എ.ശ്രീകുമാർ അഭിപ്രായപ്പെട്ടു. യോഗത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന ട്രഷറർ ഡോ.വി.രാജേന്ദ്രൻനായർ അദ്ധ്യക്ഷനായിരുന്നു. എ.കെ.ജി.സി.ടി. സംസ്ഥാന സെക്രട്ടറി പ്രൊഫ.ജി.രാജീവ് സ്വാഗതം പറഞ്ഞു. സമരപ്രഖ്യാപന കൺവെൻഷൻെറ നടപടിക്രമങ്ങൾ സംബന്ധിച്ച് എഫ്.യു.ടി എ ജനറൽ സെക്രട്ടറി ഡോ.എ.ആർ.രാജൻ വിശദീകരിച്ചു. കെ.യു.ടി.എ ജനറൽ സെക്രട്ടറി ഡോ.എ.ഗംഗപ്രസാദ്, എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പ്രൊഫ. പി.രഘുനാഥ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. എ.കെ.ജി.സി.ടി. ജില്ലാ സെക്രട്ടറി പ്രൊഫ.ടി.സനൽകുമാർ നന്ദി പറഞ്ഞു.



## സമരപ്രഖ്യാപന കൺവെൻഷൻ -എം. ജി. സർവ്വകലാശാല- 2009 ഡിസംബർ 17




യു.ജി.സി. 6-ാം ശമ്പളപരിഷ്കരണം പെൻഷൻ പ്രായം ഉൾപ്പെടെ ഒരു പാക്കേജായി എത്രയും വേഗം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമരം ആരംഭിക്കാൻ ആൾ കേരള പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (എ.കെ.പി.സി.എ) അസ്സോസിയേഷൻ ഓഫ് കേരള ഗവൺമെൻറ് കോളജ് ടീച്ചേഴ്സ് (ഏ.കെ.ജി.സി.ടി) ഫെഡറേഷൻ ഓഫ് യൂണിവേഴ്സിററി ടീച്ചേഴ്സ് അസ്സോസിയേഷൻ (എഫ്.യു.ടി.എ) എന്നീ സംഘടനകളുടെ സംയുക്ത കൺവെൻഷൻ തീരുമാനിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ ചേർന്ന സമരപ്രഖ്യാപന കൺവെൻഷൻ സി.എം.ദിനേശ്മണി എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ആറാം ശമ്പളപരിഷ്കരണം ഒരു പാക്കേജായി നടപ്പിലാക്കാൻ എൽ.ഡി.എഫ് സർക്കാർ സന്നദ്ധമാണ്; എന്നാൽ പെൻഷൻ പ്രായം വർധിപ്പിക്കുന്നതുപോലെയുള്ള കാര്യങ്ങളിൽ രാഷ്ട്രീയസമവായം ഉണ്ടാവേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഗവൺമെൻറുതലത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകാനായി അധ്യാപകസമൂഹം പ്രക്ഷോഭപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

ഏ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പ്രൊഫ.പി.രഘുനാഥ് സമരപ്രഖ്യാപനപ്രമേയം അവതരിപ്പിച്ച് പ്രസംഗിച്ചു. 2010 മാർച്ചിനുമുമ്പ് ശമ്പളപരിഷ്കാരം നടപ്പിലായില്ലെങ്കിൽ കേന്ദ്രധനസഹായം നഷ്ടമാകും. സമരത്തിൻെറ ആദ്യഘട്ടമായി ജനുവരി 2ന് സംസ്ഥാനത്തെ മുഴുവൻ കോളജ്-സർവ്വകലാശാല അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ വൻപിച്ച സെക്രട്ടറിയേററ് മാർച്ച് നടത്തും. പരിഷ്കരണം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് ഇറങ്ങുന്നില്ലെങ്കിൽ തുടർന്നു പണിമുടക്ക് ഉൾപ്പെടെയുള്ള സമരം ആരംഭിക്കുവാനും കൺവെൻഷൻ തീരുമാനിച്ചു.

കൺവെൻഷനിൽ ഏ.കെ.ജി.സി.ടി സംസ്ഥാന ട്രഷറർ പ്രൊഫ. എസ്.സുദർശൻപിള്ള അധ്യക്ഷത വഹിച്ചു. എ.കെ.പി.സി.ടി.എ സംസ്ഥാനവൈസ് പ്രസിഡൻറ് പ്രൊഫ. ഡി.സലിംകുമാർ, എഫ്.യു.ടി.എ സംസ്ഥാനവൈസ് പ്രസിഡൻറ് പ്രൊഫ.എം.ജാതവേദൻ, ഏ.കെ.ജി.സി.ടി സംസ്ഥാന സെക്രട്ടറി ഡോ.കെ.ജി.രാമദാസൻ എൻ.ജി.ഒ യൂണിയൻ സംസ്ഥാന വൈസ് പ്രസിഡൻറ് പി.എച്ച്.എം ഇസ്മയിൽ എന്നിവർ പ്രസംഗിച്ചു.



## സമരപ്രഖ്യാപന കൺവെൻഷൻ – കാലിക്കററ് സർവ്വകലാശാല 2009 ഡിസംബർ 17




യു. ജി. സി. ശമ്പള പരിഷ്കരണം ഉടൻ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കോഴിക്കോട് സർവ്വകലാശാലാ മേഖലകളിലെ കോളജ് സർവ്വകലാശാല അദ്ധ്യാപകർ സമര പ്രഖ്യാപന സമ്മേളനം നടത്തി. എ. കെ. പി. സി. ടി. എ, എ. കെ. ജി. സി. ടി, എഫ്. യു. ടു. എ എന്നീ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ മലബാർ ക്രിസ്ത്യൻ കോളജിലായിരുന്നു സമ്മേളനം. കോളജ് അധ്യാപകരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ട് പതിനാല് വർഷം കഴിഞ്ഞിരിക്കുകയാണ് എന്ന് സമ്മേളനം ചൂണ്ടിക്കാട്ടി.

വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കോളജ് യൂണിവേഴ്സിററി അധ്യാപകർക്ക് പ്രധാന പങ്കു വഹിക്കാനുണ്ട് എന്നും അവരുടെ സേവന വേതന വ്യവസ്ഥകൾ സമയബന്ധിതമായി പരിഷ്കരിക്കേണ്ടതാണ് എന്നും സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട്. ശ്രീ. എ. പ്രദീപ്കുമാർ, എം. എൽ. എ. അഭിപ്രായപ്പെട്ടു. സ്വാശ്രയ വിദ്യാഭ്യാസ കച്ചവടക്കാർക്ക് എതിരെ കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുന്ന സർക്കാർ കോളജ് അധ്യാപകരുടെ ന്യായമായ അപകാശങ്ങളോട് അനുഭാവ പൂർണ്ണമായ സമീപനമാണ്. സ്വീകരിക്കാറുള്ളത് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പരിചയ സമ്പന്നരായ അധ്യാപകരുടെ സേവന കുറച്ചു വർഷങ്ങൾ കൂടി ഉറപ്പുവരുത്തുന്നതിന് സഹായിക്കുമെന്നതിനാൽ പെൻഷൻ പ്രായമുയർത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സമവായത്തോടെ തീരുമാനങ്ങൾ ഉണ്ടാവണമെന്നള്ള അദ്ദേഹം പറഞ്ഞു.


യു.ജി. സിയുടെ ആറാം ശമ്പള പരിഷ്കരണം നടപ്പാക്കാനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ് എന്ന് സമര പ്രഖ്യാപന വിശദീകരണത്തിൽ എ. കെ. ജി. സി. ടി സംസ്ഥാന പ്രസിഡന്റ് പ്രൊഫ. വി. എൻ. ചന്ദ്രമോഹൻ ചൂണ്ടിക്കാട്ടി. 2010 മാർച്ച് 31 ന് മുമ്പ് ശമ്പള പരിഷ്കരണം നടപ്പാക്കിയില്ലെങ്കിൽ കേന്ദ്ര ധനസഹായം നഷ്ടമാകുമെന്ന് അദ്ദേഹം വ്യക്തമാക്കി. തൊഴിൽ മേഖലകളിലെ പ്രശ്നങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സർക്കാരിൽനിന്ന് ശമ്പള പരിഷ്കരണം നേടിയെഴുക്കാൻ കൂട്ടായശ്രമം ആവശ്യമാണ് എന്ന് എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. കെ. ശശിധരൻ ചൂണ്ടിക്കാട്ടി. പാലക്കാട്, തൃശൂർ, മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിൽ നിന്നായി നൂറുകണക്കിന് അധ്യാപകർ സമ്മേളനത്തിൽ പങ്കെടുത്തു. എഫ്. യു. ടി. എ പ്രസിഡന്റ് ഡോ. കെ. ശേഖരൻ അദ്ധ്യക്ഷനായിരുന്നു. എഫ്. എസ്. ഇ. ടി. ഒ ജില്ലാ സെക്രട്ടറി കെ. മുരളീധരൻ, എ.കെ.ജി.സി.ടി ഏരിയാ സെക്രട്ടറി പ്രൊഫ. അബ്ദുൾ അസീസ് കോറോത്ത് എന്നിവരും സംസാരിച്ചു.

## സമരപ്രഖ്യാപന കൺവെൻഷൻ – കണ്ണൂർ സർവ്വകലാശാല– 2009 ഡിസംബർ 15

യു.ജി.സി സ്കീം കേരളത്തിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് കോളജ് സർവകലാശാല അധ്യാപക സമിതി കണ്ണൂർ സർവ്വകലാശാല മേഖലയിൽ നടന്ന സമരപ്രഖ്യാപന കൺവെൻഷൻ പങ്കാളിത്തവും ചർച്ചയും കൊണ്ട് വൻവിജയമായിരുന്നു. 15.12.2009 ന് വൈകുന്നേരം 3 മണിക്ക് കണ്ണൂർ കൃഷ്ണമേനോൻ വനിതാ കോളജിൽ നടന്ന പെൻഷനിൽ 137 അധ്യാപകർ പങ്കെടുത്തു. എ.കെ.പി.സി.ററി.എ ജില്ലാ പ്രസിഡൻറ് കൺവെൻഷൻ എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ.കെ.ശശിധരൻ ഉദ്ഘാടനം ചെയ്തു. എ.കെ.ജി.സി.ടി സംസ്ഥാന ജന.സെക്രട്ടറി പ്രൊഫ.ജയകുമാർ, കണ്ണൂർ യൂണിവേഴ്സിററി സിൻറിക്കേററ് അംഗം ഡോ. ബാബു ആൻേറാ എന്നിവർ സംസാരിച്ചു. എ.കെ.ജി.സി.ടി സംസ്ഥാന സെക്രട്ടറി പ്രൊഫ. രവി. സ്വാഗതവും എ.കെ.പി.സി.ടി.എ സംസ്ഥാന സെക്രട്ടറി ഡോ.കെ.പ്രദീപ് കുമാർ നന്ദിയും പറഞ്ഞു.

**എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*

# സ്റേറാക്ഹോം മുതൽ കോപ്പൻഹേഗൻ വരെ




ഡെൻമാർക്കിന്റെ തലസ്ഥാനമായ കോപ്പൻഹേഗനിൽ പതിനഞ്ചാമത് ലോക കാലാവസ്ഥ ഉച്ചകോടി, 2009 ഡിസംബർ 7 മുതൽ 18 വരെ നടന്നു. ഉഗ്രസ്ഫോടനത്തിൽ (Big bang) ചിതറി, സമയത്തിന്റെ ചിറകിൽ ഉറഞ്ഞ് പദാർത്ഥമായ അസംഖ്യങ്ങളിൽ ഒന്നായ ഭൂമി...... കോടിക്കണക്കായ വർഷങ്ങളിൽ ശീതാതപാദികളേററ് അഷൈടശ്വര്യ സമൃദ്ധികൾ ചൂടി അനശ്വരനായ ഭൂമി, ഭൂപ്രകൃതിയുടെ ഐന്ദ്രജാലിക സൃഷ്ടിയായ മനുഷ്യന് കൊതിതീരും വരെ ജീവിക്കാൻ ഉൾപ്രേരണകൾ നൽകുന്ന ഭൂമിദേവി..... ഇവിടെ ജീവിതം ദുസ്സഹതയിൽ നിന്ന് അസഹ്യതയിലേക്ക് പരിണമിക്കുന്ന ആപൽസന്ധിയെ തരണം ചെയ്യാൻ എന്തു മാർഗ്ഗം എന്ന് ആരായുവാൻ ഉള്ള ഒരു സർവ്വരാഷ്ട സംഗമം, പ്രകടമായ സൽഫലങ്ങൾ ഉണ്ടാക്കാതെ പിരിഞ്ഞു.

### സ്റേറാക്ഹോം മുതൽ ക്യോട്ടോ വരെ

1972 ൽ ക്ലബ് ഓഫ് റോം എന്ന സംഘടന ഒരു പരിസ്ഥിതി റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. *വളർച്ചയുടെ പരിമിതി* എന്നാണ് അതിന്റെ പേര്. സ്റേറാക്ഹോമിൽ ആ വർഷം ചേർന്ന ഒന്നാം ലോക പരിസ്ഥിതി സമ്മേളനത്തിൽ അവതരിപ്പിക്കാനുള്ള റിപ്പോർട്ടായിരുന്നു അത്. അന്തരീക്ഷമലിനീകരണം, വനനശീകരണം എന്നിവ അന്ന് വിശദമായി ചർച്ച ചെയ്യപ്പെട്ടു. 1972 ൽ ഈ ദുഷ്പ്രവണതകൾക്ക് അനുഭവ പ്രധാനമായ ഒരു ആക്കം ഇല്ലായിരുന്നു. അതിനാൽ അന്ന് അവിടെ ചൂണ്ടിക്കാണിക്കപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടുതൽ ഗൗരവമായി ചിന്തിക്കേണ്ട കാര്യങ്ങളല്ല എന്ന ഒരു അലക്ഷ്യ സമീപനം ലോക രാഷ്ട്രത്തലവന്മാരിൽ നിന്നുണ്ടായി. അമിതമായ കാർബൺഡയോക്സൈഡ് വിസർജനം മൂലം ആഗോളതാപനം സംഭവിക്കുമെന്ന മുന്നറിയിപ്പ്, അസംഭാവ്യമായ ഒരു സങ്കല്പം പോലെയാണ് അന്ന് കണ്ടത്. താപനം സൃഷ്ടിക്കുന്ന കാററിന്റെ ഗതിമാററം കാലാവസ്ഥാ പ്രതീക്ഷകളെ തകിടം മറിക്കുന്ന അവസ്ഥക്ക് വഴിവയ്ക്കും എന്ന പ്രവചനം, *കാലം മാറി വരും കാററിന്റെ ഗതിമാറും* എന്നു തുടങ്ങുന്ന ഒരു സിനിമാ ഗാനത്തിന്റെ ലാഘവത്തോടെ നമ്മൾ കണ്ടു. താപനം കൊണ്ട് മഞ്ഞുരുകി ധ്രുവങ്ങളിൽ ഹിമപാളികൾ ശോഷിച്ച് ധ്രുവജീവൻ അപകടപ്പെടും എന്നു മാത്രമല്ല, ഉരുകിയ വെള്ളം കടലിൽ ചേർന്ന് സമുദ്ര നിരപ്പ് ഉയരും. താപനത്താൽ കടൽവെള്ളം വികസിച്ച്, മഞ്ഞുരുകി ജലനിരപ്പ് ഉയരുന്നതിലേറെ സമുദ്രനിരപ്പ് ഉയരാൻ ഇടയാക്കും- ഈ മുന്നറിയിപ്പും അന്ന് *നദി വററി അക്കരെ നിൽക്കുന്ന നായ ഇക്കരെ വന്ന് കടിക്കും* എന്ന അസാദ്ധ്യതയുടെ മാനം കല്പി

അമേരിക്ക, സ്വന്തം സൗകര്യങ്ങൾക്കും ആഡംബരത്തിനും വിസർജിക്കുന്ന ഹരിതവാതകങ്ങളുടെ അളവു കുറയ്ക്കണമെന്ന ലോകത്തിന്റെ വിളി, ഭൂമിയുടെ വിളി കേൾക്കാതിരിക്കാൻ, വസ്തുതകളെ അംഗീകരിക്കാതെ മറുബുദ്ധി പ്രകടിപ്പിക്കാനാണ് ഇത പര്യന്തം ശ്രമിച്ചിട്ടുള്ളത്. വികസിത രാഷ്ട്രങ്ങളെ കൂടി ഇതിന് ദുഷ്പ്രേരിപ്പിച്ച് എന്തെല്ലാം കോലം തുള്ളിക്കാണിച്ചു! വികസിത രാഷ്ട്രത്തലവൻമാരുടെ തിരു മണ്ടയിൽ ഒരു തരി വെളിച്ചം ഉദിച്ചെങ്കിൽ! അവൻമാരുടെയും മക്കളുടെയും കലികാലത്തിന് ശേഷവും ഇവിടെ ജീവജാലങ്ങൾക്ക് പൊറുക്കാനുള്ള സാഹചര്യം സാമാന്യം സുഖപ്രദമാകണമെന്നുള്ള ചേതമില്ലാത്ത ഒരു പാഴ്ചിന്ത അബദ്ധത്തിൽ അവർക്ക് ഉണ്ടായെങ്കിൽ!

ക്കപ്പെട്ട് തള്ളപ്പെടുകയാണ് ഉണ്ടായത്. പക്ഷെ ഇപ്പോൾ ആഗോള താപനില രണ്ടു ഡിഗ്രിയിൽ കൂടാതിരിക്കാനുള്ള മാർഗ്ഗങ്ങളാണ് നാം ഉൽക്കണ്ഠാകുലരായി കോപ്പൻഹേഗിൽ ചർച്ച ചെയ്തത്.

ഐക്യരാഷ്ട്രസഭ കാലാവസ്ഥാ മാററം സംബന്ധിച്ച ഒരു രൂപരേഖ അംഗീകരിച്ചത് 1992 ൽ ആയിരുന്നു. ഇത് അവതരിപ്പിക്കപ്പെട്ട ഉച്ച കോടിയാണ്. United Nations Framework Convention on Climatic Change (UNFCC) എന്ന് അറിയപ്പെടുന്നത്. വനനശീകരണം തടയാൻ, ശുദ്ധജലം സംരക്ഷിക്കാൻ, ആഗോളതാപനവും കാലാവസ്ഥാ മാററവും നിയന്ത്രിക്കാൻ, ജൈവ വൈവിധ്യം സംരക്ഷിക്കാൻ... പ്രത്യേകം പ്രത്യേകം പരിപാടികൾ ആസൂത്രണം ചെയ്യാൻ ഉച്ചകോടി തീരുമാനിച്ചു.

വികസിത രാജ്യങ്ങൾ, വികസ്വര രാജ്യങ്ങൾ എന്നിങ്ങനെ രണ്ട് ലിസ്റ്റ് ഉണ്ടായി. വികസന സംബന്ധമായി കാർബൺഡയോക്സൈഡ് വിസർജനം കൂടും. വികസ്വര രാജ്യങ്ങൾക്ക് അത് കുറയ്ക്കുവാൻ കഴിയില്ല. വികസനം പൂർത്തിയായിക്കഴിഞ്ഞ വികസിത രാജ്യങ്ങൾക്ക് അത് നിയന്ത്രിക്കാൻ കഴിയും. കാർബൺഡയോക്സൈഡ് വിസർജനം കഴിവതും കുറയ്ക്കാൻ വികസിത രാജ്യങ്ങൾ ശ്രമിക്കണം. വികസിത രാജ്യങ്ങൾ 2008- 2012 കാലം ആകുമ്പോഴേക്ക് കാർബൺഡയോക്സൈഡ് വിസർജനം 1990 ലെ അളവിന്റെ 5.2 ശതമാനം കുറയ്ക്കണം. ഇങ്ങനെയൊരു ധാരണ പിന്നീട് ഉരുത്തിരിഞ്ഞു വന്നു. അതാണ് ക്യോട്ടോ പ്രോട്ടോക്കോൾ.


ഈ നിയന്ത്രണം കൊണ്ടൊന്നും ആഗോളതാപനം നിയന്ത്രിക്കാൻ കഴിയില്ല. ഈ ചെറിയ വിട്ടുവീഴ്ചയ്ക്ക് പോലും അമേരിക്ക തയ്യാറായില്ല. അമേരിക്കയും യൂറോപ്യൻ യൂണിയനും കാനഡയും ഓസ്ട്രേലിയയും ജപ്പാനും അടങ്ങുന്ന വികസിത വ്യാവസായിക രാഷ്ട്രങ്ങൾ വിസർജിക്കുന്ന ഹരിത ഗൃഹ വാതകങ്ങളുടെ അളവ് അടിയ്ക്കടി വർദ്ധിക്കുകയും ചെയ്തു.

## അമേരിക്കൻ പരാങ്മുഖത്വവും കുററകരമായ വിസർജനവും

IPCC അഥവാ Inter Governmental Panel of Climate Change എന്ന വിവിധ രാജ്യങ്ങളുടെ ഒരു പാനൽ, ഈ കാലത്ത് നാലു തവണ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിരുന്നു. അന്തരീക്ഷതാപം, സമുദ്ര നിരപ്പ് എന്നിവ വർദ്ധിക്കുന്നു, മഞ്ഞുവിതാനങ്ങൾ കുറയുന്നു. വർഷ- ഹിമപാതങ്ങൾ കുറയുന്നു എന്നീ താപന പ്രത്യാഘാതങ്ങൾ യാഥാർത്ഥ്യമായിക്കഴിഞ്ഞു എന്നാണ് ആ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

1998 ലാണ് ക്യോട്ടോ ഉടമ്പടി തള്ളിക്കൊണ്ട് അമേരിക്കൻ സെനററ് ബിർഡ്- ഹെഗൽ പ്രമേയം അംഗീകരിച്ചത്. 2001 ൽ ഏററവും ഭീതിദമായ പാരിസ്ഥിതിക വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് IPCC പുറത്തിറക്കി. അതിൽ ഭൗമതാപം 6 ഡിഗ്രി വരെ വർദ്ധിക്കും എന്ന് പറഞ്ഞിരിക്കുന്നു. 2002 ലെ ബേൺ ഉച്ചകോടിയിൽ വച്ച് ക്യോട്ട ഉടമ്പടി അല്പം ഇളവുകളോടെ നടപ്പാക്കാൻ 169 രാഷ്ട്രങ്ങൾ തമ്മിൽ ധാരണയുണ്ടാക്കി. 2004 ൽ റഷ്യ ക്യോട്ടോ പ്രോട്ടോക്കോൾ അംഗീകരിച്ചു. യഥാർത്ഥത്തിൽ 2005 ഫെബ്രുവരിയിൽ ജപ്പാനിലെ ക്യോട്ടോയിൽ നടന്ന സമ്മേളനത്തിൽ വച്ചാണ് ക്യോട്ട ഉടമ്പടി നിലവിൽ വന്നതായി 169 രാജ്യങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിച്ചത്. 35 വ്യവസായ വൽകൃത രാഷ്ട്രങ്ങൾ ഹരിതഗൃഹ വാതക വിസർജനം 1990 ലെ അളവിന്റെ 5.2 ശതമാനം കുറഞ്ഞ നിലയിൽ 2012 ൽ ആക്കിത്തീർക്കണം എന്നതാണ് ക്യോട്ടോ ഉടമ്പടിയുടെ സാരസംഗ്രഹം. ഇതിനു നേരെ അമേരിക്ക പുറം തിരിഞ്ഞു നിന്നു; ഇന്നും അങ്ങനെ തന്നെ നിൽക്കുന്നു എന്നതാണ് വാസ്തവം.


2007 ലെ ബാലി കാലാവസ്ഥ ഉച്ചകോടിയിൽ ഉൽക്കണ്ഠ മാത്രം രേഖപ്പെടുത്തി പിരിയേണ്ടി വന്നു. 2009 ൽ ബാങ്കോക്കിലാവട്ടെ ക്യോട്ടോ ഉടമ്പടിക്ക് പകരമൊരു കരാർ എന്ന ആശയം അമേരിക്കയിയെ ലക്ഷ്യമാക്കി ഉയർന്നു. അവിടെ നിന്നാണ് സംഭവം ഡൻമാർക്കിലെ കോപ്പൻഹേഗനിൽ എത്തിയത്.




ലോകത്താകെ വിസർജിക്കപ്പെടുന്ന ഹരിത ഗൃഹ വാതകങ്ങളുടെ 22 ശതമാനം അമേരിക്കയാണ് വിസർജനം നടന്നത്. യൂറോപ്യൻ യൂണിയൻ 20 ശതമാനവും തുല്യതയോടെ ചൈനയും വസർജനം നടത്തുന്നു. ഇന്ത്യ 5% വിസർജിക്കുന്നു. ചൈനയ്ക്കും ഇന്ത്യയ്ക്കും അമേരിക്കയ്ക്ക് ചുമത്തുന്ന വ്യവസ്ഥകൾ ബാധകമാക്കണം എന്ന് അമേരിക്ക പറയുന്നു.

എന്നാൽ അമേരിക്കയുടെ മേൽ നിയന്ത്രണം വേണമെന്ന് പറയാൻ അമേരിക്കക്കാരും ഉണ്ടത്രെ. അമേരിക്കയുടെ വൈദ്യുതി ഉപഭോഗം ഇന്നത്തേതിൽ നിന്ന് അഞ്ചിൽ ഒന്നായി കുറയ്ക്കണം എന്ന് നിർദ്ദേശമുണ്ട്. സ്വകാര്യ വാഹനങ്ങളുടെ എണ്ണം പത്തിൽ ഒന്നായി കുറയ്ക്കണം, പബ്ലിക് ട്രാൻസ്പോർട്ട് വർദ്ധിപ്പിക്കണം, ആഡംബര വസ്തുക്കളുടെ ഉൽപാദനം കുറയ്ക്കണം. ത്രോ എവേ (Throwaway) വസ്തുക്കൾ ഉപേക്ഷിക്കണം എന്നീ ശീലക്രമങ്ങൾക്ക് ഹരിത ഗൃഹവാതക

വിസർജനം നിയന്ത്രിക്കാമെന്ന് നിർദ്ദേശങ്ങൾ ഉയർന്നു കഴിഞ്ഞു. പക്ഷെ *അമേരിക്കൻ സൊസൈററി ഈസ് നോട്ട് നെഗോഷിയബിൾ* എന്ന ബുഷിന്റെ വായ്ത്താരി വാൾ പോലെ തൂങ്ങിക്കിടക്കുന്നു.



**ഇന്ത്യ**

ജലവൈദ്യുത പദ്ധതിയാണ് വിദ്യുച്ഛക്തി ഉൽപാദന മാർഗ്ഗമെങ്കിൽ കാർബൺഡയോക്സൈഡ് വിസർജനം ഉണ്ടാവില്ല. എന്നാൽ അമേരിക്ക, യൂറോപ്യൻ യൂണിയൻ തുടങ്ങിയ വികസിത രാഷ്ട്രസഞ്ചയങ്ങൾ ഇന്ധനജന്യമായ താപോർജ്ജം രൂപാന്തരം ചെയ്ത് വൈദ്യുതി ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ഇന്ധനം കത്തുമ്പോൾ കാർബൺഡയോക്സൈഡ് ഉണ്ടാവും. ചുരുക്കത്തിൽ അവിടെ കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ പ്രവർത്തിച്ചാൽ പോലും കാർബൺഡയോക്സൈഡ് അധിക വിസർജനം ഉണ്ടാവുന്നു. സമ്പൽസമൃദ്ധിയുടെ തള്ളിച്ചയിൽ ഇന്ധനക്ഷമതയില്ലാത്തതോ കൂടുതൽ ഇന്ധനം ഉപയോഗിച്ചു നീങ്ങുതോ ആയ വാഹനങ്ങൾ . അവിടുത്തെ പൗരൻമാർ അവരുടെ പൊങ്ങച്ച ഭ്രമങ്ങൾക്ക് നിരക്കുന്ന കൂടിയ വിലയ്ക്കു തന്നെ വാങ്ങി ഉപയോഗിച്ച് ക്രമാതീതമായി കാർബൺഡ്യോക്സൈഡ് വിസർജിക്കുന്നു. അമേരിക്ക വിപുലമായി സൃഷ്ടിക്കുന്ന. ഉൽപന്നങ്ങൾ ലോകമാസകലമുള്ള അവരുടെ കമ്പോളങ്ങളിലെ ആഡംബരഭ്രമത്തെ തൃപ്തിപ്പെടുത്താൻ എത്തിക്കുന്നതിന് വീണ്ടും കൂടുതൽ കാർബൺഡയോക്സൈഡ് വിസർജനം!

മലീമസമാകുന്നതോ, ഭൂമിവാസികളുടെ പൊതുസ്വത്തായ പരിസ്ഥിതിയും വികസ്വരഗണത്തിലെ ഇന്ത്യയെപ്പോലുള്ള രാഷ്ട്രങ്ങൾ ഇതിനാൽ സാരമായി ബാധിക്കപ്പെടുന്നു. ഇന്ത്യയിലെ കൃഷി, നശിക്കും, ഇന്ത്യയുടെ ലക്ഷദ്വീപും കച്ച് മുതൽ കന്യാകുമാരി വരെയുള്ള തീരങ്ങളും സമുദ്രത്തിനടിയിൽ പെടും, ഹിമാലയത്തിലെ ഹിമപാളികളുരുകി ഗംഗാദി വേണികൾക്ക് ദുരന്തമുണ്ടാക്കും.

പ്രധാനമന്ത്രി മൻമോഹൻസിങ് കോപ്പൻഹേഗനിൽ സംഭവിച്ചതിലൊന്നും തൃപ്തനല്ല. ആഗോള താപനം പരമാവധി 2 ഡിഗ്രിയിൽ ഒതുക്കി നിർത്തുന്നതിന് വേണ്ടി നടന്ന ചർച്ചകളിൽ മഞ്ഞുരുകിയില്ല. പക്ഷെ ധ്രുവങ്ങളിലെ മഞ്ഞുരുകിത്തീരുകയാണ്. ഇതിനകം വർദ്ധിച്ച താപനിലയിൽ പല ജൈവ സഞ്ചയങ്ങൾക്കും വംശനാശം ആസന്നമായിരിക്കുന്നു. ചിലഗതി താളങ്ങളിൽ ചരിച്ചിരുന്ന കാലാവസ്ഥാ വാഹികളായ കാററുകളുടെ അവതാളം മുഴങ്ങിക്കഴിഞ്ഞു. പുതിയൊരു താളക്രമത്തിലേക്ക് എത്തിപ്പെടാൻ അപ്രതീക്ഷിത പ്രക്ഷുബ്ധങ്ങളായ അവസ്ഥകളെ പ്രകൃതി തരണം ചെയ്യേണ്ടിവരും.

## ഒരു അബദ്ധമായെങ്കിലും സൽബുദ്ധിതോന്നിയെങ്കിൽ

അമേരിക്ക, സ്വന്തം സൗകര്യങ്ങൾക്കും ആഡംബരത്തിനും വിസർജിക്കുന്ന ഹരിതവാതകങ്ങളുടെ അളവു കുറയ്ക്കണമെന്ന ലോകത്തിന്റെ വിളി, ഭൂമിയുടെ വിളി കേൾക്കാതിരിക്കാൻ, വസ്തുതകളെ അംഗീകരിക്കാതെ മറുബുദ്ധി പ്രകടിപ്പിക്കാനാണ് ഇത പര്യന്തം ശ്രമിച്ചിട്ടുള്ളത്. വികസിത രാഷ്ട്രങ്ങളെ കൂടി ഇതിന് ദുഷ്പ്രേരിപ്പിച്ച് എന്തെല്ലാം കോലം തുള്ളിക്കാണിച്ചു! അതിലൊന്നാണ് കാർബൺട്രേഡിംഗ്. കാർബൺഡയോക്സൈഡ് വിസർജനത്തിന്, അളവിന്റെ അടിസ്ഥാനത്തിൽ ഓരോ രാഷ്ട്രവും. അനുമതി നേടുക. ഇന്ത്യ നേടിയ അനുമതി ഉപയോഗിക്കാതിരിക്കുന്നു എന്ന് വിചാരിക്കുക. ബ്രിട്ടൻ ഇന്ത്യക്ക് പണം കൊടുത്ത് ഈ



അനുമതി വാങ്ങിയിട്ട് ഇന്ത്യ വിസർജിക്കാത്ത കാർബൺഡയോക്സൈഡ് ബ്രിട്ടൻ വിസർജിക്കുക. ഇതാണ് കാർബൺട്രേഡിംഗ്. ചുരുക്കിപ്പറഞ്ഞാൽ ഭൂമിയെ നാററാനുള്ള അവകാശം കാശു കൊടുത്തു വാങ്ങുന്ന സൂത്രം. വികസിത രാഷ്ട്ര ത്തലവൻമാരുടെ തിരു മണ്ടയിൽ ഒരു തരി വെളിച്ചം ഉദിച്ചെങ്കിൽ! അവൻമാരുടെയും മക്കളുടെയും കലികാലത്തിന് ശേഷവും ഇവിടെ ജീവജാലങ്ങൾക്ക് പൊറുക്കാനുള്ള സാഹചര്യം സാമാന്യം സുഖപ്രദമാകണമെന്നുള്ള ചേതമില്ലാത്ത ഒരു പാഴ്ചിന്ത അബദ്ധത്തിൽ അവർക്ക് ഉണ്ടായെങ്കിൽ!

കോപ്പൻഹേഗന്റെ മങ്ങിയ ചിത്രത്തിൽ നിന്ന് ചില നേട്ടങ്ങൾ വ്യാഖ്യാനിച്ച് എടുത്ത ഒരു ലേഖനം 'ദി ഹിന്ദു' വിൽ കണ്ടു. ടാററാ ഇൻസ്റ്റിട്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ സെന്റർ ഫോർ സയൻസ് ചെയർ പെഴ്സൺ ശ്രീ. ടി. ശിവരാമൻ ആണ് ലേഖകൻ. കോപ്പൻഗേഹനിൽ പേരിന് ഒരു ഉടമ്പടി ഉണ്ടാക്കാൻ കഴിഞ്ഞത് ഒരു നേട്ടമായി ലേഖകൻ കരുതുന്നു. കാരണം വ്യക്തിപരമായിത്തന്നെ ബാരക് ഒബാമ താല്പര്യം ഇച്ഛരാനുസരണം ഇഷ്ടക്കാരെ മാത്രം അടച്ചിട്ട മുറിയിൽ കൂടി ഗൂഢാലോചന നടത്തിയാണ് അതിന്റെ കരട് രേഖ ഉണ്ടാക്കിയത്. അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിൽ സമദൃഷ്ടിയോ, സുതാര്യതയോ പാലിക്കാതെ അമേരിക്ക അതിന് കരുക്കൾ നീക്കി. എങ്കിലും എങ്ങുമെത്താതെ പിരിഞ്ഞില്ല. UNFCCC ധാരണകളുടെ തുടർച്ച ഉറപ്പാക്കാൻ കഴിഞ്ഞു എന്നത് മറെറാരു നേട്ടമത്രെ. ക്യോട്ടോ പ്രോട്ടോക്കോളിനെ മാററി സ്ഥാപിക്കുക UNFCCC വ്യവസ്ഥകൾ ഔദ്യോഗികമായി... ഇച്ഛരാനുസരണം പരുവപ്പെടുത്താനോ അമേരിക്കയ്ക്കും കൂട്ടാളികൾക്കും കഴിഞ്ഞില്ല. എങ്കിലും ആ ദിശയിൽ ഇനിയും നീക്കങ്ങൾ ഉണ്ടായേക്കാം. കോപ്പൻഹോഗിൽ ഒരു സമ്പൂർണ്ണ പരാജയം ആകാതിരിക്കാൻ Basic Four ( ബ്രസീൽ, സൗത്ത് ആഫ്രിക്ക, ഇന്ത്യ, ചൈന) ന്റെ സംയുക്ത നീക്കങ്ങൾ സഹായകമായി.

### ഒരു പാമര നിർദ്ദേശം

രാഷ്ട്രത്തലവന്മാർ തീരുമാനമെടുത്ത് അനാശാസ്യ വിസർജനം കുറയ്ക്കാൻ മടിക്കുന്ന അവസ്ഥയിൽ ഭൂമിയെ രക്ഷിക്കാൻ എന്താണ് വഴി അടിയന്തിര സ്വഭാവത്തിലുള്ള ഒരു ബോധന പ്രക്രിയ നടക്കണം ആ ബോധനം ആര് തുടങ്ങണം, എവിടെ തുടങ്ങണം എന്നീ ചോദ്യങ്ങൾക്ക് ഒരു കേവല ഉത്തരമില്ല...

മലിനീകരണ സാദ്ധ്യത ഊർജസ്രോതസുസകൾ കണ്ടെത്താനുള്ള ഗവേഷണവും പരിശ്രമവും ഈ ദിശയിലുള്ള ഒരു ചുവടു വയ്പാകാം. സമൃദ്ധമായ കാററിൽ നിന്ന് വൈദ്യുതി ഉണ്ടാക്കുന്ന പങ്കകൾ സ്ഥാപിച്ച് ചലനോർജ്ജം നാം വൈദ്യുതി ആയി രൂപാന്തരം ചെയ്യുന്നതു പോലെ, ഈ ലോകത്തെ മുഴുവൻ ജനങ്ങളും സംഭാവന ചെയ്യുന്ന കർമ്മ ഊർജ്ജം വൈദ്യുതോർജമാക്കുന്ന ഒരു സംവിധാനം രൂപപ്പെടുത്താവുന്നതല്ലേ? ആ വൈദ്യുതി സംഭരിച്ച് ഫോസിത ഇന്ധനങ്ങളുണ്ടാക്കുന്ന കരിയും പുകയും കാർബൺഡയോക്സൈഡും ഒഴിവാക്കിക്കൂടേ? ഇതൊരു നിസ്സാര ചിന്താശകലം. ആരും ഇന്നേ വരെ നിർദ്ദേശിക്കാത്തതും ആവില്ല. ഒരു പക്ഷെ അത് ' ക്ലിക്ക്' ആകാൻ സമയമാകാത്തത് കൊണ്ടാവാം. അതിന് തടയിടാൻ ' വികസിത-ക്ലിക്കു' കൾ കളിക്കുന്നതു കൊണ്ടും ആവാം




### ഹരിത ഗൃഹ പ്രഭാവവും ഹരിത ഗൃഹവാതകങ്ങളും
( Green House Effect and Green House Gases)

പച്ച നിറമുള്ള സുതാര്യ വസ്തു കൊണ്ട് നിർമ്മിച്ച വീടിന്റെ ( Green House) പച്ച നിറമുള്ള മേൽക്കൂരയ്ക്ക് കീഴിൽ സസ്യം വളർത്തുന്ന സമ്പ്രദായം തണുപ്പ് രാജ്യങ്ങളിൽ ഉണ്ട്. ഉയർന്ന ആവൃത്തിയോടെ പച്ച കൂരയിലൂടെ തുളഞ്ഞു കയറുന്ന സൂര്യ രശ്മികൾ ആവൃത്തി കുറഞ്ഞ് പുറത്തേക്ക് ഊഷ്മാവ് വർദ്ധിക്കും ( Green House Effect) ഈ ഉഷ്മാവ് ചെടികൾക്ക് ആഹാര ഉൽപാദനത്തിന് ഉതകും. ഇതുപോലെ വലിയ ആവൃത്തിയുള്ള രശ്മികൾ വലിച്ചെടുക്കാൻ കഴിയുന്ന വാതക തന്മാത്രകൾ ഉണ്ട്. വലിച്ചെടുത്ത് ആഗിരണം ചെയ്യുന്നത് കുറഞ്ഞ ആവൃത്തിയിലായിരിക്കും. ഭൗമാന്തരീക്ഷത്തിലുള്ള കാർബൺ ഡയോക്സൈഡ്, മീഥേൻ, നൈട്രജൻ ഡയോക്സൈഡ്, കോളോറോ ഫ്ലൂറോ കാർബൺ ഹൈഡ്രോക്ലോറോ, ഫ്ലൂറോ കാർബൺസ്, ഹൈഡ്രോഫ്ളൂറോ കാർബൺസ്, പെർഫ്ളൂറോ കാർബൺസ് മുതലായവയാണ് അവയുടെ ഘടനാ സവിശേഷത . ഉയർന്ന ഊർജ്ജമുള്ള രശ്മികൾ വലിച്ചെടുത്ത് കുറഞ്ഞ ഊഷ്മാവ് പ്രസരിപ്പിക്കുകയും ചെയ്യുന്ന ഹരിത ഗൃഹ പ്രഭാവം പ്രകടിപ്പിക്കുന്ന ഹരിത ഗൃഹ വാതകങ്ങൾ പ്രസരിപ്പിക്കുന്ന കുറഞ്ഞ ഊഷ്മാവാണ് ഗോളതാപനത്തിന് കാരണം.

**Dr. P.S. Mohanakumar**
*SS College, Kalady*

# 13th Finance Commission Report



The Constitution of India provides for the establishment of a Finance Commission for the purpose of allocation of certain resources of revenue between the Union and the State Governments. The Finance Commission is established under Article 280 of the Constitution of India by the President. It has Under Article 280 of the Constitution the Finance Commission is required to make recommendations to President in respect of:


The distribution of net proceeds of taxes to be shared between the Centre and the States, and the allocation between the States, the respective share of such proceeds.

The principles which should go vern the grants-in-aid by the Center to States out of the Consolidated Fund of India. The measures needed to augment the consolidated fund of a State to supplement the resources of the Panchayats and the Municipalities in the state on the basis of the recommendations made by the State Finance Commission.

Any other matter referred to it by the President in the interests of sound finance.

The Report of the 13th Finance Commission was today submitted to President Pratibha Patil, which covers the period 2010-15, with some of its recommendations likely to find a place in Budget 2010-11. The Report was handed over to the President by Chairman of the Commission Vijay Kelkar It has outlined its recommendations on new path for fiscal consolidation apart from a fresh formula for sharing of central tax proceeds with states. The panel, headed by former finance secretary Vijay Kelkar, has also shared with the government its assessment on new indirect tax regime – goods and services tax (GST) – apart from recommendations on oil bonds. The recommendations would be operational for five years beginning April 1, 2010. The commission was constituted on November 13, 2007 under Article 280 to determine sharing of tax revenues between the centre and states. The twelfth finance commission had set this ratio at 30.5 per cent. Kelkar panel was also asked to make recommendations on impact of oil, food and fertiliser bonds on central government's finances. The commission was mandated to suggest a revised roadmap to maintain fiscal consolidation through 2010-2015. The commission has recommended a new path for fiscal consolidation for 2010-15.So far 13 Finance Commissions have been appointed

# Food inflation at 11-yr high




India's annual food inflation based on the wholesale price index stood at 18.22 percent for the week ended Dec 26, as potatoes were dearer by a whopping 110 percent, pulses by 42.21 percent and onions by 40.07 percent over a 52-week period. The annual food inflation stood at 19.83 percent for the week before. The limited data on the wholesale index released by the commerce and industry ministry on January 7,2010 showed that while primary articles were dearer by 14.39 percent, fuels were costlier by 4.85 percent.

Following is the price rise of some essential food items over a 52-week period:

- Potatoes: 110.11 percent
- Vegetables: 30.97 percent

The annual food inflation rose to a near 11-year high, but policymakers took heart from cheaper perishable food items for the second straight week after an influx of vegetables and fruit into markets. The food inflation's climb to 19.83% in the third week to December from 18.65%. The annual food price index's ascent looks spectacular due to a low base effect—inflation was relatively low in the same week last year. The index had soared to 19.95% in the week to December 5, the highest since December 1998.

# Goods and Services Tax (GST)

Goods and Services Tax (GST) is a part of the proposed tax reforms that center round evolving an efficient and harmonized consumption tax system in the country. Presently, there are parallel systems of indirect taxation at the central and state levels. In the Union Budget for the year 2006-2007, Finance Minister proposed that India should move towards national level Goods and Services Tax that should be shared between the Centre and the States. He proposed to set April 1, 2010 as the date for introducing GST. World over, goods and services attract the same rate of tax. That is the foundation of a GST.

The first step towards introducing GST is to progressively converge the service tax rate and the CENVAT rate. Each of the systems needs to be reformed to eventually harmonize them. The goods and service tax (GST) is proposed to be a comprehensive indirect tax levy on manufacture, sale and consumption of goods as well as services at a national level. Integration of goods and services taxation would give India a world class tax system and improve tax collections. It would end the long standing distortions of differential treatments of manufacturing and service sector. The introduction of goods and services tax will lead to the abolition of taxes such as octroi, Central sales tax, State level sales tax, entry tax, stamp duty, telecom licence fees, turnover tax, tax on consumption or sale of electricity, taxes on transportation of goods and services, and eliminate the cascading effects of multiple layers of taxation. GST will facilitate seamless credit across the entire supply chain and across all states under a common tax base




BIS
916 Hallmarked
ISO 9001:2008
Certified
വിശ്വാസ്യത പകർന്ന പൊൻതിളക്കം
പതിന്മടങ്ങാക്കുവാൻ നിങ്ങളേകിയ കരുത്തുമായി
പുതുവത്സരത്തിലേക്ക്........
2010
JOSVI JEWELLERS
TM
Gold · Diamonds · Watches
വിശ്വാസത്തിന്റെ വിജയത്തിളക്കം ! വർഷങ്ങളോളം....
MAIN ROAD SULTHAN BATHERY. PH: 04936 225390, 226002, 227002
josvijewellers@gmail.com
www.josvijewellers.com
square.sby

ഡോ. എം. ആർ. സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം



# നൊബേൽ സമ്മാനം 2009 വനിതകളുടെ തിളക്കം

1901 മുതലാണ് നൊബേൽ സമ്മാനം നൽകി തുടങ്ങിയത്. രണ്ട് വർഷത്തിനുശേഷം 1903 ൽ ഭൗതികത്തിൽ നൊബേൽ സമ്മാനം നേടിയ മേരി ക്യൂരിയാണ് ആദ്യമായി നൊബേൽ സമ്മാനം നേടിയ വനിത. 1969 ലാണ് സാമ്പത്തിക ശാസ്ത്രത്തിന് നൊബേൽ സ്മാരക പുരസ്കാരം ഏർപ്പെടുത്തിയത്. 2009 ൽ ഈ സമ്മാനം പങ്കിട്ട Elinor Ostrom മാണ് ഈ വിഭാഗത്തിൽ ആദ്യ സമ്മാനം നേടുന്നത്.

1901 മുതൽ 2009 വരെ 829 നൊബേൽ സമ്മാന ജേതാക്കളുണ്ട്. ഇവരിൽ 806 വ്യക്തികളും 23 സംഘടനകളുമുണ്ട് (പട്ടിക 1)

**പട്ടിക 1**

| വിഭാഗം | ജേതാക്കളുടെ എണ്ണം | വനിതകൾ |
|---|---|---|
| ഭൗതികം | 187 | 2 |
| രസതന്ത്രം | 157 | 4 |
| വൈദ്യശാസ്ത്രം | 195 | 10 |
| സാഹിത്യം | 106 | 12 |
| സമാധാനം | 97<br>23 സംഘടനകൾ | 12 |
| സാമ്പത്തികം | 64 | 1 |
| ആകെ | 829 | 41 |

മേരി ക്യൂരിക്ക് രസതന്ത്രത്തിലും ഭൗതികത്തിലും നൊബേൽ സമ്മാനം ലഭിച്ചിട്ടുണ്ട്. ലീനസ് പോളിങ്ങ് രസതന്ത്രത്തിലും സമാധാനത്തിലും നൊബേൽ സമ്മാനത്തിനർഹനായി. ജോൺ ബർഡീ ഭൗതികത്തിൽ രണ്ടു പ്രാവശ്യവും ഫ്രെഡറിക് സാൻഗറിന് രസതന്ത്രത്തിൽ രണ്ടുപ്രാവശ്യം നൊബേൽ സമ്മാനം നേടിയിട്ടുണ്ട്. റെഡ് ക്രോസിന് മൂന്നു തവണയും ഐക്യരാഷ്ട്ര സംഘടനയുടെ അഭയാർത്ഥി ഓഫീസിന് രണ്ടു പ്രാവശ്യവും നൊബേൽ സമ്മാനം ലഭിച്ചിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ 802 വ്യത്യസ്ത വ്യക്തികളും 20 വ്യത്യസ്ത സംഘടനകളുമാണ് ഇതുവരെ നൊബേൽ സമ്മാനാർഹരായിട്ടുള്ളത്. 39 വനിതകൾക്കാണ് ഇതുവരെ ഈ സമ്മാനം ലഭിച്ചിട്ടുള്ളത്.

| ഭൗതികം | വൈദ്യശാസ്ത്രം |
|---|---|
| Marie Curie<br>(1903)<br>Maria Goeppert-Meyer<br>(1963) | Gerty Cori (1947)<br>Rosalyn Yalow<br>(1977)<br>Barbara Mclutock<br>(1983)<br>Rita Levi-Montalcini<br>(1986) |

| രസതന്ത്രം |
|---|
| Marie Curie<br>(1911)<br>Irene Joliot Curie<br>(1935)<br>Dorthy Crowfout Hodgkin<br>(1964)<br>Ada E. Yonath<br>(2009) |

വൈദ്യശാസ്ത്രത്തിൽ പത്തു പ്രാവശ്യവും, സാഹിത്യത്തിനും സമാധാനത്തിനും പന്ത്രണ്ട് പ്രാവശ്യവും വനിതകൾ നൊബേൽ സമ്മാനർഹരായിട്ടുണ്ട്.

1901 നും 1925 നുമിടയിൽ നാല് പ്രാവശ്യമാണ് വനിതകൾ നൊബേൽ സമ്മാനാർഹരായത്. 1925 നും 1950 നുമിടയിലിത് എട്ടായി വർദ്ധിച്ചു. എന്നാൽ 1950 നും 1975 നുംമിടയിലിത് വീണ്ടും മൂന്നായി കുറഞ്ഞു. 1975 നും 2000ത്തിനുമിടയിൽ 15 വനിതകൾക്ക് നൊബേൽ സമ്മാനം ലഭിച്ചു. 2000നു ശേഷം ഇതുവരെ 11 വനിതകൾ നൊബേൽ സമ്മാനം നേടി. നൊബേൽ സമ്മാനം നേടുന്ന വനിതകളുടെ എണ്ണം കുറയാനുള്ള കാരണങ്ങൾ എന്തൊക്കെയായിരിക്കും? ഇതു സംബന്ധിച്ചുള്ള പഠനവും ചർച്ചയും തീർച്ചയായുമുണ്ടാകേണ്ടതാണ്.

2009 ൽ നൊബേൽ സമ്മാനം നേടിയ 13 പേരിൽ അഞ്ച് വനിതകളുണ്ടെന്നത് ഒരു നല്ല തുടക്കമായി നമുക്കു കരുതാം! ശാസ്ത്ര സാങ്കേതികമേഖലകളിൽ കൂടുതൽ വനിതകൾ കടന്നു വരുമെന്നും കൂടുതൽ വിജയങ്ങൾ കരസ്ഥമാക്കുമെന്നും നമുക്കു പ്രത്യാശിക്കാം!

**2009 ൽ നൊബേൽ സമ്മാനം നേടിയ വനിതകൾ**

| | |
|---|---|
| **വൈദ്യശാസ്ത്രം**<br>Elizebeth.H.Blackburn<br>Carol.W.Grieder<br>(Jack.W.Szostak മായി പങ്കിട്ടു | **രസതന്ത്രം**<br>Ada. A. Yonath<br>(Venkataraman Ramakrishnan, Thomas A. Steiz എന്നിവരുമായി പങ്കിട്ടു) |
| **സാഹിത്യം**<br>Herk Muller | **സാമ്പത്തിക ശാസ്ത്രം**<br>Elinor Ostrom<br>(Oliver.E.Williamson മായി പങ്കിട്ടു) |

**കെ. എസ്. ജയചന്ദ്രൻ**
*എസ്.കെ.വി. കോളജ്, തൃശ്ശൂർ*
*കൺവീനർ, എ.കെ.പി.സി.ടി.എ സർവ്വീസ് സെൽ*

# 1.1.2006 ന് മുമ്പ് വിരമിച്ച അധ്യാപകരുടെ പെൻഷൻ പുനർ നിർണ്ണയം

1.7.2004 മുതൽ സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും പെൻഷനും പരിഷ്ക്കരിച്ചപ്പോൾ, യു.ജി.സി. എ.ഐ.സി.ടി.ഇ ശമ്പളഘടനയിലുള്ള കോളജ് അധ്യാപകരുടെ പെൻഷൻ പരിഷ്ക്കരണം പിന്നീട് ഒരവസരത്തിലേക്ക് മാററിവെക്കുകയാണുണ്ടായത്. 1.1.2006 മുതൽ പ്രാബല്യത്തിൽ വരേണ്ട യു.ജി.സി / എ.ഐ.സി.ടി.ഇ ശമ്പളപരിഷ്ക്കാരം നടപ്പിലാകാത്ത സാഹചര്യത്തിലാണ് സംസ്ഥാന ഗവൺമെൻറ് ഇങ്ങനെയൊരു തീരുമാനം എടുത്തത്. എന്നിരുന്നാലും. '1.7.2004 ന് മുമ്പ് യു.ജി.സി. നിരക്കിലുള്ള ശമ്പളം വാങ്ങിക്കൊണ്ട് വിരമിച്ച അധ്യാപകർക്ക് ഒരു താത്ക്കാലിക പെൻഷൻ പരിഷ്ക്കരണം സംസ്ഥാന ഗവൺമെൻറ് അനുവദിച്ച് കൊടുത്തിരുന്നു. (28/2/2007 ലെ GO(P) 81/2007 നമ്പറായുള്ള ധനവകുപ്പിൻെറ ഉത്തരവ്) അടിസ്ഥാന പെൻഷൻെറ കൂടെ 6 ശതമാനം ഫിററ്മെൻറ് ആനുകൂല്യവും 59 ശതമാനം വരുന്ന ക്ഷാമാശ്വാസവും ലയിപ്പിച്ചാണ് പെൻഷൻ താത്ക്കാലികമായി പരിഷ്ക്കരിച്ചത്.

1.7.2004 മുതൽ യു.ജി.സി/എ.ഐ.സി.ടി.ഇ ശമ്പളഘടനയിലുള്ള കോളജ് അധ്യാപകരുടെ അടിസ്ഥാനശമ്പളത്തിൻെറ കൂടെ അതിൻെറ 50 ശതമാനം വരുന്ന ക്ഷാമബത്ത (ഡിയർനസ്സ്പേ) ലയിപ്പിക്കുകയുണ്ടായല്ലോ. അതുകൊണ്ട്, 1.7.2004 ന് ശേഷം വിരമിച്ച അധ്യാപകരുടെ അടിസ്ഥാന പെൻഷൻ കണക്കാക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിൻെറ 50 ശതമാനം വരുന്ന ഡിയർനസ്സ്പേയും കൂടി കണക്കിലെടുക്കണം എന്ന് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (1/3/2007 ലെ ധനവകുപ്പിൻെറ GO(P) 84/2007 നമ്പർ ഉത്തരവ് ). മുകളിൽ കൊടുത്തിട്ടുള്ള രണ്ട് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ യു.ജി.സി. ശമ്പളഘടനയിൽ നിന്ന് വിരമിച്ച അധ്യാപകരുടെ പെൻഷൻ താത്ക്കാലികമായി പരിഷ്ക്കരിച്ചിരിക്കുകയാണ്. 1.1.2006 മുതൽ നടപ്പാക്കേണ്ടിയിരിക്കുന്ന യു.ജി.സി ശമ്പളപരിഷ്ക്കരണ നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ ഇത്തരത്തിലുള്ള അധ്യാപകരുടെ അടിസ്ഥാന പെൻഷൻ പൂർണ്ണമായി നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.


1.1.2006 ന് ശേഷം വിരമിച്ച അധ്യാപകരുടെ പെൻഷൻ പുനർനിർണ്ണയത്തിന് തർക്കങ്ങൾ ഒന്നും ഉണ്ടാകാൻ സാധ്യതയില്ല. പുതുക്കിയ നിരക്കിലുള്ള അടിസ്ഥാന ശമ്പളത്തിൻെറ (പേബാൻറിലെ ശമ്പളവും അക്കാദമിക് ഗ്രേഡ് പേയും കൂട്ടിക്കിട്ടുന്ന തുക) അടിസ്ഥാനത്തിലായിരിക്കും അടിസ്ഥാന പെൻഷൻ. എന്നാൽ 1.1.2006 ന് മുമ്പ് ആറാം യു.ജി.സി. ശമ്പളപരിഷ്ക്കാരം ലഭിക്കാതെ വിരമിച്ച അധ്യാപകരുടെ പെൻഷൻ പൂർണ്ണമായി എങ്ങനെ പുനർ നിർണ്ണയിക്കാം എന്നത് ചർച്ച ചെയ്യേണ്ട വിഷയമാണ്.

1.9.2008 ലെ 38/37/08- P&P W(A) നമ്പർ കേന്ദ്രഗവൺമെൻറ് ഉത്തരവിൻേറയും 15/12/2009 ലെ 15.1.2009 IFD/u II നമ്പറായി കേന്ദ്ര മനുഷ്യവിഭവശേഷിവകുപ്പ് യു.ജി.സിക്ക് അയച്ചകത്തിൻേറയും അടിസ്ഥാനത്തിൽ, 1.1.2006 ന് മുമ്പ് കേന്ദ്രഗവൺമെൻറ്, നിയന്ത്രണത്തിലുള്ള കോളജുകളിൽ നിന്നും യൂണിവേഴ്സിററികളിൽ നിന്നും വിരമിച്ച അധ്യാപകരുടെ പെൻഷൻ പുനർനിർണ്ണയം താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

1. 1.1.2006 ലെ അടിസ്ഥാന പെൻഷൻ
2. അടിസ്ഥാനപെൻഷൻെറ 50 ശതമാനം വരുന്ന ഡിയർനസ് പെൻഷൻ
3. 1.1.2006 ൽ 50 ശതമാനം ലയിപ്പിച്ചതിന് ശേഷമുള്ള 24 ശതമാനം വരുന്ന ക്ഷാമാശ്വാസം (അടിസ്ഥാനപെൻഷനും 50 ശതമാനം ക്ഷാമാശ്വാസവും ചേർത്ത് ലഭിക്കുന്ന തുകയുടെ)
4. നിലവിലുള്ള അടിസ്ഥാന പെൻഷൻ (50% ക്ഷാമാശ്വാസം ലയിപ്പിക്കുന്നതിന് മുമ്പുള്ളത്) 40 ശതമാനം വരുന്ന ഫിററ്മെൻറ് വെയിറേറജ്.

ഇവ നാലും കൂട്ടിക്കിട്ടുന്ന തുകയാണ് 1.1.2006 ന് മുമ്പ് വിരമിച്ച അധ്യാപകരുടെ നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന പെൻഷൻ. 1.1.2006 മുതൽ പുനർക്രമീകരിച്ചിരിക്കുന്ന ക്ഷാമാശ്വാസവും അടിസ്ഥാന പെൻഷൻെറ കൂടെ ലഭിക്കും. പുതുക്കിയ ക്ഷാമാശ്വാസം പ്രാബല്യത്തിൽ വരുന്ന തീയതിയും പുതുക്കിയ ക്ഷാമാശ്വാസ നിരക്കും (ബ്രാക്കററിൽ) താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ്.

**Vinodkumar Edachery**
*RSM SNDP Yogam College, Koyilandy*



# Hospital

Medical treatment
A vain luxury for some
Length of deathpain extends
Till money is drained enough
From longer pockets
Stars fall down
From their unfathomable heights
Doves brtually stoned
In the tin-coated iron boxes
That move intermittantly
Before our blind eyes
Lie paralysed bodies
of infants, to be received
Un noticed by any one
From a remote, dark corner
of the premises....
True, it smells a rat.
Blood gushes out
From the deep wounds of pain
Sore heart burns black
like a burning wick
About to go out
For want of oil

---

1.1.2006 (0%), 1.7.2006(2%), 1.1.2007 (6%) 1.7.2007(9%), 1.1.2008 (12%), 1.7.2008 (16%), 1.1.2009 (22%), 1.9.2009 (27%)

12000-420-18300 ശമ്പളസ്കെയിലിൽ, സെലക്ഷൻ ഗ്രേഡ് ലക്ചററായി / റീഡറായി 3 വർഷം സർവീസ് പൂർത്തിയാക്കിയതിന് ശേഷം ഇത്തരത്തിൽ വിരമിച്ച അധ്യാപകരുടെ ശമ്പളം 9000 രൂപാ ഗ്രേഡ് പേയോടു കൂടി 37400-67000 എന്ന പേ ബാൻറിൻെറ മിനിമത്തിൽ നിർണ്ണയിച്ചതിന്ശേഷം വേണം അവരുടെ പെൻഷൻ ആത്യന്തികമായി പുനർനിർണ്ണയിക്കേണ്ടത് എന്ന് കേന്ദ്ര ഗവൺമെൻറ് വ്യക്തമാക്കിയിട്ടുണ്ട്. അതായത്, സെലക്ഷൻ ഗ്രേഡിൽ /റീഡറായി 3 വർഷം സർവീസ് പൂർത്തിയാക്കിയതിന്ശേഷം 1.1.2006 ന് മുമ്പ് വിരമിച്ച അധ്യാപകരുടെ ചുരുങ്ങിയ പെൻഷൻ 37400 ഉം 9000 ഉം കൂട്ടിക്കിട്ടുന്ന തുകയായ 46400ൻെറ പകുതി 23200 രൂപ ആയിരിക്കും. (സംസ്ഥാനത്ത് നിലവിലുള്ള പെൻഷൻ നിയമമനുസരിച്ച് 30 വർഷത്തെ സർവ്വീസിന് ശേഷം വിരമിച്ച അധ്യാപകർക്ക് മാത്രമേ 23200 എന്ന ചുരുങ്ങിയ പെൻഷന് അർഹതയുണ്ടാകുകയുള്ളൂ. മുപ്പത് വർഷത്തിൽ താഴെ സർവ്വീസുള്ള അധ്യാപകരുടെ പെൻഷന് ആനുപാതികമായ കുറവുണ്ടാകും)

1.1.2006 മുതൽ നടപ്പാക്കുന്ന ആറാം ശമ്പള പരിഷ്കാരം സംസ്ഥാനത്ത് നടപ്പാക്കി കഴിഞ്ഞാൽ 1.1.2006ന് മുമ്പ് വിരമിച്ച കോളജ് അധ്യാപകരുടെ പെൻഷൻ പുനർനിർണ്ണയം മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ വേണ്ടതാണ്. അതിനുള്ള സംസ്ഥാന ഗവൺമെൻറ് ഉത്തരവുകൾ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രൊഫ. കെ. എസ്. ജയചന്ദ്രൻ
മേഘന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971

**പ്രമോദ് വെള്ളച്ചാൽ**
*എം.ജി.കോളജ്, ഇരിട്ടി*




# പ്രണയിക്കും മുമ്പ്
## ജാതി സർട്ടിഫിക്കററ് ചോദിച്ചു വാങ്ങണോ?

കുരങ്ങനിൽ നിന്ന് മനുഷ്യനിലേക്ക് ഒരു പരിണാമ യാത്രപോലെ നമ്പൂരിയിൽ നിന്നും മനുഷ്യനിലേക്കുള്ള മനുഷ്യത്വപരമായ വികാസം സംഘം ബോധം കൊണ്ടും സംഘബലം കൊണ്ടും സാധ്യമാക്കിയ സമരോൽസുകമായ ചരിത്ര സന്ദർഭമായിരുന്നു കേരളീയ നവോത്ഥാനം ചരിത്രത്തിൽ അടയാളപ്പെടുത്തിയത്. അയിത്തപിശാചുക്കളെ തല്ലിയോടിച്ച് മിശ്രഭോജനവും മിശ്രവിവാഹവും വിധവാവിവാഹവും സാധ്യമാക്കിയത് പുരോഗമന ആദർശചിന്തകളുടെ വേലിയേററങ്ങളായിരുന്നു. മത സാമുദായിക പരിവർത്തനങ്ങളും ദേശീയ സ്വാതന്ത്ര്യസമര കാഹളങ്ങളും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ മനുഷ്യപററും ഒന്നിച്ച് കൈകോർത്ത് നിർമ്മിച്ച ഒരു പുത്തൻ അന്തരീക്ഷം തന്നെയായിരുന്നു അത്. ഹോമങ്ങളിലും മന്ത്രങ്ങളിലും അന്ധവിശ്വാസങ്ങളിലും തലകുത്തിവീണുപോയ ഒരു സമൂഹത്തെ നിവർത്തിനിർത്തി ജീവിതവുമായി ബന്ധപ്പെട്ട മുദ്രാവാക്യങ്ങൾ ഉച്ചത്തിൽ വിളിക്കാൻ പഠിപ്പിച്ച ഒരു രാഷ്ട്രീയ സാക്ഷരത നവോത്ഥാന ചരിത്രത്തിന്റെ അഭിമാനകരമായ മുതൽക്കൂട്ടുതന്നെയാണ്. ഇ എം എസിന്റെ നേതൃത്വത്തിലുള്ള ആദ്യകമ്മ്യൂണിസ്റ്റ് മന്ത്രിസഭ പിരിച്ചുവിടപ്പെട്ടപ്പോൾ കേരളത്തിൽ പിറവിയെടുത്ത ഒരു അവിശുദ്ധകൂട്ടുകെട്ടുണ്ട്. അത് കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയവും മതസാമുദായിക സംഘടനകളും സ്വദേശി വിദേശ മുതലാളിത്തവും, പിന്നെ സാമ്രാജ്യത്വവും ഒരുമിച്ചു നിന്നു രൂപം കൊടുത്ത മൂലധന മാഫിയ തന്നെയാണ് മൂലധനം എന്ന അടിത്തറയിൽ നിർമ്മിച്ച ഉപരിഘടനകളാണ് മതവും സമുദായവും ജനാധിപത്യരാഷ്ട്രീയവും അധിനിവേശ തന്ത്രങ്ങളും എന്ന് പകൽപോലെ വ്യക്തമാണെങ്കിലും അത് തിരിച്ചറിയുന്ന സാമൂഹ്യവീക്ഷണം പ്രബലമാകുന്നില്ല. അതുകൊണ്ട് തന്നെ മനുഷ്യത്വപരമായ ഒരൊററ ഉശിരൻ ചോദ്യത്തിനു മുന്നിൽ തകർന്നു വീഴുന്നതാണ് മൂലധന താത്പര്യങ്ങളിൽ പടുത്തുയർത്തിയ മതസാമുദായിക ഗോപുരങ്ങൾ എന്ന് അറിവുള്ള സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു.

മൂലധന വികാസത്തിന്റെ ഫാസിസ്റ്റ് രൂപമായ സാമ്രാജ്യത്വ ആഗോളീകരണം ഉൽപാദിപ്പിച്ചെടുക്കുന്ന സാംസ്കാരിക അധിനിവേശ ആയുധങ്ങളാണ് മതഭീകരതയുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇടപെടലുകൾ എന്ന് സൂക്ഷ്മമായി തിരിച്ചറിയണം. ഇത്തരമൊരു സന്ദർഭം കേരളത്തിൽ ഇന്ന് നിലനിൽക്കുന്നുണ്ട്. ഈ അവസരങ്ങളെ മുതലെടുത്തുകൊണ്ട് മതേതരത്വത്തിന്റെ ഇരുമ്പുകോട്ടകളെ തകർക്കാനും മതാന്ധതയുടെ സംഘർഷ രാഷ്ട്രീയം ശക്തിപ്പെടുത്താനും പല കോണിൽ നിന്നും ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇത്തരമൊരു സന്ദർഭത്തിൽനിന്നും ഉയർന്നുവന്ന പദമാണ് *ലൗജിഹാദ്* ഇന്ത്യയിൽ ബാബറി മസ്ജിദിന്റെ തകർക്കലോടെയുണ്ടായ മതപരമായ ധ്രുവീകരണം ഒരു ഹിന്ദുത്വ/തീവ്ര ഇസ്ലാം പാരസ്പര്യം സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ വളരെ സെൻസിററീവ് ആയി പരിശോധിക്കപ്പെടേണ്ട ഒരു പദവും ആശയവുമാണ് ലൗ ജിഹാദ്.

ഏററവും സമകാലികമായ ഈ പ്രശ്നത്തെ മതേതരത്വത്തിന്റെ പക്ഷത്തുനിന്ന് നോക്കിക്കാണാൻ ശ്രമിക്കുന്ന മലയാളത്തിലെ ആദ്യപുസ്തകം തന്നെയാണ് ഇടതുപക്ഷ സാംസ്കാരിക വിമർശകനും ഫാറൂക് കോളജിലെ മലയാളം അധ്യാപകനുമായ കെ ഇ എൻ എഡിററു ചെയ്ത ലൗ സിന്ദാബാദ്, ലൗ ജിഹാദ് മുർദാബാദ് എന്ന പുസ്തകം. ഇരുപതോളം ലേഖനങ്ങൾ അടങ്ങിയതാണ് ഈ പുസ്തകം.

പുസ്തകം ആരംഭിക്കുന്നത് തന്നെ പി.കെ. പാറക്കടവിന്റെ ചെറിയൊരു 'കഥയോട് കൂടിയാണ്. ഈണക്കുരുവികളിലൊന്നിനെ കൊന്ന കാട്ടാളൻ യാതൊരു സങ്കോചവുമില്ലാതെ പറയുന്നത് 'ഇണക്കുരുവികൾ രണ്ട് മതക്കാരാണ്. പെൺകുരുവിയെ ആൺകുരുവി പ്രണയം നടി

ച്ച് തട്ടിക്കൊണ്ട് വന്നതാണ്'. അതുകൊണ്ട് കോടതിക്കുമുന്നിൽ അയാൾ തന്റെ നിരപരാധിത്വം തെളിയിക്കുമെന്നാണ്. ഇതു കേട്ട വാല്മീകി പിന്നെ രാമായണം എഴുതിയില്ല എന്ന് പറയുന്നിടത്ത് കഥ തീരുന്നു. ലൗ ജിഹാദ് എന്ന് പറയുന്ന ദുരവസ്ഥയെ കൊച്ചു കഥയിലൂടെ ബുദ്ധിപരമാവും രാസകരമായും അവതരിപ്പിക്കയാണ് പാറക്കടവ് ചെയ്തത്.

ലൗ ജിഹാദിന്റെ സാമൂഹ്യരാഷ്ട്രീയ വിവക്ഷകളെ നവോത്ഥാന ചരിത്രത്തിന്റെ സാംസ്കാരിക ദർപ്പണത്തിലൂടെ നോക്കിക്കാണുന്ന ലേഖനമാണ് കെ ഇ എൻ എഴുതിയ *ലൗ ജിഹാദുമായി പുതിയൊരു ബന്ധവുമില്ല* എന്ന ലേഖനം. സാങ്കേതിക വിദ്യകൊണ്ട് ചന്ദ്രയാൻ പര്യവേഷണങ്ങളിലൂടെ സ്വർഗം തൊട്ടുനിൽക്കുന്ന നേട്ടങ്ങൾ ഉണ്ടാക്കുമ്പോഴും സങ്കുചിതമായി മതം എത്രമാത്രം മനുഷ്യമനസ്സിൽ മുഴച്ചു നിൽക്കുന്നു എന്ന് കെ ഇ എൻ സൂചിപ്പിക്കുന്നുണ്ട്. ഇന്ദുമേനോന്റെ *ഹിന്ദുഛായയുള്ള മുസ്ലീം പുരുഷൻ* എന്ന കഥ മുൻനിർത്തിയുള്ള വിചാരം ആചാരത്തിലും അനുഷ്ഠാനത്തിലും പേരിലും മാത്രമല്ല ശരീരത്തിന്റെ ആകൃതിയിൽ പോലും മതം മറഞ്ഞിരിക്കുന്നുണ്ടെന്ന അസ്വസ്ഥ സത്യമാണ് സൂചിപ്പിക്കുന്നത്. മനുഷ്യബന്ധങ്ങളുടെ അകത്തളത്തിലേക്ക് ആരൊക്കെയോ ഇറക്കി വിട്ട ലൗ ജിഹാദ് മിശ്ര പ്രണയങ്ങളെയൊക്കെയും ഇടിച്ചു പൊളിക്കാൻവേണ്ടി കുതറുകയാണ്. മിശ്രവിവാഹങ്ങളെ നിത്യ സന്ദേഹത്തിന്റെ മുൾമുനയിൽ നിർത്തുംവിധം നവോത്ഥാന മൂല്യവ്യവസ്ഥയാണ് ജനാധിപത്യവാദികളിൽ ഒരു വിഭാഗത്തെ പോലും നിസ്സഹായമാക്കിക്കൊണ്ട് ഇന്ന് വെല്ലുവിളിക്കപ്പെടുന്നത് എന്ന് കെ ഇ എൻ സൂചിപ്പിക്കുന്നു.

*ആട്ടിൻ കുട്ടിയും ചെന്നായുമായി സഖ്യം – മിഥ്യാപരമായ ലൗ ജിഹാദിനെതിരെ കേരളത്തിലെ ക്രിസ്ത്യൻ ഗ്രൂപ്പും വി എച്ച് പിയും കൈകോർക്കുന്നു* എന്ന തംപുരിയാനിയുടെ ലേഖനം സംഘപരിവാറിന്റെ അജണ്ടയായിട്ടാണ് ലൗജിഹാദിനെ പരിശോധിക്കുന്നത്. ദേശീയതയെ അടിസ്ഥാനമാക്കിയിട്ടുള്ള മതത്തിന്റെ വക്താക്കൾ മതേതരമായ ഒരു ഇന്ത്യൻ രാഷ്ട്രീയത്തിനെതിരാണെന്നും അതുകൊണ്ട് തന്നെ സമൂഹത്തെ കബളിപ്പിക്കാനുള്ള അവരുടെ മറ്റൊരു തട്ടിക്കൂട്ടലാണ് ലൗ-ജിഹാദെന്നും തംപുരിയാനി വാദിക്കുന്നു.

*ലൗ ജിഹാദ് : പകർപ്പവകാശം ഹിറ്റ്ലർ* എന്ന ഡി. ബാബു പോളിന്റെ ലേഖനവും കവിത കൃഷ്ണന്റെ *ലൗ ജിഹാദ്:ശ്രീരാമസേനയെ കോടതി പ്രോത്സാഹിപ്പിക്കുമ്പോൾ* എന്ന ലേഖനവും ലൗജിഹാദിന്റെ പിറകിലുള്ള ഹിന്ദുത്വ അജണ്ടകളുടെ വേരുകളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ഏതൊരു കോടതിയോ സർക്കാരോ ശ്രമിച്ചാലും സമുദായമേതായാലും സ്നേഹിക്കാനും വിവാഹം കഴിക്കാനുമുള്ള തങ്ങളുടെ സ്വാതന്ത്ര്യത്തിനെതിരായ ഏതൊരു നീക്കത്തെയും രാജ്യത്തുടനീളമുള്ള സ്ത്രീകൾ നിരാകരിക്കുകയും ചെറുക്കുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ലെന്ന് ഓൾ ഇന്ത്യ പ്രോഗ്രസീവ് വിമൻസ് അസോസിയേഷന്റെ സെക്രട്ടറി കൂടിയായ കവിതകൃഷ്ണൻ അടിവരയിട്ടു പറയുന്നുണ്ട്.

*മുസ്ലീം ഭീതിയും ലൗ ജിഹാദും വള്ളത്തോൾ മുതൽ വെള്ളാപ്പള്ളിവരെ* എന്ന സി.പി.രാമചന്ദ്രന്റെ ലേഖനം കേരളീയ പൊതുബോധത്തിൽ അന്തർലീനമായ ഒരു *മുസ്ലീം വിരുദ്ധതയെ* ഇത്തിരി പെരുപ്പിച്ചു കാണിക്കുന്നുണ്ട് എന്ന് പറയാം. വള്ളത്തോളിന്റെയും എം.ടിയുടെയും കുമാരനാശന്റെയും സാഹിത്യ സൃഷ്ടികളിലൂടെയുള്ള ചില അപഗ്രഥങ്ങൾ വെച്ച് കൊണ്ട് സമുദായ നേതാക്കളായ വള്ളാപ്പള്ളിയുടെയും പണിക്കരുടെയും സമീപനങ്ങൾ വരെ എങ്ങിനെയാണ് മുസ്ലീം എന്ന അപരത്വത്തെ അസഹിഷ്ണുതയുടെ കോണിലൂടെ കാണുന്നത് എന്ന് പറയാൻ ശ്രമിക്കുന്നു. സമുദായത്തിന്റെയും നേതാക്കളുടെയും കാഴ്ചപ്പാടുകൾ അംഗീകരിക്കുമ്പോൾ തന്നെ കവിതയിലും സാഹിത്യത്തിലും ഇത്തരം വാദങ്ങളെ അട്ടിമറിക്കാനുള്ള അനവധി ഉദാഹരണങ്ങളും സന്ദർഭങ്ങളും കണ്ടെത്താൻ കഴിയുമെന്നുള്ളതും വസ്തുതയാണ്.

*ഇവർ വിവാഹിതരായാൽ* എന്ന എം. ഋജുവിന്റെ ലേഖനം മിശ്രവിവാഹം എന്ന ആദർശ പ്രണയത്തിന്റെ ചരിത്ര പുസ്തകങ്ങളെ എങ്ങിനെയാണ് ഫോർത്ത് എസ്റേററിന്റെ രൂപത്തിൽ വരുന്ന ഫാസിസം അക്രമിച്ചുപരിക്കേൽപ്പിക്കുന്നത് എന്ന് പരിശോധിക്കുന്നു.

ഒരു ജനാധിപത്യത്തിലെ പൗരന്മാരെന്ന നിലയിൽ തിരഞ്ഞെടുപ്പ് നടത്താനുള്ള സ്ത്രീകളുടെ അവകാശത്തെ ഹനിക്കാനുള്ളതാണ് ലൗജിഹാദിനെക്കുറിച്ചുള്ള സമീപകാലത്തെ കിംവദന്തിപോലുള്ള പ്രചാരണതന്ത്രങ്ങൾ എന്ന് *പ്രണയത്തിനെതിരായ യുദ്ധം* എന്ന ലേഖനത്തിൽ കൽപ്പന ശർമ്മ അഭിപ്രായപ്പെടുന്നു. അത്യന്തികമായി സ്ത്രീകൾക്കുമേൽ കൂടുതൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്ന ദ്രോഹബുദ്ധിയോടെയുള്ള ഇത്തരം പ്രചാരണങ്ങൾ ശരിക്കും സ്വാതന്ത്ര്യവും ജനാധിപത്യപരവുമായൊരു സമൂഹത്തിന്റെ സത്തക്ക് നിരക്കാത്തതാണെന്നും കൽപ്പന ശർമ്മ പറയുന്നു.

ശരീരത്തിലെ പുരുഷ-ജാതി അധികാരം കുടഞ്ഞെറിയുകയെന്നാൽ സ്വന്തം അധികാരം സ്ഥാപിക്കുന്നതിന്റെ ആദ്യപടിയാണ്. ശരീരത്തിന്റെ സ്വാതന്ത്ര്യം സാക്ഷാൽക്കരിക്കുന്ന പ്രണയകലാപത്തിന്റെ മുന്നുപാധി. രതി പൂർണ്ണമല്ല, സംസാരമാണ്. അതാണ് അരുന്ധതി റോയിയുടെ *God of small things* എന്ന നോവലിലെ അമ്മു സാധിച്ചെടുക്കുന്നത് എന്ന *പ്രണയത്തിന്റെ മനഃശാസ്ത്രവും സാമൂഹികശാസ്ത്രവും* എന്ന ലേഖനത്തിൽ പി.പി.സത്യൻ പറയുന്നു. അമ്മുവിന്റെ പ്രണയം ജാതിവ്യവസ്ഥയോടും പുരുഷാധിപത്യത്തോടുമുള്ള സ്ത്രീയുടെ ചരിത്രപരമായ പ്രതികാരം കൂടിയാണെന്ന് അരുന്ധതി റോയി പറയുന്നുണ്ട്.

*പ്രണയത്തിന്റെ കാവിച്ചൂട്ടുകൾ* എന്ന എ.വി. അബ്ദുൾ വഹാബിന്റെ ലേഖനം ആവശ്യപ്പെടുന്നത്. സാംസ്കാര സമ്പന്നതയും സ്നേഹസൗഹാർദ്ധത്തിന്റെ മഹിതപ്പെരുമയുമുള്ള മലയാള മണ്ണിൽ മനുഷ്യബന്ധങ്ങളെ ശിഥിലമാക്കുന്ന വിഷബീജങ്ങളെ നട്ടുമുളപ്പിക്കരുത് എന്ന ആശയമാണ്.

സാംസ്കാരിക വക്രതകളുടെ വർത്തമാനത്തിൽ സ്നേഹവും മാനവികതയും അന്യമാകുന്നതിൽ അത്ഭുതമില്ലെന്നും മതനിരപേക്ഷതയുടെ വെളിച്ചം അണയുകയും ഉപദേശീയതകൾ തുടച്ചു നീക്കപ്പെടുകയും മനസ്സുകൾ സമർത്ഥമായി വർഗീയവൽക്കരിക്കപ്പെടുക

യും പൊതുബോധത്തെ ഫാസിസം നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദുരന്തകാലത്ത് മനുഷ്യബന്ധങ്ങളിൽ മതത്തിന്റെ മുദ്രകുത്തപ്പെടുന്നെന്നും *ലൗ ജിഹാദിന്റെ രാഷ്ട്രീയം* എന്ന ലേഖനത്തിൽ ഡോ. പി. എസ്.ശ്രീകല പറയുന്നു.

മിശ്രവിവാഹങ്ങളെ അട്ടിമറിക്കാനും സ്ത്രീസ്വത്വത്തിനു മുകളിൽ കടന്നു കയറാനുമുള്ള സംഘപരിവാറിന്റെ കിംവദന്തി രാഷ്ട്രീയമാമണ് ലൗജിഹാദെന്ന് കെ. ആർ. മായ പറയുന്നു. *പ്രണയിക്കും മുമ്പ് ജാതി സർട്ടിഫിക്കററ് ചോദിച്ചു വാങ്ങുക* എന്ന് എൻ. എസ്. സജിത്തിന്റെ ലേഖനം മതേതരത്വം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെതന്നെയാണ് ശക്തമായി അവതരിപ്പിക്കുന്നത്. പ്രണയം നിഷിദ്ധം, അഥവാ ഇനി പ്രണയിക്കുന്നുണ്ടെങ്കിൽ തന്നെ അത് സ്വന്തം സമുദായത്തിൽ പെട്ടവരെ മാത്രം എന്നാണ് ലൗ ജിഹാദിന്റെ പൊരുൾ. കേരളം ഇതുവരെ  പൊരുതിനേടിയ നേട്ടങ്ങളെ ഇല്ലായ്മ ചെയ്യുകയാണ് ഇത്തരം പ്രചാരണങ്ങൾ എന്നും പ്രണയിക്കും മുമ്പ് ജാതി സർട്ടിഫിക്കററ് ചോദിച്ചു വാങ്ങാൻ എന്നാണിനി ഇവർ പറയുക എന്നും സജിത് സന്ദേഹിക്കുന്നു.

കമ്പോള വ്യവസ്ഥയുടെ ഹൃദയമില്ലായ്മ എങ്ങിനെയാണ് പ്രണയത്തെ വലിയൊരു കുററകൃത്യമായി കാണുന്നതെന്ന് പരിശോധിക്കുന്ന ലേഖനമാണ് ഷംസുദീൻ പി.കുർട്ടാത്തിന്റെ *പ്രണയം എന്ന കുററകൃത്യം ഇതാ കള്ളൻ വരുന്നേ..... സൂക്ഷിച്ചോ?* എന്ന ലേഖനത്തിൽ എം.ജി. ഒലീന പറയുന്ന വളരെ പ്രധാനപ്പെട്ട ഒരു സംഗതിയുണ്ട്. വിദഗ്ദ്ധനായ കള്ളൻ ഇതാ കള്ളൻ വരുന്നു' വെന്നാർത്തു വിളിച്ച് മുമ്പേ പായുമ്പോൾ നമ്മളും അറിയാതെ കള്ളനെത്തേടിയോടാൻ പ്രേരിതരാകുന്നു. ഫലത്തിൽ യഥാർത കള്ളൻ രക്ഷപ്പെടുന്നുവെന്ന് മാത്രമല്ല കള്ളനെക്കുറിച്ചുള്ള യാഥാർത്ഥ്യം തന്നെ പൊതുബോധത്തിൽ വ്യത്യസ്തമായി ഇടം തേടുകയും ചെയ്യുന്നു. ഈയൊരു കള്ളന്റെ ഒളിവിദ്യയാണ് ഇന്ന് പ്രബുദ്ധ കേരളം നേരിട്ടു കൊണ്ടിരിക്കുന്ന പ്രധാന  വൈതരണി.' മാധവിക്കുട്ടിയുടെയും കെ.ടി. മുഹമ്മദിന്റെയും രചനകളെ മുൻനിർത്തി ഒലീന പറയാൻ ശ്രമിക്കുന്നതും വീണ്ടെടുക്കാൻ ശ്രമിക്കുന്നതും ചരിത്രപരമായി മനുഷ്യന്റെ പോരാട്ട ചരിത്രം നിർമ്മക്കപ്പെടുന്ന മതേതര സ്വത്വം തന്നെയാണ്. *വിശുദ്ധ അനുഭവങ്ങൾ* എന്ന കെ. എസ്.വെങ്കിടാചലത്തിന്റെ ലേഖനം ആരംഭിക്കുന്നത് നാളയിൽ സംഭവിച്ചേക്കാവുന്ന വലിയൊരാപത്തിനെ സൂചിപ്പിച്ചുകൊണ്ടാണ്. *സ്നേഹം* എന്ന വാക്ക് ഭയത്തിന്റെയും സംശയത്തിന്റെയും പര്യായമായി മാറുകയാണോ? ഇന്നെല്ലങ്കിൽ നാളെ അല്ലെങ്കിൽ അടുത്ത ഭാവിയിൽ അങ്ങനെ ആയിത്തീരുമെങ്കിൽ നമ്മൾ *നന്ദി* പറയേണ്ടത് ആരോടാണെന്ന് ലൗജിഹാദുപോലെയുള്ള  ചർച്ചാവേദിയിൽ നിന്നുകൊണ്ട് അദ്ദേഹം ചോദിക്കുന്നു. *The fear of being touched* എന്ന ലേഖനത്തിൽ *(The crowd and power)* ഏലിയാസ് കാനേററി എഴുതിയതുപോലെ അറിയാതെ ദേഹത്ത് തട്ടിപ്പോയവനോട് വെറുപ്പും വിരോധവും വച്ചു പുലർത്തുന്ന സ്വന്തം വ്യക്തി വൃത്തങ്ങളിൽ ഒതുങ്ങുന്ന മനുഷ്യസമീപനങ്ങൾ സ്നേഹത്തേയും പ്രേമത്തെപ്പോലും ഭയത്തിന്റെ പര്യായമാക്കി മാററുന്ന സാംസ്കാര മലിനീകരണത്തിന് ആക്കം കൂട്ടുമെന്ന് വെങ്കിടാചലം സൂചിപ്പിക്കുന്നു.

*പ്രണയത്തിന്റെ ലാവണ്യം* എന്ന സുജസൂസൻ ജോർജിന്റെ ലേഖനവും ഇപ്പോൾ പ്രണയിക്കാതിരിക്കുന്നത് എത്ര ഭാഗ്യമെന്ന കെ. എ. സൈഫുദ്ധീനിന്റെ ലേഖനവും ഇതേ ആശയം തന്നെയാണ് അവതരിപ്പിക്കുന്നത്.

ഈ പുസ്തകത്തിലെ ഒടുവിലത്തെ ലേഖനമാണ് പുസ്തകത്തിന്റെ തലക്കെട്ടു കൂടിയായ കെ ഇ എൻ എഴുതിയ ലൗ സിന്ദാബാദ് ലൗജിഹാദ് മുർദാബാദ്' മുഹമ്മദലിജിന്നയുടേത് ഒരു മിശ്രവിവാഹമായിരുന്നു എന്നും മതേതരവാദിയായ ദീൻഷാപെററിററിന്റെ മകളെ തനിക്ക് വിവാഹം ചെയ്തുതരണമെന്ന് ജിന്നക്കാവശ്യപ്പെട്ടപ്പോൾ ദിൻഷാപെററിററിന്റെ മതേതരത്വം അവസാനിച്ചു എന്നും ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. ജിന്നക്കെതിരെ ദിൻഷാ കോടതിയിൽ കേസ് കൊടുത്തപ്പോൾ ജിന്നയെ  ഞാനാണ്തട്ടിക്കൊണ്ടുവന്നതെന്ന് ദീൻഷയുടെ മകൾ റൂട്ടി പറഞ്ഞുവെത്ര. പക്ഷെ അതേ ജിന്ന സ്വന്തം മകൾ ഒരു ക്രിസ്ത്യാനി യുവാവിനെ പ്രണയിച്ചപ്പോൾ ചോദിച്ചത്, ആയിരക്കണക്കിന് മുസ്ലീം യുവാക്കൾ ഉള്ളപ്പോൾ നിനക്ക് ഒരു ക്രിസ്ത്യാനിയെ മാത്രമേ കിട്ടിയുള്ളു എന്നാണ്. ആയിരക്കണക്കിന് മുസ്ലീം സ്ത്രീകളുണ്ടായിരുന്നിട്ടും നിങ്ങളെന്തിനാണ് ഒരു പാർസി പെണ്ണിന്റെ പിറകെ പോയതെന്ന് ജിന്നയോട് മകളും ചോദിച്ചുവത്രെ. മതേതരത്വം മുന്നോട്ടുവെക്കുന്ന ചിലചരിത്ര വൈരുദ്ധ്യങ്ങൾ ഇങ്ങനെയാണെന്ന് കെ ഇ എൻ തുറന്നു കാട്ടുന്നുണ്ട്. മോത്തിലാൽ നെഹ്റുവും ഗാന്ധിജിപോലും മതേതരബോധത്തെ വ്യക്തിതാത്പര്യത്തിന്റെ മുന്നിൽ അടിയറവെച്ചവരായി സന്ദർഭത്തെ ഉദ്ധരിച്ചുകൊണ്ട് അവതിരിപ്പിക്കുന്നുണ്ട്. വളരെ പ്രസക്തമായ ഒട്ടനവധി കാര്യങ്ങൾക്കൊടുവിൽ ലേഖനം അവസാനിപ്പിക്കുന്നത് നാളെ ഒരു പക്ഷെ മനുഷ്യൻ പോരാട്ടങ്ങളിലൂടെ നിർമ്മിച്ചതും സംരക്ഷിക്കാൻ ശ്രമിക്കുന്നതുമായ മതേതരത്വം ഭയത്തോടെ കോടതിമുറിയിൽ നിൽക്കുന്ന രംഗമാണെന്ന് കെ ഇ എൻ പറയുന്നു.

ഒരു പ്രണയം പൊളിക്കാൻ വേണ്ടി മാത്രം തന്നെയൊരു ഭീകരവാദിയാക്കല്ലേ എന്ന് മാത്രമായിരിക്കും രക്ഷിതാക്കൾക്കെല്ലാം കോടിതിയിൽ വരുന്ന മുൻപ്രണയിനികളോട് പരിത്യകർതരായ ആ പഴയ ആൺ പ്രണയികൾ നാളെ മുതൽ അപേക്ഷിക്കാൻ പോകുന്നത്. *നക്ഷത്രങ്ങളെ തീപ്പട്ടിക്കുള്ളിലാക്കിത്തരാം* എന്നൊക്കെ പ്പറഞ്ഞ അതേ നാവുകൊണ്ട് എന്നെ ഒററികൊടുക്കല്ലേ എന്ന് അവർ അപേക്ഷിക്കുമ്പോൾ ആർദ്രകമായ  മനുഷ്യ ബന്ധങ്ങളുടെ ആകാശത്ത് നിന്ന് ഒരു നക്ഷത്രം കൂടി മിഴിപൊത്തുന്നുണ്ടാവും.

വിലക്കുകളുടെ പുതിയ നീതിശാസ്ത്രങ്ങൾ രൂപപ്പെടുത്തി മതസമൂഹങ്ങളെ പാരസ്പര്യത്തിന്റെ  വൈരാഗ്യങ്ങളിൽ മത്സരിച്ച് ചരിത്രത്തിന്റെ കലക്കുവെള്ളത്തിൽ മീൻ പിടിക്കുന്ന തന്ത്രം ആരുടേതെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള അറിവും ബാധ്യതയും ഒരു മതേതര ജനാധിപത്യസമൂഹത്തിനുമാത്രമാണെന്ന തിരിച്ചറിവാണ് ഈ പുസ്തകം മുന്നോട്ട് വെക്കുന്ന സാംസ്കാരിക സത്ത. ലോർക്ക, നെരൂദ, തോമസ് ഇ ഡോണഹു, വൈരമുത്തു,ബഷീർ, സരോജിനി സാഹു, മഹമ്മൂദ് ദർവീഷ് എന്നിവരുടെ സാഹിത്യ രചനകളുടെ സൗന്ദര്യവും ഈ പുസ്തകത്തെ വ്യത്യസ്തമാക്കുന്നു.

കണ്ണൂർ- കാസർഗോഡ്

# അക്കാദമിക് സെമിനാർ




എ.കെ.പി.സി.ടി.എ കണ്ണൂർ-കാസർഗോഡ് ജില്ലാ അക്കാദമിക് കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഏകദിന അക്കാദമിക് സെമിനാർ 19.12.09 ശനിയാഴ്ച കണ്ണൂർ കെ.എസ്.ടി.എ ഹാളിൽ വച്ചു നടന്നു. 2009-10 വർഷം നടപ്പിൽ വരുത്തിയ സി.സി.എസ്.എസ് പരിഷ്കാരങ്ങളുടെ അവലോകനമായിരുന്നു സെമിനാറിന്റെ മുഖ്യ വിഷയം. കണ്ണൂർ സർവ്വകലാശാലയ്ക്കു കീഴിലുള്ള വിവിധ കോളജുകളിൽ നിന്നും അറുപതോളം പേർ പങ്കെടുക്കുന്ന സെമിനാറിൽ കണ്ണൂർ സർവ്വകലാശാല പ്രോവൈസ് ചാൻസലർ ഡോ.എ.പി.കുട്ടികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് ഡോ.പി.ബാലകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ.കെ.ശശിധരൻ മുഖ്യപ്രഭാഷണം നടത്തി. തുടർന്നു നടന്ന ചർച്ചകൾക്ക് മോഡറേററന്മാരായിരുന്ന ഡോ.പ്രദീപ്കുമാർ, ശ്രീ.വി.കുട്ട്യേൻ എന്നിവർ സംഘടനയ്ക്കുവേണ്ടിയും സർവ്വകലാശാലയ്ക്കുവേണ്ടിയും മറുപടി പറഞ്ഞു. ജില്ലാ സെക്രട്ടറി ഡോ.പി.പി.രവീന്ദ്രൻ ചർച്ചകൾക്കു നേതൃത്വം നൽകി. ജില്ല അക്കാദമിക് കൺവീനർ ഡോ. ജെയിംസ് പോൾ സ്വാഗതവും ശ്രീ പ്രമോദ് വെള്ളച്ചാൽ നന്ദിയും രേഖപ്പെടുത്തി. പഠന-പരീക്ഷാബോർഡുകളുടെ ചെയർമാൻ സ്ഥാനം വഹിക്കുന്ന എ.കെ.പി.സി.ടി.എ അംഗങ്ങളടക്കം നിരവധി പേർ സജീവമായി ചർച്ചയിൽ പങ്കെടുക്കുകയും വരും സെമസ്റററുകളുടെ പ്രവർത്തനങ്ങൾക്ക് മാർഗദർശകമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

തൃശ്ശൂർ

# വനിതാ കൺവെൻഷൻ

തൃശ്ശൂർ ജില്ല വനിതാ കൺവെൻഷൻ 2009 ഡിസംബർ 12 ശനിയാഴ്ച ശ്രീ കേരളവർമ്മ കോളജിൽ വച്ച് നടന്നു. എ.കെ. പി. സി.ടി. എ സംസ്ഥാന വനിതാ കൺവീനർ ഡോ. ലേഖ നരേന്ദ്രൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയിൽ സ്ത്രീകൾ വഹിച്ച പങ്കിനെയും അവർ അവിടെ നിന്ന് മാററപ്പെട്ടതിനേയും ചരിത്രലക്ഷ്യം വച്ച് വിശദീകരിച്ചുകൊണ്ട് ഉദ്ഘാടകർ സംസാരിച്ചു. അഡ്വ. ഫരിദാ അൻസാരി പ്രഭാഷണം നടത്തി. പല നിയമങ്ങളിലേയും പഴുതുകളെക്കുറിച്ചും, നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്ന നിയമങ്ങളുടെ നിലനില്പിന്റെ ആവശ്യകതയെക്കുറിച്ചും അവർ ഉദാഹരണങ്ങളിലൂടെ വിശദീകരിച്ചു. പ്രൊഫ. ടി. എ. ഉഷാകുമാരി തുടങ്ങി വെച്ച ചർച്ചയിൽ പ്രൊഫ. സി. വിമല, ഡോ. ഡി. ഷീല തുടങ്ങിയവർ പങ്കെടുത്ത്. ഡോ. പി. കെ. ഷീല ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. വി. കെ. കുശലകുമാരി സ്വാഗതവും ഡോ. കെ. എം. ഗീത നന്ദിയും പറഞ്ഞു.

എറണാകുളം

# പുസ്തക പ്രകാശനം



കാലടി ശ്രീ ശങ്കരകോളജ് അധ്യാപകൻ ഡോ. കെ. കൃഷ്ണദാസ് കടമ്മാട് എഴുതിയ *Rice Economy and Kerala Model of Clustering* എന്ന പുസ്തകത്തിന്റെ പ്രകാശനം ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ നിർവ്വഹിക്കുന്നു . എം. ജി. സർവ്വകലാശാല പ്രൊ. വൈസ് ചാൻസലർ ഡോ . രാജൻവർഗീസ് പുസ്തകം ഏററുവാങ്ങി

# CURRENT BOOKS THRISSUR

**ROUND WEST ,THRISSUR 680 001**
**PH: 0487-2335660,FAX:0487-2335642**

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature,

Fiction, Drama, Cinema, Journalism, Poetry,

Philosophy, Psychology, Sociology, Politics,

History, Economics, Commerce, Mathematics,

Botany, Zoology, Chemistry, Physics, Medical,

Computer, Engineering, Law, Electronics,

Mechanical, Civil, Chemical Engineering,

Veterinary, Agriculture, Aquaculture, etc.

## COSMO BOOKS


HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

# A Cow on the Lane

**K.V. Dominic**
*Newman College, Thodupuzha*



The train will leave at 5 am;
fifteen minutes remain,
and five more miles to drive.
Lo, a cow lies on the lane!
The horn sounded stormily.
The cow retorted smiling:
"Don't disturb my slumber."
Her posture reminds me
of Hanuman blocking
the journey of Bhimasena,
seeking kalyanasaugandhika
flower for his Draupadi;
how elder brother Hanuman
pricked his arrogant brother's
bubble of ego and insolence.
"Dear cow, kindly clear the road,"
I pleaded her with folded hands.
"This world is not your grandpa's.
It's so vast and wide.
Can't you take another route?"
What she said is right.
Like Bhimasena, my ego crumbled;
I drove my car backwards;
took another lane and reached
the station just on time.

വായനയുടെ വ്യത്യസ്തതലങ്ങൾ


പ്രൊഫ. ആദിനാട് ഗോപി രചിച്ച
അഞ്ച് പുസ്തകങ്ങൾ



**മലയാളവ്യാകരണം ഒരു സമഗ്ര പഠനം**
മലയാളവ്യാകരണ പഠിതാക്കൾക്ക് അനിവാര്യമായ
ഏറ്റവും മികച്ച റഫറൻസ് ഗ്രന്ഥം.



**മലയാളം – ശൈലി പ്രയോഗം ലിപി**
മലയാളഭാഷയുടെ ആത്മാവിനെ സ്പർശിക്കുന്ന
വ്യത്യസ്തമായ ഭാഷാശാസ്ത്രലേഖനങ്ങളുടെ സമാഹാരം



**ശ്രീമദ് ഭഗവദ്ഗീത**
വേദാന്തസാരസർവ്വസ്വമായ ഭഗവദ്ഗീതയ്ക്ക്
പദ്യരൂപത്തിലുള്ള ഏറ്റവും ലളിതമായ മൊഴിമാറ്റം



**സമകാലികം**
വർത്തമാനകാലത്തിന്റെ മൂല്യച്യുതികളോട് ശക്തമായി
പ്രതികരിക്കുന്ന, പ്രതിഷേധിക്കുന്ന കവിതകൾ.



**മലയാള കവിത വേറിട്ട കാഴ്ചകൾ**
മലയാളത്തിലെ കവിശ്രേഷ്ഠൻമാരുടെ
കാവ്യപ്രപഞ്ചങ്ങളെ പുതിയൊരു കാഴ്ചപ്പാടിൽ
വിലയിരുത്തുന്ന നിരൂപണകൃതി.

ആകെ മുഖവില 660 രൂപ
ഒരുമിച്ച് 500 രൂപ
പോസ്റ്റേജ്/ കൊറിയർ
ചാർജ് സൗജന്യം
തുക എം. ഒ/ ഡി.ഡി
അയയ്ക്കുക

**RACHANA BOOKS**
266 Sree Nagar
Kollam - 691021
Phone: 0474-2763638
Mob: 9447416577

# എ.കെ.പി.സി.ടി.എ

# സംസ്ഥാന വനിതാ കൺവെൻഷൻ

**2009 ഡിസംബർ 5** — റിപ്പോർട്ട്




2009 ഡിസംബർ 5-ാം തീയതി എറണാകുളം ശിക്ഷക് സദനിൽച്ചേർന്ന സംസ്ഥാന വനിതാ കൺവെൻഷനിൽ സ്വാഗതം ആശംസിച്ചുകൊണ്ട് ഡോ. ലേഖാ നരേന്ദ്രൻ അധ്യാപികമാരുടെ കൂട്ടായ്മയുടെയും സംഘടനാ പ്രവർത്തനത്തിൻെറയും ആവശ്യകത ചൂണ്ടിക്കാട്ടി. അധ്യക്ഷ ഡോ.ആർ.ബി.രാജലക്ഷ്മി ഒരു സംസ്ഥാന വനിതാ കൺവെൻഷൻെറ ധാർമ്മിക ബാധ്യതയെന്തെന്നു വിശദമാക്കി. ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ.ജെ.പ്രസാദ് (സംസ്കൃത സർവ്വകലാശാല വൈസ് ചാൻസ്ലർ ) ആരാണു സ്ത്രീയെന്ന വിവിധ നിർവ്വചനങ്ങളെ വിശദമാക്കിക്കൊണ്ട് സ്ഥാപിതമായ നിർവ്വചനങ്ങളിൽ നിന്നും ഉണർന്നുയർന്നുവരേണ്ടതാണെന്നു പറയുകയുണ്ടായി. സ്ത്രീക്കു മാത്രമായി പ്രശ്നങ്ങളില്ലെന്നും സ്ത്രീയുംപുരുഷനും ഒന്നുചേർന്നുള്ള സമൂഹത്തിൻെറ പൊതുപ്രശ്നങ്ങളുടെ ഭാഗം തന്നെയാണെന്നും പറഞ്ഞു. ലോകനിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്കു ഒന്നോ രണ്ടോ മാത്രം. നാളിതുവരെ അധ്യാപകർ അനുഭവിക്കുന്ന നേട്ടങ്ങൾ തീർച്ചയായും ഇടതു സർക്കാരുകൾ തന്നതാണ്. അതിനായി വലിയ ത്യാഗങ്ങൾ വേണ്ടി വന്നോ എന്ന ചോദ്യത്തിന് ഒരു ത്യാഗവും നമ്മൾ ചെയ്തിട്ടില്ലെന്നാണ് അദ്ദേഹത്തിൻെറ നിരീക്ഷണം. അധ്യാപകരുടെ സമരചരിത്രം പരിശോധിക്കുമ്പോൾ ഒരു പക്ഷേ എ.കെ.ജി.സി റ്റിയെക്കാളും സമരങ്ങൾ നയിച്ചത് ഏ കെ പി സി റ്റി എ ആയിരുന്നു. ആ സമരങ്ങളിലെല്ലാം തീർച്ചയായും സ്ത്രീ പങ്കാളിത്തം ഉയർന്നതായിരുന്നു. സ്ത്രീകളുടെ /അധ്യാപികമാരുടെ രാഷ്ട്രീയ പങ്കാളിത്തവും രാഷ്ട്രീയ പ്രബുദ്ധതയുമാണ് അനിവാര്യം.

ഡിഗ്രികോഴ്സുകൾ റീസ്ട്രക്ചർ ചെയ്തപ്പോൾ വിദ്യാർത്ഥികളെ കൂടുതലായി പഠന പ്രക്രിയയിൽ പങ്കെടുപ്പിക്കാനാവും. ആസിയൻ കരാറിൻെറ വൈകല്യത്തെക്കുറിച്ച് സംസാരിക്കാൻ എത്ര കോളജധ്യാപകർ തയ്യാറാകും. മത്സ്യബന്ധനമേഖലയിൽ വരാൻ പോകുന്ന വിപത്ത് അവരോട് പറയാൻ നമ്മൾ തയ്യാറാകുമോ?

മൾട്ടി നാഷണനൽ കമ്പനികളുടെ ഉൽപ്പന്നങ്ങൾ വിററഴിക്കുന്ന ചർച്ചയിൽ ടൈംസ് ഓഫ് ഇന്ത്യ നടത്തിയ പഠനത്തിൽ 16-60 വയസ്സിനു

മിടയ്ക്ക് ഒരുവൾ മുഖശ്രീ വർദ്ധിപ്പിക്കാൻ 5 വർഷവും 287 ദിവസം വസ്ത്രധാരണ വിശകലനത്തിനും ചെലവാക്കുന്നു. ഇതൊരു പഴയ കൺസെപ്റ്ററാണ് മൾട്ടിനാഷണൽ കമ്പനികളുടെ സൗന്ദര്യവർധക വസ്തുക്കളുടെ ഉപഭോക്താക്കളായി മാറുമ്പോൾ, പുത്തൻസാമ്പത്തിക സ്രോതസ്സുകൾ തേടാൻ തുടങ്ങും. കൂടുതൽ സുഖഭോഗങ്ങളിൽ മുങ്ങിപ്പോകുമ്പോൾ, രാഷ്ട്രീയ പ്രതിബദ്ധതയില്ലാത്ത നമ്മൾ അനായാസം മുങ്ങിപ്പോകും. അധ്യാപകർ ആത്മപരിശോധന നിർവ്വഹിക്കേണ്ട സമയമായിരിക്കുന്നു.



ഡോ. രാജൻവർഗീസ്



സോണി കോമത്ത്

പുതിയ വിദ്യാഭ്യാസനയം വിദേശ സർവകലാശാലകൾ അനുവദിക്കുക എന്നതാണ് കുറഞ്ഞ ദിവസത്തിനുള്ളിൽ നിലവിലുള്ള 205 വിദേശ വ്യാജ സർവകലാശാലകൾ സ്വീകാര്യത കൈവരിക്കയും പുതിയ 700 സർവകലാശാലകൾ രൂപം കൊള്ളുകയും ചെയ്യും 1,60000 ആളുകൾ വിദേശത്തേക്ക് പഠനത്തിനായി പോകുന്നു. അവിടന്നിങ്ങോട്ട് ശൂന്യവും. മൂന്നുവർഷമായി തുടർച്ചയായി uneconomic ആവുന്ന കോളജുകൾ പൂട്ടേണ്ടിവരും. (School level അനുഭവം ഓർക്കാം) ഈവനിംഗ് കോളജുകൾ ഇപ്പോഴേ ഇല്ല. അസംഘടിത മേഖലയിലെ തൊഴിലാളികൾ ഉള്ളവരുമാനം കൊണ്ടു ജീവിക്കും. നമുക്കങ്ങിനെയും ജീവിക്കാനും കഴിയില്ല, അറിയില്ല. അതിനാൽ ഇതുവരെയുള്ള നേട്ടങ്ങൾ ചീട്ടുകൊട്ടാരം പോലെ തകരും 50 ശതമാനസംവരണത്തിന്റെ പേരിൽ പഞ്ചായത്തുകളിൽ ചെല്ലാമെന്ന വ്യാമോഹമൊന്നും വേണ്ട. അവിടെ മിടുക്കരായവർ വേറെയുണ്ട്.

കേരളം നന്നാവണമെന്നാഗ്രഹിക്കുന്ന പത്തു പേരിൽ നാലുപേർ നമ്മളാകണം. കേരളത്തിലെ സ്വകാര്യ കോളജുകൾ നന്നാവണമെങ്കിൽ എ.കെ.പി.സി.ടി.എ നന്നാവണം. സാധാരണക്കാരന്റെ നികുതിപ്പണത്താൽ നിലനിൽക്കുന്ന ഒരു സന്നിധാനത്തിന്റെ ഭാഗമായി നിൽക്കുന്ന നമ്മുടെ സാമൂഹ്യപ്രതിബദ്ധത വർധിച്ചതാണ്. അധ്യാപക കുടുംബത്തിലേക്ക് എത്തിയതിന്റെ സന്തോഷം പങ്കുവയ്ക്കുന്നുവെന്നുപറഞ്ഞ് ചടങ്ങ് ഉദ്ഘാടനം നിർവ്വഹിച്ചു.

ആശംസ പറഞ്ഞുകൊണ്ട് ശ്രീമതി. സോണികോമത്ത് (KSTA) സംഘടന കൊണ്ടേ നമുക്ക് നിലനിൽപ്പുള്ളു. വ്യക്തിപരമായ കഴിവുകളുള്ളപ്പോഴും സംഘശക്തികൊണ്ടുള്ള നേട്ടം വിപുലമാണ്. നമ്മുടെ നിരവധിയായ കഴിവുകൾ തിരിച്ചറിയുകയോ പ്രകടിപ്പിക്കുകയോ ചെയ്യാറില്ല. വീട്ടിനുള്ളിലും പുറത്തും ആണും പെണ്ണും പരസ്പരം സഹായിച്ചും സഹകരിച്ചും പോയാലേ സംഘടനാരംഗത്തു നമുക്കു പ്രവർത്തിക്കാൻ കഴിയൂ. പഴയ കാലത്തു നിന്നും വ്യത്യസ്തമായി പ്രസ്ഥാനങ്ങളിൽ സ്ത്രീയുടെ പങ്കാളിത്തം അനിവാര്യമായതുകൊണ്ടാണ് ഇന്ന് എല്ലാ സംഘടനകളും വനിതാ സബ്കമ്മിററികൾ രൂപീകരിച്ചത്. അധ്യാപക പ്രസ്ഥാനങ്ങളിലാണ് ആദ്യം മഹിളാ സബ്കമ്മിററികളുണ്ടായത്. പുതിയ തലമുറയ്ക്ക് ലഭിക്കുന്ന മെച്ചപ്പെട്ട തൊഴിൽ സാഹചര്യം, തീർച്ചയായും ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കാൻ പ്രേരണയാകേണ്ടതുണ്ട്. നിരവധി പേരുടെ ത്യാഗോജ്ജ്വലമായ സമരപ്രവർത്തനങ്ങളുടെ ഫലമാണ് ഇന്നത്തെ മെച്ചപ്പെട്ട വേതനവ്യവസ്ഥ.





കഴിഞ്ഞകാലത്ത് 32 ദിവസം നീണ്ടുനിന്ന സമരം വർഗ-രാഷ്ട്രീയ ഭേദമില്ലാതെ മുഴുവൻ സംഘടനകളും ഒരുമിച്ചുനടത്തിയ സമരം സമാനതകളില്ലാത്ത സമരമായിരുന്നു. അത്തരത്തിലുള്ള നിരവധി സമരങ്ങളുടെ ഫലമായിട്ടാ

ണ് ഇന്നത്തെ മെച്ചപ്പെട്ട അവസ്ഥ. 55 വയസ്സിൽ വ്യക്തിയുടെ കഴിവുകൾ പരിപൂർത്തിയെത്തുകയാണെന്നതിനാൽ പെൻഷൻപ്രായം വർദ്ധിപ്പിക്കാനും കഴിവുകൾ പ്രയോജനപ്പെടുത്താനും നമുക്കു കഴിയും. ജീവനുള്ള കുഞ്ഞുങ്ങളോടും സംവദിക്കാനുള്ള സാധ്യത നമുക്കു, അധ്യാപകർക്കു മാത്രമാണ്. അതുതന്നെയാണ് അധ്യാപകന്റെ സാമൂഹ്യ പ്രതിബദ്ധത വർധിപ്പിക്കുന്നതും. നമ്മുടെ മുന്നിലുള്ള കുഞ്ഞുങ്ങൽക്കു ശരിയായ പാത കാട്ടിക്കൊടുക്കാൻ നമുക്കു സാധിക്കും. കുട്ടികളെ വഴിപിഴപ്പിക്കുന്ന ഛിദ്രശക്തികൾക്കെതിരെ അവരെ ബോധവത്ക്കരിക്കാനും നമുക്കു കഴിയും. സമൂഹത്തിനംഗീകരിക്കാൻ കഴിയാത്ത പ്രതിലോമതകൾക്കെതിരെ പ്രതികരിക്കാനും കഴിയും. ഉദ്യോഗസ്ഥയായ സ്ത്രീ മൂന്നുവിധം ധർമ്മങ്ങളാണ് പരിപാലിക്കേണ്ടിവരിക. വീട്ടമ്മ, ഉദ്യോഗസ്ഥ, സമൂഹാംഗം എന്നിങ്ങനെ. ഒരധ്യാപികയെന്ന നിലയിൽ, ഉള്ള സാഹചര്യത്തിനുള്ളിൽ നിന്നുകൊണ്ടു തന്നെ സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ നമുക്കു കഴിയും.



ഡോ. ആർ. ബി. രാജലക്ഷ്മി



ഡോ. ലേഖാ നരേന്ദ്രൻ

അധ്യാപികമാരെ വളർത്തുകയെന്നതാണ് സംഘടനയുടെ ലക്ഷ്യമെങ്കിൽ അവരുടെ സൗകര്യമനുസരിച്ച് സമയക്രമം പരിഷ്കരിച്ചുകൊണ്ട് അവരുടെ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. സംഘടനാപാടവമെന്നത് പ്രസ്ഥാനത്തിലെ പ്രവർത്തനം കൊണ്ടു കിട്ടേണ്ടതാണ്. അതിനായിട്ടാണ് പ്രസ്ഥാനങ്ങൾ ശ്രമിക്കേണ്ടത്. അതിനുള്ള ചാലകശക്തിയാണ് മഹിളാ സബ്കമ്മിററി. അതിന്റെ ഭാഗമായിട്ടും ലോകത്തെമ്പാടുമുള്ള മാററങ്ങളെ നമ്മൾ ചർച്ച ചെയ്യേണ്ടതുണ്ട്. ഇന്നു നമ്മൾ അനുഭവിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും നാളത്തെ തലമുറയ്ക്കും ലഭിക്കണമെന്ന ബോധം സഹജീവികളിലേക്കു പകരാൻ കഴിയട്ടെ.

എം.ജി സർവ്വകലാശാല പ്രൊഫ. വൈസ് ചാൻസലർ ഡോ. രാജൻ വർഗീസ് ഇത്രയും പ്രവർത്തന പാരമ്പര്യമുള്ള മററൊരധ്യാപക സംഘടന തെക്കേ ഇന്ത്യയിൽ തന്നെ ഇല്ല. നമ്മുടെ നിലപാടുകൾ അപ്പോഴല്ലെങ്കിൽ പിന്നീടെങ്കിലും അംഗീകരിക്കപ്പെടുന്നു. അധ്യാപികമാരെ സാമൂഹ്യരംഗത്തെത്തിക്കുന്നതിൽ എ.കെ.പി.സി.ടി.എ എന്നും ശ്രദ്ധിച്ചിരുന്നു. കേരളത്തിലെ ഏററവും വലിയ അക്കാദമികപ്ലാററ്ഫോമായ എ.കെ.പി.സി.ടി.എ യുടെ വനിതാ കൺവെൻഷന് എല്ലാവിധ ആശംസകളും നേരുന്നു.

സംഘടനാ രംഗത്തേക്കു കടന്നുവരുന്ന സ്ത്രീകളുടെ എണ്ണം ഇപ്പോഴും തുലോം കുറവാണ് എന്ന് എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പ്രൊഫ. പി. രഘുനാഥ് പറഞ്ഞു. എല്ലാ ബ്രാഞ്ചുകളിലെയും വനിതാ സബ്കമ്മിററികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും വനിതാ സബ് കമ്മിററികൾ ഇല്ലാത്ത കോളജുകളിൽ സ്ത്രീകളുടെ സംഘടനാപ്രവർത്തന പങ്കാളിത്തം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ അധ്യാപികമാർ സംഘടനാരംഗത്തു കടന്നു വരേണ്ടതുണ്ട്. നമ്മുടെ പ്രവർത്തനങ്ങളിൽ പ്രമുഖസ്ഥാനം ഉന്നതവിദ്യാഭ്യാസമേഖല തന്നെയാണ് എന്ന് എ.കെ.പി.സി.ടി.എ അദ്ദേഹം പറഞ്ഞു.

നിലവിലുള്ള കേന്ദ്ര സർക്കാർ നയപരിപാടികളുടെ ഭാഗമായി സ്വീകരിച്ചുവരുന്ന വിദേശ സർവകലാശാലകളുടെ നിലവാരമടക്കം പരിശോധിക്കപ്പെടേണ്ടതുണ്ട്. യശ്പാൽ കമ്മിററി റിപ്പോർട്ടിലെ സ്വീകരിക്കാവുന്ന വശങ്ങൾ സ്വീകരിക്കുകയും കോർപ്പറേററുവൽക്കരണ നയങ്ങളെ എതിർക്കുവാനും (ഐഫക്ടോ) നമ്മൾ തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തെ ഇത്തരം കുത്തകവൽക്കരണത്തിനെതിരെ ചെറുത്തുനിൽപ്പിനുള്ള ചുമതല എ.കെ.പി.സി.ടി.എ യ്ക്കുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി ക്രെഡിററ് സെമസ്ററർ സമ്പ്രദായം ആരോഗ്യകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ മാററത്തിന് സർക്കാരിന് എല്ലാ പിന്തുണയും നമ്മുടെ സംഘടന നൽകിക്കൊണ്ടിരിക്കുകയാണ്. ഇതര പ്രസ്ഥാനങ്ങൾ ഈ പുതിയ സംവിധാനത്തെ ഒളിഞ്ഞും തെളിഞ്ഞും എതിർത്തപ്പോൾ ഉള്ള ഭൗതിക സാഹചര്യത്തിനുള്ളിൽ നിന്ന് വേണ്ട വിധത്തിൽ നടപ്പിൽ വരുത്താൻ നമ്മുടെ പങ്കാളിത്തവും നേതൃത്വവും വളരെയധികം സഹായകരമായിക്കൊണ്ടിരിക്കുന്നു.

യു.ജി.സി. സ്കീം സംബന്ധിച്ച് ശമ്പളപരിഷ്കരണങ്ങൾ ലഭിക്കാതിരുന്നപ്പോഴൊക്കെ നമ്മൾ പ്രതികരിച്ചിട്ടുണ്ട്. അതിന് നേതൃത്വപരമായ പങ്കുവഹിച്ചതും നമ്മളാണ്. അഞ്ചാമത്തെ പരിഷ്കാരം പ്രതിഷേധം ഒന്നും കൂടാതെ നടപ്പിലാക്കാൻ കഴിഞ്ഞു. ആറാമതു പരിഷ്കാരവും അപാകതകളില്ലാതെ നടപ്പിലാക്കുമെന്നു പ്രതീക്ഷിക്കാം. ഇതിലെ പ്രധാന ചർച്ച പെൻഷൻ പ്രായം തന്നെയാണ്. ഈ ചർച്ചകളിൽ ഒരു സമവായം ഉണ്ടാകേണ്ടതുണ്ട്.

ഉച്ചയ്ക്ക് 2.00 മണിയ്ക്ക് *സ്ത്രീകളും സംഘടനാ പ്രവർത്തനവും* എന്ന വിഷയത്തിൽ പ്രൊഫ. കെ.ആനന്ദി പ്രബന്ധം അവതരിപ്പിച്ചു. തൊഴിൽമേഖലയിലെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സംഘടനാ പ്രവർത്തനരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഗാർഹികാദ്ധ്വാനത്തിന്റെ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചാണ് മുഖ്യമായും പ്രഭാഷണം നടത്തിയത്. തുടർന്ന് സംഘടനാരംഗത്തേയ്ക്ക് എന്തുകൊണ്ട്

സ്ത്രീകൾ വരുന്നില്ല, നേതൃനിരയിൽ സ്ത്രീ സാന്നിധ്യം പരിമിതമാകാനുള്ള കാരണങ്ങൾ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. പ്രധാനമായും ഗാർഹിക പ്രശ്നം, അതായത് ശിശുപരിപാലനവും കുടുംബപരിപാലനവും സ്ത്രീകളുടെ മാത്രം ചുമതലയായി സമൂഹം കാണുന്നു. മററൊന്ന്, സ്ത്രീകൾ വിടിനുപുറത്ത് ഭാരിച്ച ഉത്തരവാദിത്തം ഏററെടുക്കാൻ സ്ത്രീകൾ തയ്യാറാകുന്നില്ല. അതിനുള്ള പരിഹാരം ആനന്ദി നിർദേശിച്ചത് കുടുംബത്തിനുള്ളിൽ ജനാധിപത്യം നിലനിർത്തുകയെന്നുള്ളതാണ്. നിലവിലുള്ള സ്ത്രീപുരുഷബന്ധത്തിൽ മാററം അനിവാര്യമായിരിക്കുന്നു. അവിടെ തുല്യതാബോധം ഉണ്ടാകണ്. ഗാർഹിക ജോലി വിഭജനത്തെ സംബന്ധിച്ച കാഴ്ചപ്പാടിലും ചിന്താഗതിയും മാററം ഉണ്ടാകണം.

ഡോ. ആനന്ദി തന്റെ പ്രഭാഷണത്തിൽ ഇന്നത്തെ മധ്യവർഗകുടുംബങ്ങളിലെ സ്ത്രീ സാമൂഹിക പ്രതിബദ്ധതയില്ലായ്മയെ പ്രത്യേകം ചൂണ്ടിക്കാട്ടി. അതോടൊപ്പം താഴെത്തട്ടിൽ നിന്ന് മധ്യവർഗമായി മാറിക്കൊണ്ടിരിക്കുന്ന വിഭാഗങ്ങളിലും ഈ പ്രവണത വർദ്ധിച്ചുവരുന്നു. സ്ത്രീപ്രശ്നങ്ങൾക്കുനേരെ അവർ മുഖം തിരിക്കുന്നു. സംഘടനാ പ്രവർത്തനരംഗത്തെ കൂട്ടായ്മയാണ് ഇതിനൊരു പരിഹാരമായി അവർ നിർദ്ദേശിച്ചത്.

വിദ്യാഭ്യാസരംഗത്ത് സ്ത്രീ ശാക്തീകരണത്തിന് ഉതകുന്ന രീതിയിലുള്ള പാഠ്യപദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ അനിവാര്യതയും അവർ ചൂണ്ടിക്കാട്ടി. ചരിത്രത്തിലെ സ്ത്രീതമസ്ക്കരണം ഒഴിവാക്കി സ്ത്രീമുന്നേററത്തിന്റെ ചരിത്രം പുനർ നിർമ്മിക്കേണ്ടിയിരിക്കുന്നു. ചരിത്രത്തിൽ വേണ്ടത്ര പ്രാധാന്യം നൽകാത്ത കല്ലുമാല സമരം, മേൽമുണ്ടുസമരം മുതലായവ ഉദാഹരണങ്ങളിൽ കൂടി അവർ വിശദീകരിച്ചു. ചരിത്ര പുനർനിർമ്മിതിയിൽ അധ്യാപകരുടെ സംഭാവന വളരെ വ


ഡോ. ടി.കെ. ആനന്ദി


പ്രൊഫ. ജെ. ചന്ദ്ര


പ്രൊഫ.ടി. എ. ഉഷാകുമാരി

ലുതാണ്. പുതിയ തലമുറയ്ക്ക് ഈ അവബോധം സൃഷ്ടിക്കാനുള്ള ബാധ്യത അവർക്കാണ്.

സംഘടനയുടെ നിലവിലുള്ള സ്ത്രീപക്ഷ കാഴ്ചപ്പാട് മാറേണ്ടിയിരിക്കുന്നു. സംഘടനയുടെ എല്ലാ തലങ്ങളിലും സ്ത്രീ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. അതോടൊപ്പം സ്ത്രീകളും പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ. ഏററെടുക്കാൻ തയാറാകണം.

ചരിത്രത്തിന്റെ പുനർനിർമ്മിതികൊണ്ടും സംഘടനാരംഗത്തെ ശക്തമായ സ്ത്രീ പ്രാതിനിധ്യം കൊണ്ടും മാത്രമേ നിലവിലുള്ള അവസ്ഥയ്ക്ക് മാററം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ എന്നവർ സ്ഥാപിച്ചു.

ആനന്ദിയുടെ പ്രബന്ധാവതരണത്തെ തുടർന്ന് ഈ വിഷയത്തിൽ പ്രതികരിച്ചുകൊണ്ട് എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. കെ.ശശിധരൻ സംസാരിച്ചു. വനിതകൾ സംഘടനാ നേതൃസ്ഥാനത്തേക്കുവരണമെന്നു തന്നെയാണ് സംഘടനയുടെ ലക്ഷ്യം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതിനുവേണ്ടി യൂണിററുതലത്തിലും ജില്ലാതലത്തിലും അധ്യാപികമാരുടെ കൂട്ടായ്മയുണ്ടാകണം.

എ.കെ.പി.സി.ടി.എ യുടെ മുൻവർക്കിംഗ് കമ്മിററി അംഗവും തിരുവനന്തപുരം കോർപ്പറേഷന്റെ മുൻമേയറുമായ പ്രൊഫ.ജെ.ചന്ദ്ര സംഘടനാരംഗത്ത് തനിക്ക് നേരിടേണ്ടിവന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് സംസാരിച്ചു. ആദ്യകാലത്ത് സംഘടനാ പ്രവർത്തനം സ്ത്രീകൾക്ക് വളരെ ബുദ്ധിമുട്ടായിരുന്നു. കൗൺസിലറായി പൊതുപ്രവർത്തനരംഗത്ത് വന്നതിനുശേഷം മാത്രമാണ് സാമൂഹികപ്രശ്നങ്ങൾ തിരിച്ചറിയാൻ സാധിച്ചത് എന്ന്, അവർ തുറന്നു പറഞ്ഞു. യു.ജി.സി സമരങ്ങളിൽ ചുമട്ടുതൊഴിലാളികൾപോലും അ

ധ്യാപകർക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചിരുന്നു. അതേപോലെ തിരിച്ച് അവരുടെ പ്രശ്നങ്ങളിലും എ.കെ.പി.സി.ടി.എ ഇടപെടേണ്ടതുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി.

സ്ത്രീ പ്രശ്നങ്ങൾ സവിശേഷമായി ചർച്ച ചെയ്യുന്നതിനുള്ള വേദിയാകണം എ.കെ.പി.സി.ടി.എയുടെ സബ്കമ്മിററികൾ എന്ന് എ.കെ.പി.സി.ടി.എ യുടെ മുൻ വൈസ് പ്രസിഡൻറായിരുന്നു. പ്രൊഫ. ടി.എ.ഉഷാകുമാരി പറഞ്ഞു. സ്ത്രീ വെറും ശരീരമാണെന്ന ബോധത്തിലേക്ക് പുതിയ തലമുറയെ തള്ളിവിടുന്ന ഉപഭോഗ സംസ്കാരത്തിൻെറ കടന്നുകയററത്തെ ചെറുക്കാൻ സ്ത്രീകൾക്കു കഴിയണം. സാമൂഹികാവബോധം അവരിൽ ഉണ്ടാകുകയെന്നതാവണം സംഘടനയുടെ പ്രവർത്തകരുടെ ലക്ഷ്യം. അനാരോഗ്യകരമായ എല്ലാ പ്രവണതകളെയും എതിർത്തു തോൽപിക്കാനുള്ള വേദിയാകണം സംഘടനകളുടെ കൂട്ടായ്മയും സംഘടനയിലെ കൂട്ടായ്മയും. പൊതുവിമർശനവും സ്വയം വിമർശനവും ഉണ്ടാവണം.


തുടർന്ന് പ്രതിനിധികൾ അവരുടെ അഭിപ്രായങ്ങൾ തുറന്നുപറയാൻ മുന്നോട്ടുവന്ന. ഡോ.ഷീല, ചർച്ച തുടങ്ങിവെച്ചു. വിവിധ കോളജുകളിൽ നിന്നെത്തിയ പ്രതിനിധികൾ ഏറെ ആവേശത്തോടെ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. സാധാരണയായി വനിതാ സമ്മേളനത്തിൽ പുരുഷന്മാർ പങ്കെടുക്കാറില്ല. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി വിവിധ കോളജുകളിൽ നിന്നുള്ള അധ്യാപകർ പങ്കെടുത്ത സമ്മേളനമായിരുന്നു ഇത്. മാത്രമല്ല. സ്ത്രീകളുടെ നിറഞ്ഞ സാന്നിധ്യവും പ്രവർത്തകരുടെ ഉത്സാഹവും തന്നെ വളരെയധികം സന്തോഷിപ്പിച്ചുവെന്ന് ഒരധ്യാപകൻ പറയുകയും ചെയ്തു. ഏതായാലും സമ്മേളനം വനിതകൾക്ക് ആവേശം പകർന്നുവെന്ന് അവരുടെ വാക്കുകളിൽ നിന്ന് ബോധ്യമായി. മോഡറേറ്റർ ലേഖാ നരേന്ദ്രൻ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് സംസാരിച്ചു. പ്രൊഫ. കുശലകുമാരിയുടെ നന്ദി പ്രകടനത്തോടെ 4.30 ന് സമ്മേളനം അവസാനിച്ചു.

**വനിതാ കൺവെൻഷനോടനുബന്ധിച്ചു നടത്തിയ സാഹിത്യ മത്സരങ്ങളിൽ വിജയിച്ചവർ**

**സാഹിത്യമത്സരം - വിദ്യാർത്ഥിനികൾ**
**കവിത**
**ഒന്നാം സമ്മാനം**
ദിജാബായി.എ.കെ, രണ്ടാം വർഷം ഇംഗ്ലീഷ്, സെൻറ് മേരീസ് കോളജ്, സുൽത്താൻബത്തേരി
**രണ്ടാം സമ്മാനം**
**രജിതാരവി**
മൂന്നാം വർഷം മലയാളം, പയ്യന്നൂർ കോളജ്, പയ്യന്നൂർ
**മൂന്നാം സമ്മാനം**
**രമ്യ.കെ.ആർ,.**
I സെമസ്ററർ കോമേഴ്സ്, പയ്യന്നൂർ കോളജ്, പയ്യന്നൂർ
**ചെറുകഥ**
**ഒന്നാംസമ്മാനം**
**ലിൻറാ.പി.ആനന്ദ്**, രണ്ടാം വർഷം ഇംഗ്ലീഷ്, ടി.കെ.എം.എം.കോളജ്, നങ്ങ്യാർകുളങ്ങര
**രണ്ടാം സമ്മാനം**
**രഞ്ജിനി.പി.എസ്.**, രണ്ടാം വർഷം ബോട്ടണി, സെൻറ്മേരീസ് കോളജ്, സുൽത്താൻബത്തേരി
**മൂന്നാം സമ്മാനം**
**ആതിരാ ഷാജി,**
രണ്ടാം വർഷം ഹിസ്ററി, എസ്.എൻ.കോളജ്, കൊല്ലം
**ലേഖനം**
**വനിതാസംവരണത്തിൻെറ ആവശ്യകത**
**ഒന്നാം സമ്മാനം**
**ജൂലിയററ് ക്രൂസ്**, രണ്ടാം വർഷം ഇംഗ്ലീഷ്, സെൻറ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി, വയനാട്
**രണ്ടാംസമ്മാനംഅശ്വതി.വി,**
മൂന്നാം വർഷം ഹിസ്ററി, എസ്.എൻ.കോളജ്, കൊല്ലം
**മൂന്നാം സമ്മാനം**
**ദിജാബായി.എ.കെ.,** രണ്ടാംവർഷം ഇംഗ്ലീഷ്, സെൻറ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി, വയനാട്
**മൂന്നാം സമ്മാനം**
**ശ്രീലേഖ.ടി.വി,**
മൂന്നാം വർഷം ഇംഗ്ലീഷ്, പയ്യന്നൂർ കോളജ്, പയ്യന്നൂർ
**അധ്യാപികമാർ**
**കവിത**
**ഒന്നാംസമ്മാനം**
**ടി.ഗിരിജ,**
ഇംഗ്ലീഷ് വിഭാഗം, വി.ടി.എം.എൻ.എസ്.എസ്.കോളജ്, ധനുവച്ചപുരം
**രണ്ടാം സമ്മാനം**
**ഡോ.ബി.ഉഷാകുമാരി,**
മലയാള വിഭാഗം, എൻ.എസ്.എസ്.കോളജ്,നിലമേൽ
**ചെറുകഥ**
**സമ്മാനം**
**ഡോ.സി.അജിത,**
ഹിന്ദി വിഭാഗം, എൻ.എസ്.എസ്.കോളജ്,മഞ്ചേരി, മലപ്പുറം
**ലേഖനം**
**വിദ്യാഭ്യാസ പരിഷ്കരണം ആധുനിക കാലഘട്ടത്തിൽ**
**സമ്മാനം**
**മിനിയമ്മ.കെ.സി.,**
ഇക്കണോമിക്സ് വിഭാഗം, സെൻറ് പോൾസ് കോളജ്, കളമശ്ശേരി



കവിത



ലളിതാ ലെനിൻ

# മനുഷ്യബോമ്പ്

നിറഞ്ഞിരിക്കുന്ന
മനസ്സിലെങ്ങനെ
ഇനിയൊരു സ്വപ്നം
പറിച്ചു നട്ടിടും?

മരണമെത്രമേൽ
ലളിതം, ജീവിതം
നിരന്തരം ഭ്രാന്തിൽ
വിരുന്നു പാർക്കുമ്പോൾ

ഒരിക്കലും തൊട്ടു
നുണയ്ക്കുവാൻ സ്നേഹം
പകർന്നു നല്കാത്ത
മരുപ്പരപ്പു നീ,
മണങ്ങളില്ലാതായ്
മധുരമില്ലാതായ്
പ്രിയസ്വരങ്ങളും
തിരിച്ചറിയാതായ്

കുനിഞ്ഞിരിക്കുന്ന
മുഖമുയർത്തുമ്പോൾ
പ്രകാശ ഭീതിയിൽ
നടുങ്ങിടുന്നു നീ,

പ്രളയമായ്പൊങ്ങും
നിറങ്ങൾ തോരാത്ത
കുരുതിയായ് നിന്നെ
പ്പൊതിഞ്ഞൊഴുകുന്നു.

കറുപ്പും നീലയും
ചുവപ്പും പച്ചയും
കുഴച്ചുരുട്ടി നിൻ
മുഖം മിനുക്കുമ്പോൾ
വിറയ്ക്കുമാർദ്രത
വടിച്ചെറിഞ്ഞുള്ളിൽ
കരിമരുന്നിട്ട്
ചിതയൊരുക്കുന്നു.

സദാ നടുക്കുന്ന
പ്രകമ്പനം നെഞ്ചിൽ
ഞെരിഞ്ഞിരിപ്പെന്ന്
ഉണർന്നിരിക്കുമ്പോൾ
മനുഷ്യനാണെന്ന്
നടിക്കുന്നു, സാത്താൻ
ഒളിച്ചിരിക്കുന്ന
മനസ്സുമായി നീ!

**ഡോ. ആർ.ബി.രാജലക്ഷ്മി**
*എം.ജി.കോളജ്, തിരുവനന്തപുരം*
*വൈസ് പ്രസിഡൻറ്, എ.കെ.പി.സി.ടി.എ*

# കാററ് അനുകൂലമാണ് അധ്യാപികമാരേ നമുക്ക് ഒന്നിക്കാം

**അധ്യാപകമേഖലയിലെ പ്രശ്നങ്ങൾ മാത്രമല്ല തൊഴിലെടുക്കുന്ന എല്ലാ മേഖലകളിലെയും സ്ത്രീപ്രശ്നം തിരിച്ചറിയാനുള്ള വിശാലമായ ഒരു കാഴ്ചപ്പാട് നമുക്ക് ഉണ്ടാകണം. സംഘടനയ്ക്കുള്ളിലെ സ്ത്രീക്കൂട്ടായ്മയും വിവിധ സംഘടനകളുടെ കൂട്ടായ്മയും ഉണ്ടാകുമ്പോഴാണ് സമസ്തമേഖലയിലെയും പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹാരത്തിനായി പ്രവർത്തിക്കാനും കഴിയുക.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള അടുത്ത തെരഞ്ഞെടുപ്പിൽ 50% വനിതാ സംവരണം ഉണ്ടാവുമെന്ന് ഉറപ്പായി. അതിനുള്ള തയ്യാറെടുപ്പുകൾ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകൾ ആരംഭിച്ചു കഴിഞ്ഞു. പലപ്പോഴും പലരും പറഞ്ഞിട്ടുള്ളതും എഴുതിയിട്ടുള്ളതുമായ സംഘടനകളിലെ വനിതാ പ്രാതിനിധ്യത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ഈ അവസരത്തിൽ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. ജനകീയാസൂത്രണപദ്ധതി തുടങ്ങിയ കാലം മുതൽ 33% വനിതാ സംവരണം നിലവിൽവന്നതു മുതൽ, പൊതുരംഗങ്ങളിൽ ധാരാളം വനിതകൾ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. എന്നാൽ സ്ത്രീ പ്രശ്നങ്ങളെ വിശാലമായ കാഴ്ചപ്പാടിൽ കാണാനും പരിഹാരം തേടാനും കഴിവുററ ഒരു വിഭാഗമായിമാറുകയെന്ന ലക്ഷ്യത്തിൽ പൂർണ്ണമായും നാം എത്തിച്ചേർന്നിട്ടില്ല. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വനിതകൾക്കിടയിലെ കൂട്ടായ്മയും ഉണർവ്വും പ്രകടമാണ്. എന്നാൽ മധ്യവർഗ്ഗ കുടുംബങ്ങളിലെയും സമ്പന്ന വിഭാഗത്തിലെയും വനിതകളിൽ സ്ത്രീകൂട്ടായ്മ അത്രതന്നെ ശക്തമല്ലെന്നുപറയാം. സംഘടനാരംഗത്തെ സ്ത്രീപ്രാതിനിധ്യം തീരെ ശോചനീയമാണ്.

ഉന്നതവിദ്യാഭ്യാസരംഗത്തെ ശക്തമായ ഒരു സംഘടനയാണ് എ.കെ.പി.സി.ടി.എ. പകുതിയിലധികം വനിതകളുള്ള ഈ മേഖലയിൽ സംഘടനാ നേതൃത്വത്തിൽ വിരലിലെണ്ണാവുന്ന സ്ത്രീകൾ മാത്രമാണുള്ളത്. എന്തുകൊണ്ടിങ്ങനെ സംഭവിച്ചു എന്ന ചോദ്യത്തിന് ഉത്തരം നേടേണ്ടത് ആ വിഭാഗത്തിലെ പുരുഷന്മാരുടെ മാത്രം ഉത്തരവാദിത്തമല്ല. അധ്യാപകരും ആത്മവിമർശനം നടത്തേണ്ടസമയം അതിക്രമിച്ചു കഴിഞ്ഞു. അതിനുപിന്നിൽ അവസരം കിട്ടാത്തതിൻെറയും കിട്ടിയിട്ടും അതുവേണ്ടതുപോലെ വിനിയോഗിക്കാത്തതിൻെറയും പ്രശ്നമുണ്ട്. അവസരം വരട്ടെയെന്നു നിനച്ചിരുന്നാൽ അതു കിട്ടാൻ പ്രയാസമാണെന്ന തിരിച്ചറിവ് സ്ത്രീക്കുണ്ടാകണം. അതോടൊപ്പം സ്ത്രീകളെ മുന്നോട്ടുകൊണ്ടുവരിക എന്ന ലക്ഷ്യം സംഘടനയ്ക്കും ഉണ്ടാകണം. സ്ത്രീ സാന്നിധ്യം സംഘടനയ്ക്ക് ബോധ്യപ്പെടേണ്ടതുണ്ട്. അത് അംഗത്വമെടുത്തതുകൊണ്ടു മാത്രം ഉണ്ടാവില്ല. യൂണിററ്, ജില്ലാ യോഗങ്ങളിൽ, പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായി മാറാൻ മനസ്സുവെക്കുന്നതിലൂടെ, അധ്യാപകമേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും അത് അവതരിപ്പിക്കാനും കഴിയുന്നതിലൂടെ, സാമൂഹികബോധവും പൊതുബോധവും ആർജ്ജിച്ച് സാമൂഹത്തോടൊപ്പം സഞ്ചരിക്കുന്നതിലൂടെ പൊരുതിനേടേണ്ടിടത്ത് നടത്തുന്ന സമരമുഖങ്ങളിൽ ശക്തമായ പ്രകടനം കാഴ്ചവെക്കുന്നതിലൂടെ ചർച്ചകളിലും സംവാദങ്ങളിലും ഇടപെട്ട് സംസാരിക്കാൻ കഴിയുന്നതിലൂടെയൊക്കെ മാത്രമേ നമ്മുടെ സാന്നിധ്യവും സാമർത്ഥ്യവും ബോധ്യപ്പെടുത്താൻ കഴിയൂ. പക്ഷേ, ഈ പറഞ്ഞ കാര്യങ്ങളിലൊക്കെത്തന്നെ പുറം തിരിഞ്ഞു നിൽക്കുവാനുള്ള പ്രവണതയാണ് അധ്യാപികമാരിലേറെപേരിലും കാണുന്നത്. ഈ വിമുഖത, ആലസ്യം നമ്മെ എവിടെയും കൊണ്ടെത്തിക്കുകയില്ല. കാര്യങ്ങൾ പഠിക്കാനും തിരിച്ചറിയാനും നാം തയ്യാറാവുമ്പോഴാണ് നാം ശക്തരാകുന്നത്.

അധ്യാപകമേഖലയിലെ പ്രശ്നങ്ങൾ മാത്രമല്ല തൊഴിലെടുക്കുന്ന എല്ലാ മേഖലകളിലെയും സ്ത്രീപ്രശ്നം തിരിച്ചറിയാനുള്ള വിശാലമായ ഒ



രു കാഴ്ചപ്പാട് നമുക്ക് ഉണ്ടാകണം. സംഘടനയ്ക്കുള്ളിലെ സ്ത്രീക്കൂട്ടായ്മയും വിവിധ സംഘടനകളുടെ കൂട്ടായ്മയും ഉണ്ടാകുമ്പോഴാണ് സമസ്തമേഖലയിലെയും പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹാരത്തിനായി പ്രവർത്തിക്കാനും കഴിയുക. അധ്യാപകരുടെ സേവന വേതന വ്യവസ്ഥയിലെ മാററത്തിനായി നടത്തിയ സമരങ്ങളിൽ എല്ലാ ട്രേഡ് യൂണിയനുകളും പിന്തുണ നൽകിവന്നിട്ടുണ്ട്. നാം വിജയം വരിച്ചിട്ടുമുണ്ട്. തൊഴിലാളികൾക്കിടയിലെ തുല്യ ജോലിക്ക് തുല്യവേതനം എന്ന വ്യവസ്ഥയാണ് പലയിടത്തും അട്ടിമറിക്കപ്പെടുന്നുണ്ട്. അത്തരം പ്രതിസന്ധികളിൽ നാം എത്രത്തോളം ഇടപെട്ടിട്ടുണ്ടെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അവിടെ വനിതകൾക്കുമാത്രമാണ് ഉത്തരവാദിത്തമെന്നർത്ഥമാക്കുന്നില്ല. ഗാർഹികമേഖലയിൽ പണിയെടുക്കുന്നവർ മുതൽ ഉന്നതമേഖലയിൽ പണിയെടുക്കുന്നവർ വരെയുള്ള സ്ത്രീകൾക്കിടയിലെ പ്രശ്നങ്ങൾ പരിഹരിക്കുകയെന്നതും അവർക്കുവേണ്ടി പ്രവർത്തിക്കുക എന്നതും നമ്മുടെ ഉത്തരവാദിത്തമാണെന്ന് ബോധ്യപ്പെടണം.

ഇവിടെയാണ് സബ്കമ്മിററികളുടെ പ്രവർത്തനത്തിൻെറ പ്രസക്തി. യൂണിററുതലം മുതൽ സബ്കമ്മിററികൾ ശക്തമാക്കണം. പ്രവർത്തനനിരതമാകണം. മററ് സബ്കമ്മിററികൾപോലെ സംഘടനയുടെ ഉത്തരവാദിത്തമായി വനിതാ സബ്കമ്മിററി പ്രവർത്തനവും മാറണം. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളിലായി ഈ രംഗത്ത് എ.കെ.പി.സി.ടി.എ. നടത്തുന്ന പ്രവർത്തനം ശ്രദ്ധേയമാണ്. ജില്ല-സംസ്ഥാന സമ്മേളനങ്ങൾ നടക്കുന്നു. സമ്മേളനങ്ങളിൽ വിവിധ മേഖലകളിലെ സ്ത്രീ പ്രശ്നങ്ങളെക്കുറിച്ച് ആധികാരികമായി അവഗാഹമുള്ളവർ പ്രബന്ധം അവതരിപ്പിക്കുന്നു, ചർച്ചചെയ്യുന്നു. ചർച്ചകളിൽ അധ്യാപികമാർ സജീവമായി പങ്കെടുക്കുന്നു. സമരമുഖങ്ങളിൽ സാന്നിധ്യം വർദ്ധിക്കുന്നു. സബാസ്ററ്യൻ ആൻറണി സാറിൻെറ പ്രശ്നവുമായി ബന്ധപ്പെട്ടു നടന്ന സത്യാഗ്രഹത്തിൽ ഒരു ദിവസം കേരളത്തിൻെറ വിവിധ കോളജുകളിൽ നിന്നെത്തിയ അധ്യാപികമാർ മാത്രം പങ്കെടുത്തും സംസാരിച്ചതും ആവേശമുണ്ടാക്കിയിരുന്നു. മാത്രമല്ല, അവസരം വരുമ്പോൾ സ്ത്രീകൾ മുന്നോട്ടു വരുമെന്നതിൻെറ തെളിവുകൂടിയായിരുന്നു ആ ധർണ്ണ. തുടർന്ന് നടന്ന സമ്മേളനങ്ങളിലൊക്കെ അതിൻെറ പ്രതിഫലനം ചെറിയ രീതിയിലെങ്കിലും കാണാൻ കഴിഞ്ഞുവെന്നത് ആശാവഹമാണ്.

അതുകൊണ്ട് സാമൂഹ്യവ്യവസ്ഥിതിയിൽ വമ്പിച്ച മാററം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യങ്ങളിൽ ആ മാററങ്ങൾ സ്ത്രീകൾക്ക് അനുകൂലമാക്കിക്കൊണ്ട് സ്ത്രീ ശാക്തീകരണം സാധിതമാക്കാൻ അധ്യാപികമാരായ നമുക്ക് ശക്തമായി മുന്നേറാം. ഈ അവസരം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ നമുക്ക് ഒന്നിക്കാം.

**ഡോ.ബി.ഉഷാകുമാരി**
*എൻ.എസ്.എസ്.കോളജ്, നിലമേൽ*



# സർവ്വംസഹ

ഇനിയും ക്ഷമിക്കുക സർവ്വംസഹേ!
ശാപശസ്ത്രം മടക്കുക രത്നഗർഭേ!
തലമറന്നെണ്ണതേയ്ക്കുന്നവർ മക്കളെ-
ന്നാകിലും നീ ഭൂതധാത്രിയല്ലേ?
നെറികേടുകാട്ടുവോരെങ്കിലും, അംബനിൻ
മടിയിൽ വളർന്ന കിടാങ്ങളല്ലേ?
തറവാട്ടുസ്വത്ത് മുടിച്ചവരെങ്കിലും
തലതൊട്ടനുഗ്രഹിച്ചീടണം നീ!
നിൻ മനസ്സുമ്മാനമാടിയോരെങ്കിലും
കലികാലമോർത്തുപൊറുക്കണം നീ!
ഉപദേശമൊന്നിനും കീഴ്പ്പെടാത്തോർ
അഭിമാനസമ്പന്നർ നിൻെറ മക്കൾ!
ഉലകത്തെ വെട്ടിപ്പിടിക്കുവാനായ്
ഊക്കിൽത്തിരിയുന്ന പമ്പരങ്ങൾ!
സ്തന്യം നുകർന്ന നാവെപ്പോഴും നിൻ
അപദാനമോതുമെന്നാശവേണ്ട!
തഴുകി വളർത്തിയ തൈമരങ്ങൾ
തണലുപകരുമെന്നോർത്തിടേണ്ട!
മധുവേകി, കൈകളെത്തൊട്ടിലാക്കി
മധുരമാം താരാട്ടിലൂയലാട്ടി,
കൈകാല്കൾ വളരുവാൻ കാത്തതല്ലേ!
ഒരുനൂറുസ്വപ്നങ്ങൾ നെയ്തതല്ലേ?
അഞ്ജനം തേച്ചു നീ ചേലണച്ച
കൺകളിൽ ക്രൗര്യം കുടിയിരിക്കേ;
അമ്മയെ നോക്കി സ്മിതം പൊഴിച്ച
ചുണ്ട് പരിഹാസവക്രമാകേ;
പിച്ച നടത്തിയ പിഞ്ചുകാല്കൾ
എല്ലാം മെതിക്കുവാനുച്ചലിക്കേ;
എന്തും തകർക്കുവാൻ പോന്നകൈകൾ
അന്തരീക്ഷത്തിൽ ചുഴററി നില്ക്കേ;
അസ്വസ്ഥരായ്, അസംതൃപ്തരായ് നിൻ
മാതൃത്വവും വിലപേശി നില്ക്കേ;
ഒരുമാത്രനീയും തളർന്നുപോയോ?
തരളനേത്രങ്ങളിൽ അമ്പരപ്പോ?
ഇനിയും ക്ഷമിക്കുക സർവ്വംസഹേ!
ശാപശസ്ത്രം മടക്കുക രത്നഗർഭേ!

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവൻഷനോടനുബന്ധിച്ച് അധ്യാപികമാർക്കായ് നടത്തിയ സാഹിത്യ മത്സരത്തിൽ രണ്ടാം സമ്മാനം ലഭിച്ച കവിത

**ഡോ. ലേഖാ നരേന്ദ്രൻ**
*സെൻറ് സേവ്യേഴ്സ് കോളജ്, തുമ്പ*
*കൺവീനർ, എ.കെ.പി.സി.ടി.എ വനിതാ കമ്മിററി*

# ലൗ ജിഹാദ്
## ഉണർത്തുന്ന ചിന്തകൾ

**പെൺകുട്ടികളുടെ മാതാപിതാക്കളെ ഭയത്തിന്റെ മുൾമുനയിൽ നിർത്തുന്ന, വ്യക്തികളുടെ മൗലികാവകാശങ്ങളെ ഹനിക്കുന്ന, മിശ്രവിവാഹത്തെ എതിർക്കുന്ന, സ്ത്രീ പുരുഷബന്ധത്തിന്റെ പരിപാവനതയെ ചോദ്യം ചെയ്യുന്ന ജിഹാദ് പ്രണയകഥകൾ വിരൽചുണ്ടുന്നത് മലയാളിയുടെ കപടമതേതരത്വത്തെയാണ്. ഇന്ത്യൻ ഭരണഘടന അടിസ്ഥാനപ്രമാണമാക്കിയിരിക്കുന്ന മതേതരത്വത്തെയും പ്രത്യേകിച്ച് മലയാളിയെ ഒന്നിപ്പിച്ച് നിർത്തിയിരുന്ന പൊതുസാംസ്കാരിക ധാരയെയും വിഘടിപ്പിക്കുക എന്ന ഗൂഢതന്ത്രം അത് ഭൂരിപക്ഷത്തിന്റേതായാലും ഒരുപോലെ ചെറുത്തുതോൽപിക്കേണ്ടതാണ്.**

മലയാളിയുടെ സ്വത്വബോധത്തിലേക്ക് വർഗീയത, തീവ്രവാദം തുടങ്ങിയ പദങ്ങൾ ഇടപഴകാൻ തുടങ്ങിയത് ഈ സമീപകാലങ്ങളിലാണ്. ഇവയെല്ലാം സുപരിചിത പദങ്ങളാണെങ്കിലും അവയൊന്നും നമ്മുടെ നിത്യവ്യവഹാരത്തെ നേരിട്ടു ബാധിക്കുന്നവയായിരുന്നില്ല. അതുകൊണ്ട് തന്നെ ആ പദങ്ങൾ ഉൾക്കൊള്ളുന്ന അർത്ഥങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും നമ്മുടെ പൊതുരാഷ് ട്രീയബോധം അനുവദിച്ചിരുന്നില്ല. എന്നാൽ ഇന്ന് കാലാവസ്ഥ മാറി. മലയാളിയുടെ പൊതുവായ രാഷ്ട്രീയ സാംസ്കാരികബോധത്തിൽ വിള്ളലുകൾ സൃഷ്ടിച്ചുകൊണ്ട് അവന്റെ ചിന്തയിലും വായനയിലും നിത്യസംഭാഷണത്തിലുമെല്ലാം അവ്യക്തമായെങ്കിലും ഭയത്തിന്റെ നിഴൽ വീശിത്തുടങ്ങിയിരിക്കുന്നു.

ഈയൊരു വർത്തമാന പശ്ചാത്തലത്തിൽ നിന്ന് ചിന്തിക്കുമ്പോൾ ഇത്തരം വിധ്വംസക സൂചകമായ പദങ്ങളുടേയും അവയുടെ അർത്ഥതലങ്ങളുടെയും പ്രക്ഷേപണം ബോധപൂർവ്വമായ ചില ബാഹ്യശക്തികളുടെ നിരന്തരമായ ഇടപെടലുകൾ മൂലമല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

'ലൗ ജിഹാദ്' എന്ന പുതിയ പദം മലയാള ഭാഷയ്ക്ക് മുതൽക്കൂട്ടാക്കാമെങ്കിലും നൂറ്റാണ്ടുകൾ പഴക്കമുള്ള കേരളീയ സംസ്കാരത്തിന് അപവാദം തന്നെയാണ്. കേവലം എസ് എം എസിൽ കൂടിമാത്രം വ്യാപരിച്ചു എന്ന് പറയപ്പെടുന്ന 'വിശുദ്ധപ്രണയ' ചിന്തകൾ മാധ്യമങ്ങളും കോടതികളും ഏറ്റെടുത്തപ്പോൾ, അസ്വസ്ഥരും ദുർബലരുമായി മാറികൊണ്ടിരിക്കുന്ന മലയാളി മനസ്സുകൾ ഭയത്താൽ കൂടുതൽ കൂടുതൽ ഉൾവലിയുകയാണ്. ഇത്തരത്തിലുള്ള വാർത്തകളുടെ വ്യാപനത്തിന്റെ ലക്ഷ്യവും ഇതാകാം; മലയാളിയുടെ സ്വസ്ഥത നഷ്ടപ്പെടുത്തുക, വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുക, മതേതര സംസ്കാരം തകർക്കുക, മതാതീതമായി മനുഷ്യസ്നേഹം നിലനിൽക്കണമെന്ന് നമ്മുടെ സാംസ്കാരിക നായകൻമാരുടെ സദുപദേശങ്ങൾ നശിപ്പിക്കുക. ഇതിന്റെയൊക്കെ ഭാഗമായിട്ടാവാം മംഗലാപുരത്തെ സംഭവത്തിനുശേഷം കേരളത്തിലും വ്യത്യസ്ത മതവിഭാഗത്തിൽപെട്ട ആൺ - പെൺകുട്ടികളുടെ ഇടപഴകലുകളെ സംശയദൃഷ്ട്യാ വീക്ഷിക്കുവാനുള്ള പ്രവണത തുടങ്ങിയിരിക്കുന്നത്. സ്വയം വിശ്വാസം നഷ്ടപ്പെട്ടവരും പരസ്പരവിശ്വാസം നഷ്ടപ്പെട്ടവരുമായ മലയാളികൾ കൂടുതൽ മനോരോഗികളായി മാറുന്നു. ആൾദൈവങ്ങൾക്കിത് ചാകരക്കാലവും.


ഭാരതത്തിന്റെ ഇതരമേഖലകളിൽ വർഗീയതയുടെ പേക്കൂത്തുകൾ തിമിർത്താടിയ സന്ദർഭങ്ങളിലും "മലയാളി" എന്ന ഒരു പൊതുബോധത്തിൽ അടിയുറച്ച് സഹവർത്തിച്ചിരുന്നവരാണല്ലോ നാം. നൂറ്റാണ്ടുകളായി നാം നേടിയെടുത്ത സാംസ്കാരികപൈതൃകത്തിന്റെ പിന്തുടർച്ചയും നവോത്ഥാനനായകന്മാർ അവശേഷിപ്പിച്ചുപോയ മൂല്യങ്ങളും ഇടതുപക്ഷപുരോഗമ

നാശയങ്ങൾ നൽകിയ ആത്മബലവുമാണ് നമ്മെ നയിച്ചിരുന്നത്. അതുകൊണ്ടു തന്നെ ഇടയ്ക്കിടെയ്ക്കുണ്ടായ ചെറിയ ചെറിയ കലാപങ്ങളെ ചെറുത്തുതോൽപിക്കാനും മലയാളിക്ക് സാധിച്ചു. എന്നാൽ ഇന്ന് നമ്മുടെ ബോധമണ്ഡലത്തെയാകെ ഞെട്ടിച്ചുകൊണ്ട് നാം പോലുമറിയാതെ ചില പുത്തൻ പ്രവണതകൾ നമ്മുടെ ഇടയിലേക്ക് നുഴഞ്ഞുകയറിയിരിക്കുന്നു. ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയും അരക്ഷിതാവസ്ഥയും അസംതൃപ്തിയും ജീവിതം അടിച്ചുപൊളിക്കാനുള്ള ത്വരയുമെല്ലാം എന്തിനും വളക്കൂറുള്ള മണ്ണായി കേരളത്തെ മാറ്റിയിരിക്കുന്നു.


സമീപകാലത്തായി വർധിച്ചുവരുന്ന സാമുദായിക മതശക്തികളുടെ അപ്രമാദിത്വത്തിനു മുന്നിൽ കേരളത്തിലെ ജനത ആർജ്ജിച്ചെടുത്ത രാഷ്ട്രീയ ഇച്ഛാശക്തി നിസ്സാരവൽക്കരിക്കപ്പെടുന്നു. അരാഷ്ട്രീയ ശക്തികൾക്കുപോലും മതത്തിന്റെ അധീശത്വത്തെ നിസ്സാരമായി ഗണിക്കാൻ സാധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആദർശ രാഷ്ട്രീയവും പ്രായോഗിക രാഷ്ട്രീയവും തമ്മിലുള്ള ആശയപരമായ സംഘർഷം പുതുതലമുറയുടെ വിശ്വാസങ്ങളെ വ്രണപ്പെടുത്തുന്നു. വിദ്യാഭ്യാസരംഗത്തും നൂതനമായ കാഴ്ചപ്പാടോടെ വേണ്ടത്ര പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സാധിക്കാതിരിക്കുകയും വിദ്യാഭ്യാസം പലതട്ടുകളായി വിഭജിക്കുകയും ചെയ്യുമ്പോൾ മനുഷ്യർ തമ്മിലുള്ള അകലം വർധിക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം കൂടിക്കൂടി വരുന്ന പുത്തൻ സാമ്പത്തീകനയങ്ങളും മനുഷ്യരുടെയിടയിൽ മതിലുകൾ സൃഷ്ടിക്കുകയാണ്. ആഗോളവൽക്കരണത്തിന്റെ കമ്പോളസംസ്കാരം ഒഴിയാബാധയായി മലയാളിയുടെ ജീവിതത്തിൽ പാർപ്പുറപ്പിച്ചിരിക്കുന്നു.

ജാതിമതഭേദമില്ലാതെ സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാകണമെന്ന് ആഗ്രഹിച്ചിരുന്ന നവോത്ഥാന നായകന്മാർക്ക് ജന്മംകൊടുത്ത ഭൂമിയാണിത്. ബർലിൻ മതിലുകൾ ഇടിച്ചുനിരത്തുമ്പോൾ നാം വീണ്ടും വീണ്ടും പുതിയ പുതിയ വൻമതിലുകൾ സൃഷ്ടിക്കുന്നു. വൈകുണ്ഠ സ്വാമികൾ, ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ, അയ്യങ്കാളി, വാഗ്ഭടാന്ദൻ തുടങ്ങിയ നവോത്ഥാനനായകന്മാർ ഉയർത്തിപ്പിടിച്ച ജീവിതമൂല്യങ്ങളും പുരോഗമനാശയങ്ങളുടെ പിൻബലത്തോടെ നാം നേടിയെടുത്ത കരുത്തും ആവേശവും ഐക്യവും സ്നേഹവും പരസ്പരവിശ്വാസവുമെല്ലാം അരാഷ്ട്രീയവൽക്കരണത്തിന്റെ വിത്തുവിതച്ച് വിളകൊയ്യാൻ തയ്യാറായി നിൽക്കുന്ന ബാഹ്യശക്തികൾക്ക് മുന്നിൽ അടിയറവയ്ക്കാൻ ഇന്ന് മലയാളിയ്ക്ക് ലജ്ജയില്ല. ഇത് ചരിത്രത്തോടുള്ള അനീതിയാണ്. ഭാവിതലമുറയോടുള്ള കൊടുംവഞ്ചനയുമാണ്.

രാഷ്ട്രീയ നിരോധനമാണ് കാമ്പസുകളെ രക്ഷിക്കാനുള്ള ഏകമാർഗ്ഗമെന്ന മൂഢസങ്കൽപത്തെ ആദ്യം മുതൽക്കേ പലരും ചോദ്യം ചെയ്തിട്ടുള്ളതാണ്. അനിയന്ത്രിതമായ രീതിയിലുള്ള സ്വാശ്രയസ്ഥാപനങ്ങളുടെ കടന്നുകയറ്റം കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ കുതിച്ചുചാട്ടമാണ് എന്ന് വിലയിരുത്തിയവർ ഇന്ന് അവ സൃഷ്ടിക്കുന്ന സാമൂഹികവിപത്തുകളെ എങ്ങനെ തരണം ചെയ്യണമെന്നറിയാതെ വിഷമിക്കുന്നു. പണം മാത്രം മാനദണ്ഡമായി കരുതുന്ന ഇത്തരം സ്ഥാപനങ്ങൾ സർക്കാരിന്റെയോ യൂണിവേഴ്സിറ്റിയുടേയോ പരിധിക്ക് വെളിയിൽ 'സ്വാശ്രയസ്ഥാപന'ങ്ങളായി വളരുന്നു. ജാതിമതവർഗാതീതമായി വിദ്യാർത്ഥി എന്ന പൊതുധാരയിൽ മാത്രം നിൽക്കുകയും പുരോഗമനപരമായ ആശയങ്ങളാൽ നീതരായ നേതൃനിരകൾ നിയന്ത്രിക്കുകയും ചെയ്തിരുന്ന കാലഘട്ടം കാമ്പസുകൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഭരണപക്ഷമാകട്ടെ, പ്രതിപക്ഷമാകട്ടെ ആശയങ്ങളും പ്രത്യയശാസ്ത്രങ്ങളും വിദ്യാർത്ഥികളുടെ പൊതുതാൽപര്യങ്ങളും തദ്വാരാ സാമൂഹികതാൽപര്യങ്ങളും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായിരുന്നു. യുവസഹജമായ ചാപല്യങ്ങളും നേരമ്പോക്കുകളും കുസൃതികൾക്കുമപ്പുറം വ്യക്തിപരമായ,സ്വാർത്ഥപരമായ, വിധ്വംസകരമായ പ്രവൃത്തികളിലോ ചിന്തകളിലോ അവർ വ്യാപൃതരായിരുന്നില്ല. കാമ്പസുകളിലെ ബന്ധങ്ങൾ അത് സുഹൃത് ബന്ധമായാലും പ്രണയമായാലും ആരോഗ്യകരമായിരുന്നു. ജീവിതത്തിൽ എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കാൻ ഒരു പിടി നല്ല അനുഭവങ്ങളുമായിട്ടാണ് കുട്ടികൾ കാമ്പസ് വിട്ടിരുന്നത്.



വിദ്യാഭ്യാസത്തിനുള്ള മുഖ്യമാനദണ്ഡം പണത്തിന് വഴിമാറിയപ്പോൾ ജീവിതത്തിൽ മറ്റുപലതും വഴിമാറിപ്പോയി. ജീവിതമൂല്യങ്ങൾക്ക് വിലയില്ലാതായി. സ്നേഹം മരീചികയായി. അധ്യാപക വിദ്യാർത്ഥി ബന്ധത്തിൽ വിള്ളലുകൾ വീണു. അധികാരികൾക്ക് വിദ്യാർത്ഥികൾ കറവപ്പശുക്കൾ മാത്രം. നേതൃനിരയിലുള്ളവരുടെ ഉള്ളുപൊള്ളയായപ്പോൾ ആ വിടവിലേക്ക് ബാഹ്യശക്തികൾ കയറി. എന്നാൽ അവരുടെ ലക്ഷ്യം മറ്റൊന്നായിരുന്നു. നമ്മൾ ദീർഘകാലംകൊണ്ട് നേടിയെടുത്തതെല്ലാം നാം പോലുമറിയാതെ നമ്മുടെ കാൽച്ചുവട്ടിൽ കൂടി ഒലിച്ചുപോകുന്ന നിസ്സഹായവസ്ഥയിലേക്ക് മലയാളി എത്തിച്ചേർന്നിരിക്കുന്നു. വിഘടനത്തി



ന്റെ തേരോട്ടം- വർഗ്ഗീയതയുടെ വിഷം ചീറ്റൽ- പരസ്പരവിശ്വാസമില്ലായ്മ- ശത്രുവാര് മിത്രമാര് എന്ന് തിരിച്ചറിയാനാവാത്ത അവസ്ഥ- നിന്നെപോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കേണ്ടിടത്ത് ആരേയും എന്തിനെയും സംശയദൃഷ്ടിയോടെ മാത്രം വീക്ഷിക്കുന്ന അവസ്ഥ സംജാതമായിരിക്കുന്നു.

ഇവിടെ പ്രണയം വിൽപ്പനച്ചരക്കാകുന്നു. ജീവിതം യൗവ്വനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായ ഒരു അസുലഭ കാലഘട്ടം നമുക്കുണ്ടായിരുന്നു. ആ വിശുദ്ധപ്രണയത്തിലാണ് മതത്തിന്റെ കറുപ്പു ചാലിച്ച് 'വിശുദ്ധ'നേട്ടം കൊയ്യാൻ ചിലർ തയ്യാറെടുക്കുന്നത്. ബോംബെയിലും ബാംഗ്ലൂരിലും പയറ്റിയ അടവുകളുമായി ചില വർഗ്ഗീയശക്തികൾ പ്രണയത്തിന്റെ ജിഹാദുമായി കേരളത്തിന്റെ മണ്ണിൽ ചുവടുവയ്ക്കുമ്പോൾ ചില സാമുദായികശക്തികൾ അതേറ്റുപിടിയ്ക്കാൻ തയ്യാറാവുന്നു. അതിന്റെ പിന്നിലെ ദുഷ്ടശക്തികളെ നാം തിരിച്ചറിയേണ്ടതുണ്ട്. പ്രണയത്തിന്റെ പേരിൽ നടക്കുന്ന ഈ വിവാദങ്ങൾക്കുപിന്നിൽ പ്രണയവിരോധമോ? മതപരിവർത്തനമോ?. മതേതരരാഷ്ട്രമായ ഇന്ത്യയിൽ ഓരോ വ്യക്തിയ്ക്കും അവനിഷ്ടമുള്ള മതം സ്വീകരിക്കുവാനും മതപരിവർത്തനം നടത്തുവാനും മതം ഉപേക്ഷിക്കുവാനും സ്വാതന്ത്ര്യമുണ്ട്. ഏത് മതത്തിൽപെട്ടവർക്കും ഏത് മതത്തിൽപെട്ടവരേയും പ്രണയിക്കാനും വിവാഹം കഴിക്കാനും കുടുംബജീവിതം നയിക്കാനും സ്വാതന്ത്ര്യമുണ്ട്. സഹോദരൻ അയ്യപ്പൻ മിശ്രവിവാഹത്തിലൂടെ ആഹ്വാനം ചെയ്തതും അതാണല്ലോ. മതജാതിചിന്തകൾക്ക് അപ്പുറത്ത് ഭാരതത്തിലെ പൗരന്മാരായി മിശ്രവിവാഹത്തിലൂടെ കുടുംബജീവിതം നയിക്കുന്ന അനേകം പേർ അധിവസിക്കുന്ന രാജ്യമാണിത്. എന്നാൽ ഇന്ന് വ്യക്തിബന്ധങ്ങളെയും മനുഷ്യസ്നേഹത്തേയും മതം നിയന്ത്രിക്കുന്ന കാഴ്ചയാണ് . പ്രണയത്തിന്റെ മേലുള്ള മതത്തിന്റെ കടന്നുകയറ്റം വ്യക്തിയുടെ മൗലികാവകാശത്തിനുമേലുള്ള കടന്നുകയറ്റുമാണ്.

ബഷീറിന്റെ കേശവൻനായരും സാറാമ്മയും തങ്ങൾക്ക് ജനിക്കാൻപോകുന്ന കുഞ്ഞിന് മതത്തിന്റെ അടയാളമില്ലാത്ത 'ആകാശമിഠായി' എന്ന പേര് തീരുമാനിക്കുന്നതിൽ കൂടി ഒരു മതരഹിത ലോകം സൃഷ്ടിക്കുകയായിരുന്നു. 'ഉമ്മാച്ചു'വിന്റെ മകൻ കാര്യസ്ഥന്റെ മകൾ ചിന്നമ്മുവിനെ വിവാഹം കഴിക്കുമ്പോൾ ഒരു മതത്തിൽ നിന്ന് ഒരാൾ കുറഞ്ഞു എന്നും മറ്റൊരു മതത്തിൽ ഒരാൾ കൂടി എന്നുമുള്ള വിലാപം ഉയർന്നില്ല. പെൺകുട്ടികളുടെ മാതാപിതാക്കളെ ഭയത്തിന്റെ മുൾമുനയിൽ നിർത്തുന്ന, വ്യക്തികളുടെ മൗലികാവകാശങ്ങളെ ഹനിക്കുന്ന, മിശ്രവിവാഹത്തെ എതിർക്കുന്ന, സ്ത്രീ പുരുഷബന്ധത്തിന്റെ പരിപാവനതയെ ചോദ്യം ചെയ്യുന്ന ജിഹാദ് പ്രണയകഥകൾ വിരൽചൂണ്ടുന്നത് മലയാളിയുടെ കപടമതേതരത്വത്തെയാണ്. ഇന്ത്യൻ ഭരണഘടന അടിസ്ഥാനപ്രമാണമാക്കിയിരിക്കുന്ന മതേതരത്വത്തെയും പ്രത്യേകിച്ച് മലയാളിയെ ഒന്നിപ്പിച്ച് നിർത്തിയിരുന്ന പൊതുസാംസ്കാരിക ധാരയെയും വിഘടിപ്പിക്കുക എന്ന ഗൂഢതന്ത്രം അത് ഭൂരിപക്ഷത്തിന്റെതായാലും ഒരുപോലെ ചെറുത്തുതോൽപിക്കേണ്ടതാണ്. കലാലയങ്ങളുടെ മതേതരമുഖം തിരിച്ചുപിടിക്കാനുള്ള ബാധ്യത അധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ച് ഏറ്റെടുക്കേണ്ട കാലഘട്ടമാണിത്.

**ആർ.പാർവതീദേവി**
*പി. ആർ. ഒ, കുടുംബശ്രീ*

# കുടുംബശ്രീ
## ശാക്തീകരണത്തിൻെറ
# അനുപമ മാതൃക

സാമ്പത്തിക ശാക്തീകരണം പൂർത്തിയായാൽപോലും ആൺകോയ്മാസമൂഹത്തിൽ സ്ത്രീയ്ക്ക് അഭിമാനപൂർണ്ണമായ ഒരു ജീവിതം ലഭ്യമാകില്ലെന്ന് അറിയാവുന്നതുകൊണ്ട് ഏററവും ഭാവനപൂർണ്ണമായ സ്ത്രീപദവി സ്വയം പഠന പ്രക്രിയയും ആരംഭിച്ചിരിക്കുന്നു. ഇതൊരു ബോധവൽക്കരണ പരിപാടിയല്ല. സ്ത്രീകളെ അവരുടെ സ്വന്തം ജീവിതം വിലയിരുത്താനും സ്ത്രീ എന്ന നിലയിൽ നഷ്ടപ്പെട്ടിരിക്കുന്ന അവകാശങ്ങൾ തിരിച്ചറിയാനും പ്രേരിപ്പിക്കുന്നതാണീ നൂതനപദ്ധതി.

37 ലക്ഷം സ്ത്രീകൾ അംഗങ്ങളായ ബൃഹദ് പ്രസ്ഥാനമായ കുടുംസ്ത്രീയുടെ പദവിയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉണ്ടായ ക്രിയാത്മകമാററം വളരെ വലുതാണ്. കുടുംബശ്രീയെ ഒഴിച്ചു നിർത്തിക്കൊണ്ടുള്ള വികസന പ്രവർത്തനം ഇന്ന് അസാദ്ധ്യമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ പങ്കാളിയാണ് കുടുംബശ്രീ; ഒരു ഗുണഭോക്തൃ സമൂഹമല്ല കുടുംബശ്രീ എന്നർത്ഥം!

കുടുംബശ്രീ അടുത്തയിടെ തയ്യാറാക്കിയ ലോഗൊ സൂചിപ്പിക്കുന്നതുപോലെ സ്ത്രീശാക്തീകരണം സാമൂഹ്യശാക്തീകരണം, സാമ്പത്തികശാക്തീകരണം എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള വിപുലവും വൈവിധ്യമാർന്നതുമായ പരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത്. കേരള സംസ്ഥാനം നേരിടുന്ന ഗുരുതരമായ പല പ്രശ്നങ്ങൾക്കും കുടുംബശ്രീ വലിയ ഒരളവുവരെ പരിഹാരം കണ്ടെത്തുന്നു. അതിൽ പ്രധാനമാണ് ഭക്ഷ്യസുരക്ഷ. കാർഷിക മേഖലയിൽ കുടുംബശ്രീ നടത്തുന്ന ഇടപെടലുകൾ അത്ഭുതകരമാംവിധം വേഗത്തിൽ വിജയത്തിലേയ്ക്കു കുതിയ്ക്കുകയാണ്. കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളുടെ നേതൃത്വത്തിൽ സംഘകൃഷി നടക്കുന്നുണ്ട്. നെല്ലും പച്ചക്കറികളും വാഴയും കിഴങ്ങുവർഗങ്ങളും ഇതിൽപ്പെടുന്നു. വയനാട്ടിലെ കുടുംബശ്രീ സംരംഭകർ ഗന്ധകശാലയും ബസുമതിയും ഉൾപ്പടെ കൃഷി ചെയ്തു വരുമാനം ഉണ്ടാക്കുന്നു. ടില്ലർ സ്വയം പ്രവർത്തിപ്പിക്കുന്ന സ്ത്രീ സംഘങ്ങളും വയനാട്ടിലുണ്ട്. യന്ത്രവൽക്കരണം സ്ത്രീകളുടെ തൊഴിൽ ഇല്ലാതാക്കുന്നു എന്ന സിദ്ധാന്തം കുടുംബശ്രീ സഹോദരിമാർ തിരുത്തികുറിക്കുകയാണ്. കുടുംബശ്രീയുടെ *സമഗ്ര* എന്ന ഉത്പാദന വിതരണ ശൃംഖല ഗ്രാമങ്ങളിൽ വലിയ ചലനം തന്നെയാണ് സൃഷ്ടിക്കുന്നത്. പതിനായിരക്കണക്കിന് സ്ത്രീകൾ പങ്കെടുക്കുന്ന *സമഗ്ര*, *സ്ത്രീകൾക്കെപ്പോഴും ചെറുത്* എന്നതിൽ നിന്നും വ്യത്യസ്തമായി ബൃഹദ് പദ്ധതിയാണ്. കൂടുതൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലും കൂടുതൽ വരുമാനവും ഉറപ്പുനൽകുന്നു. സമഗ്രയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ ഏത്തനും പത്തനംതിട്ടയിൽ തേനും എറണാകുളത്ത് പൈനാപ്പിളും കാസർകോഡ് കശുവണ്ടിയും ആണ് ഉത്പാദിപ്പിക്കുന്നത്.

കുടുംബശ്രീ ശ്രദ്ധ നൽകിയിരിക്കുന്ന മററൊരു മേഖലയാണ് പാലുൽപ്പാദനം. കേരളത്തിനാവശ്യമായ പാലിൻെറ ചെറിയൊരു ശതമാനം മാത്രമാണിപ്പോൾ ഉത്പാദിപ്പിക്കുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന രാസവസ്തുക്കൾ ചേർന്ന ഗുണമേന്മയില്ലാത്ത പാലിനു പകരം ശുദ്ധമായ പാൽ ഉൽപ്പാദിപ്പിച്ച് നൽകാൻ കുടുംബശ്രീ പ്രതിജ്ഞാബദ്ധമാണ്. *ക്ഷീരശ്രീ, നേച്ചർ ഫ്രഷ്, ക്ഷീരസാഗരം* തുടങ്ങി വ്യത്യസ്ത പദ്ധതികൾ വിവിധ ജില്ലകളിൽ നടന്നു വരുന്നു.

ഇടുക്കിയിലെ ഇടവെട്ടി പഞ്ചായത്തിലും പാലക്കാട്ടെ കണ്ണാടി പഞ്ചായത്തിലുമാണ് നേച്ചർ ഫ്രഷ് ആരംഭിച്ചിരിക്കുന്നത്. ഒരു സംരംഭകയ്ക്ക്



ഒന്നോ രണ്ടോ പശുവിനെയാണ് നൽകുക. ഏററവും ശാസ്ത്രീയമായി നിർമ്മിച്ച തൊഴുത്തിലാണീ പശുവിനെ വളർത്തുക. പാൽ വിപണനത്തിനു പ്രത്യേക സംഘമുണ്ട്. സ്കൂട്ടറിൽ ഇവർ വന്ന് പാലു ശേഖരിച്ച് ആവശ്യക്കാർക്കു നൽകും. ഓരോ പശുവിനും പ്രത്യേകം നമ്പർ നൽകിയിട്ടുണ്ട്. അതിനാൽ ഓരോരുത്തർക്കും അറിയാം താൻ വാങ്ങുന്ന പാൽ ഏതു പശുവിൻെറയാണെന്ന്. എടുത്തു പറയേണ്ട മറെറാരു പദ്ധതിയാണ് നിവേദ്യം. ഗുരുവായൂർ ക്ഷേത്രത്തിനാവശ്യമായ കദളിപ്പഴം ഉത്പാദിപ്പിച്ചു നൽകുന്നതാണ് നിവേദ്യം. കൊടകരയിലെ നിവേദ്യം ഇതിനകം ഏറെ മാധ്യമ ശ്രദ്ധ നേടിക്കഴിഞ്ഞു. ഉൽപാദനമേഖലയിലും കേരളീയ ഗ്രാമങ്ങളിലെ സാധാരണക്കാരായ സ്ത്രീകൾ കുടുംബശ്രീയുടെ സഹായത്തോടെ വിപ്ലവം തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അച്ചാറും പപ്പടവും ഉൽപാദിപ്പിക്കുന്നതു മുതൽ ഐടി മേഖലയിൽ വരെ കുടുംബശ്രീ സംരംഭകർ തങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. നൂറിലേറെ ഉൽപ്പന്നങ്ങൾ സ്ത്രീകളുടെ കരവിരുതിൽ പൊതുവിപണിയെ സമ്പന്നമാക്കുന്നു. കുടുംബശ്രീയുടെ കുടക്കീഴിൽ നിന്നുകൊണ്ട് ബാങ്കു വായ്പ ലഭ്യമാക്കുകയും കുടുംബശ്രീ മിഷൻ നൽകുന്ന സബ്സിഡി ഉപയോഗപ്പെടുത്തിയും ആണ് വ്യവസായ സംരംഭങ്ങൾ നടത്തുന്നത്. കൗതുക വസ്തുക്കളും വസ്ത്രങ്ങളും ഹെർബൽ ഉത്പന്നങ്ങളും ഭക്ഷ്യവസ്തുക്കളും ഇതിൽപ്പെടുന്നു. സ്വയം വണ്ടി ഓടിച്ച് തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കുന്ന സംരംഭകരുടെ എണ്ണം വർധിച്ചുവരുകയാണ്. 35 വയസ്സിൽ താഴെയുള്ള പുരുഷന്മാർക്കായി കുടുംബശ്രീ തയ്യാറാക്കിയിരിക്കുന്ന യുവശ്രീ പദ്ധതി പ്രയോജനപ്പെടുന്ന പതിനായിരക്കണക്കിനു സംരംഭകരുമുണ്ട്.

തെങ്ങുകയററത്തിന് യന്ത്ര സഹായം തേടുന്ന വനിതാ സംരംഭകരും ശിങ്കാരിമേളം നടത്തുന്നവരും കുടുംബസ്ത്രീയിലുണ്ട്. നമ്മുടെ നഗരങ്ങൾ മാലിന്യമുക്തമായിരിക്കുന്നതിന് സമൂഹം കുടുംബശ്രീയിലെ ദാരിദ്യരേഖയ്ക്ക് താഴെയുള്ള സഹോദരിമാരോട് കടപ്പെട്ടിരിക്കുന്നു. കുടുംബശ്രീയുടെ നേട്ടങ്ങളുടെ പട്ടിക ഇനിയും നീളുകയാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതികളുടെ മേൽനോട്ടം കുടുംബശ്രീയുടെ വാർഡുതല സമിതിയായ എ.ഡി.എസിനാണ്. തൊഴിലുറപ്പുപദ്ധതിയുടെ വിജയത്തിനു പിന്നിൽ ഇതാണു കാരണമെന്നു കണ്ട് മററു പല സംസ്ഥാനങ്ങളും ഈ മാതൃക അനുകരിക്കുവാൻ ആഗ്രഹിക്കുന്നുണ്ട്.



കുടുംബശ്രീയുടെ പരിധിയിൽ പോലും വരുവാൻ കഴിയാത്ത ദരിദ്രരിൽ ദരിദ്രരായവർക്കുവേണ്ടിയുള്ള ആശ്രയവും ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള ബഡ്സ് സ്കൂളും സാമൂഹ്യശാക്തീകരണമേഖലയിലെ സജീവപദ്ധതികളാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുവേണ്ടിയുള്ള ബാലസഭയിൽ ഇന്ന് അംഗസംഖ്യ എട്ടു ലക്ഷം ആയിരിക്കുന്നു. ഇവർക്കുവേണ്ടിയുള്ള സമഗ്രാരോഗ്യപദ്ധതിയും ബാലപഞ്ചായത്തും കുട്ടികളുടെ ശാരീരിക മാനസികാരോഗ്യത്തിനു മാത്രമല്ല ഉതകുന്നത്. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുവാനും ആവശ്യമായ പ്രവർത്തനങ്ങളും കുടുംബശ്രീ ഏറെറടുത്തിരിക്കുന്നു.

സാമ്പത്തിക ശാക്തീകരണം പൂർത്തിയായാൽപോലും ആൺകോയ്മാസമൂഹത്തിൽ സ്ത്രീയ്ക്ക് അഭിമാനപൂർണ്ണമായ ഒരു ജീവിതം ലഭ്യമാകില്ലെന്ന് അറിയാവുന്നതുകൊണ്ട് ഏററവും ഭാവനപൂർണ്ണമായ സ്ത്രീപദവി സ്വയം പഠന പ്രക്രിയയും ആരംഭിച്ചിരിക്കുന്നു. ഇതൊരു ബോധവൽക്കരണ പരിപാടിയല്ല. സ്ത്രീകളെ അവരുടെ സ്വന്തം ജീവിതം വിലയിരുത്താനും സ്ത്രീ എന്ന നിലയിൽ നഷ്ടപ്പെട്ടിരിക്കുന്ന അവകാശങ്ങൾ തിരിച്ചറിയാനും പ്രേരിപ്പിക്കുന്നതാണീ നൂതനപദ്ധതി.

ഇത്തരത്തിൽ സമൂഹത്തിൻെറ സമസ്ത മേഖലകളിലും കുടുംബശ്രീ അനിവാര്യ സാന്നിധ്യമായി കഴിഞ്ഞു. കുടുംബശ്രീയെ അവഗണിക്കുവാനാകാത്ത ശക്തിയായി അംഗീകരിക്കുന്നത് വികസനമേഖലയിലെ പങ്കാളിത്തം കൊണ്ടു തന്നെയാണ്. പല രൂപത്തിലും ഭാവത്തിലുമുള്ള സൂക്ഷ്മ സമ്പാദ്യ സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും തമ്മിലുള്ള ബന്ധം കുടുംബശ്രീയെ വേറിട്ടതാക്കുന്നു. മത-ജാതി-രാഷ്ട്രീയ വ്യത്യാസത്തിനതീതമായി നിൽക്കുന്ന കുടുംബശ്രീ അങ്ങനെ ശാക്തീകരണത്തിൻെറ അനുപമ മാതൃകയാകുന്നു.




**എ. ജി. ഒലീന**
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*

ഗ്രന്ഥകർത്താവ്
വിൽസൻ ഐസക്

പ്രസാധകൻ :
ഡി.സി. ബുക്സ്

വില: 85 രൂപ

# മനുഷ്യമഹത്വത്തിന്റെ പച്ചവിരൽത്തുമ്പ്

ക്രിസ്തു ജീവിതത്തെയും അതിന്റെ വെളിച്ചത്തെയും മനുഷ്യാവസ്ഥയുടെ നിർധാരണങ്ങൾക്കുള്ള ഉപാദാനമായി സ്വീകരിച്ച ദയാബായിയുടെ ജീവിതം വിമോചനദൈവശാസ്ത്രധാരയുടെ സവിശേഷ മാതൃകയായി കാണേണ്ടതാണ്. കാളഹന്ദിയിലെ പട്ടിണി മരണങ്ങളും ഒറീസ്സയിലെ കന്ദമാലും കാണാൻ കഴിയാത്ത സഭാനേതൃത്വവും ദൈവാന്വേഷകരും ദയാബായിയുടെ കൈയിലെ ബൈബിളും അവരുടെ *പച്ചവിരൽ*തൊട്ടുവായിക്കുന്ന നീതിയുടെയും സ്നേഹത്തിന്റെയും അക്ഷരങ്ങളും കണ്ടിരുന്നെങ്കിൽ!

'I've an umbilical cord
Relationship with the mother Goddess.
It's only this relationship
That keeps me going on
Yes, the telephone connection
with the Oopervala (the Highest one)
At times it's just a "Hello"!
At other times It's a stream of tears,
Sometimes It's falling at the feet-
In desperation and remaining in hope!'


(*Cut not the umbilical cord*-poem by Dayabai)

മഹാവേദനകളിൽ മുറിയടച്ചിരുന്ന് ദൈവത്തിനു ടെലഫോൺ ചെയ്യുന്ന, കണ്ണീർപ്പുഴകൾക്കൊടുവിൽ ദൈവത്തോടു ഹൃദയസംവാദം ചെയ്യുന്ന *ദയാബായി*യെന്ന മനുഷ്യാവകാശ പ്രവർത്തകയുടെ ജീവിതവും പ്രവർത്തനങ്ങളും വെളിപ്പെടുത്തുന്ന *പച്ചവിരൽ* എന്ന പുസ്തകം ഇന്നു ന

മ്മുടെ മുന്നിലുണ്ട്. ചുററുമുള്ള ലോകം അനീതിയിലും അക്രമത്തിലും മുങ്ങിച്ചാകുമ്പോൾ അതിൽ നിന്നും മാറി നിർക്കാനാകാതെ (സ്വസ്ഥവും സുരക്ഷിതവുമായ സ്വകാര്യജീവിതത്തിനുള്ള സാധ്യതകൾ നിലനിൽക്കുമ്പോഴും) ലോകത്തിന്റെ അസ്വസ്ഥതകളിൽ ഭാഗഭാക്കാകാൻ കഴിയുന്നവർ ചരിത്രത്തിൽപ്പോലും വിരലിലെണ്ണാവുന്നവർ. അനിശ്ചിതവും അരക്ഷിതവുമായ മനുഷ്യജീവിതങ്ങളോട് വിശേഷിച്ച് ഇന്ത്യയിലെ ആദിവാസിവിഭാഗത്തോട് താദാത്മ്യപ്പെട്ടുകൊണ്ടുള്ള ജീവിതദർശനമാണ് ദയാബായിയുടെ സാന്നിധ്യത്തെ ചരിത്രത്തിലെ അപൂർവ്വതയാക്കുന്നത്. മതാത്മകമായ ആത്മീയതയുടെ നാൾവഴികളിലെ വിലക്കുകളെ മുറിച്ചു കടന്നുകൊണ്ട് ക്രിസ്തുവിന്റെ സ്നേഹസഹനത്തിന്റെ സന്ദേശവാഹകയായി ഗ്രാമീണ ഇന്ത്യയുടെ ഹരിത ജീവിതസാന്നിദ്ധ്യമായി ദയാബായി എന്ന മലയാളി ഇന്നു നമുക്കിടയിൽ ജീവിക്കുന്നു. ഈ ജീവിതത്തെ മുഖാമുഖം കണ്ടില്ലെങ്കിൽ ഒരിക്കലും തീരാത്ത ഈ ജീവിതം വായിക്കുകയും എഴുതപ്പെടാതിരിക്കുകയും ചെയ്താൽ അതൊരു തീരാനഷ്ടമായിരിക്കും, ചരിത്രത്തോടു ചെയ്യുന്ന അനീതിയായിരിക്കും. അതിനാൽ അനുഭവതീക്ഷ്ണമായ ഈ ജീവിതം കന്യാമഠത്തിൽ നിന്നും കീഴാളമണ്ണിലെത്തിയ ദയാബായിയുടെ ജീവിതം - മലയാള വായനയ്ക്കു സമർപ്പിച്ച വിത്സൻ തോമസ്സിനും നന്ദി പറയാം.

പാലായിലെ പൂവരണിയിൽ 1941 ൽ ജനിച്ച മേഴ്സി മാത്യുവെന്ന മലയാളി പെൺകുട്ടി കന്യാസ്ത്രീയുടെ പദവിക്കു കാത്തു നിൽക്കാതെ 1965 ൽ കോൺവെൻറുപേക്ഷിച്ച് അധ്യാപികയായും സന്നദ്ധസേവികയായുമൊക്കെ വിവിധ ഇന്ത്യൻ പ്രദേശങ്ങളിലെ ദുരിതഭൂമികളിൽ തന്റെ മണ്ണു കണ്ടെത്തുകയായിരുന്നു. ദുരിതങ്ങൾ തീരാത്ത ഗോത്രവർഗഗ്രാമങ്ങളിലും കെടുതികൾ നിറഞ്ഞ പുനരധിവാസമേഖലകളിലും അഭയാർത്ഥിക്യാമ്പുകളിലും ദുരന്തഭൂമികളുമാണ് അവർ തന്റെ ഇടം കണ്ടെത്തിയത്. മതം മയക്കാത്ത മനുഷ്യത്വമായിരുന്നു അവരുടെ ദൈവദർശനത്തിന്റെ അടിത്തറ. ഞാൻ കണ്ട മഹാത്മാവ് ഏററവും മനുഷ്യവത്കരിക്കപ്പെട്ടിരിക്കുന്നു വെന്ന സരതുഷ്ടയുടെ വാക്കുകളെ അനുസ്മരിപ്പിക്കും വിധം നിഷ്കാമകർമത്തിലൂടെയും ആത്മത്യാഗത്തിലൂടെയും മനുഷ്യസാധ്യമായ മഹാമാർഗങ്ങൾ തുറന്നിടുകയാണ് ദയാബായി. സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാത്തരം അസമത്വങ്ങൾക്കുമെതിരെ സന്ധിയില്ലാസമരം ചെയ്യുന്ന ദയാബായിയുടെ മാർഗം അനായാസമായിരുന്നില്ല. ഗോത്രവർഗക്കാർക്കിടയിൽ അവരായിത്തന്നെ ജീവിക്കുക എന്ന ദുഷ്ക്കരമായ ദൗത്യത്തിനിടയിൽ പോലീസുൾപ്പെടെയുള്ള അധികാരി വർഗത്തിൽ നിന്നും നേരിട്ട ദുരനുഭവങ്ങൾ പച്ചവിരൽത്തുമ്പിൽ നിന്നും നമുക്കു തൊട്ടെടുക്കാം. ജൈവകൃഷിയുടെയും ജലസംരക്ഷണത്തിന്റെയും പ്രായോഗികപാഠങ്ങൾ ഇന്ത്യയിലെ വിവിധ ആദിവാസി ഗോത്ര വിഭാഗങ്ങൾക്കിടയിൽ പ്രചരിപ്പിച്ചുകൊണ്ട് ദയാബായിയുടെ ജീവിതം മുന്നോട്ടുതന്നെ പോകുന്നു. 1979 മുതൽ നീണ്ട ആറു വർഷക്കാലം അവർ ബോംബെയിലെ ചേരികളിലും 1981 മുതൽ 1995 വരെ

തിൻസെ എന്ന ഗോത്രവർഗഗ്രാമത്തിലും 1995 മുതൽ
ചിന്ത്വാഡായിലെ തന്നെ ബറൂൾ എന്ന ഗ്രാമത്തിലു
മാണ് ജൈവ ചൈതന്യസന്ദേശവാഹകയായി ദയാബാ
യി ജീവിച്ചത്. പ്രകൃതിയിലെയും മനുഷ്യഹൃദയത്തി
ലെയും ആർദ്രതയെ, പച്ചപ്പിനെ തൊട്ടെടുക്കാൻ പ്രാ
പ്തമായ പച്ചവിരലിന്റെ ഉടമയ്ക്ക് ഒരു ശരാശരി ഇ
ന്ത്യൻ സ്ത്രീ, നേരിടേണ്ടിവരുന്ന എല്ലാത്തരം അപമ
തികളും. സഹിക്കേണ്ടിവന്നതിന്റെ ചിത്രവും പച്ചവി
രൽ കാട്ടിത്തരുന്നുണ്ട്. ഇംഗ്ലീഷുൾപ്പെടെ വിവിധ ഭാ
ഷകളറിയുന്ന ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള ഒ
രു വ്യക്തിയെ സമൂഹം തിരിച്ചറിയുന്നത് വസ്ത്രത്തി
ന്റെയും ശരീരഭാഷയുടെയും മുദ്രകളിലൂടെയും അട
യാളങ്ങളിലൂടെയുമാണെന്ന് ദയാബായിയുടെ നിരവധി
അനുഭവങ്ങൾ തെളിവുനൽകുന്നു. ജനാധിപത്യ ഭരണ
സംവിധാനത്തിൽ പോലും സാധാരണ ദരിദ്രജനവിഭാ
ഗങ്ങൾക്കു ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾപോലും ഇ
ടനിലക്കാരൻ തട്ടിയെടുക്കുന്നതിനെ ദയാബായി രൂക്ഷ
മായി വിമർശിക്കുന്നുണ്ട്. സ്ഥാപനവത്ക്കരിക്കപ്പെട്ട എ
ല്ലാ അധികാരകേന്ദ്രങ്ങളും ആവനാഴിയിലെ ഒടുവില
ത്തെ ആയുധവും അവർക്കു നേരേ പ്രയോഗിക്കുന്നു



ണ്ട്. മതപരിവർത്തനത്തിന്റെയും നക്സലൈററ് പ്രവർത്തനത്തിന്റെയും ഇരുതലമൂർച്ചയുള്ള വാളും അവരുടെ നേർക്ക് പ്രയോഗിക്കപ്പെട്ടു. എല്ലാ പ്രതിരോധങ്ങൾക്കുമപ്പുറം മനുഷ്യമോചനം സ്വപ്നം കാണുന്ന, മതം മയക്കാത്ത മനുഷ്യത്വത്തിൽ വിശ്വാസമർപ്പിച്ച യഥാർത്ഥ സാമൂഹ്യപ്രവർത്തകയെ തളർത്താൻ ഈ ആയുധങ്ങൾക്കൊന്നും വീര്യം പോരെന്നു തന്നെയാണ് ദയാബായിയുടെ നിലയ്ക്കാത്ത പ്രവർത്തനങ്ങൾ തെളിയിക്കുന്നത്. അംഗീകാരങ്ങളെയും ബഹുമതികളെയും ഭയക്കുന്ന, അവയിൽ നിന്നകന്നു നിൽക്കുന്ന ദയാബായിക്ക് ഈ വർഷത്തെ *കെ.വി.സുരേന്ദ്രനാഥ് അവാർഡ്* ലഭിച്ചിരിക്കുകയാണ്. ക്രിസ്തു ജീവിതത്തെയും അതിന്റെ വെളിച്ചത്തെയും മനുഷ്യാവസ്ഥയുടെ നിർധാരണങ്ങൾക്കുള്ള ഉപാദാനമായി സ്വീകരിച്ച ദയാബായിയുടെ ജീവിതം വിമോചനദൈവശാസ്ത്രധാരയുടെ സവിശേഷ മാതൃകയായി കാണേണ്ടതാണ്. കാളഹന്ദിയിലെ പട്ടിണി മരണങ്ങളും ഒറീസ്സയിലെ കന്ദമാലും കാണാൻ കഴിയാത്ത സഭാനേതൃത്വവും ദൈവാന്വേഷകരും ദയാബായിയുടെ കൈയിലെ ബൈബിളും അവരുടെ *പച്ചവിരൽ*തൊട്ടുവായിക്കുന്ന നീതിയുടെയും സ്നേഹത്തിന്റെയും അക്ഷരങ്ങളും കണ്ടിരുന്നെങ്കിൽ!

**പ്രൊഫ.ടി.എ.ഉഷകുമാരി**
*മുൻ വൈസ് പ്രസിഡൻറ്, എ.കെ.പി.സി.ടി.എ*


# തൊഴിലിടങ്ങളിലെ പെൺകരുത്ത്

ആഗോള ഉദാരവൽക്കരണശക്തികളുടെ മൂലധന പ്രവാഹത്തിൽ തകർന്നുന്നപോകുന്ന വ്യവസായങ്ങളെയും നഷ്ടപ്പെടാൻ പോകുന്ന തൊഴിലിനേയും സംരക്ഷിക്കാൻ പോരാട്ടമല്ലാതെ മറെറാന്നുമില്ല എന്ന തിരിച്ചറിവാണ് ഈ പെൺകരുത്തിനുള്ളത്.

വീട്ടിന് പുറത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾ 2010 ജനവരി 7,8,9 തീയതികളിൽ തിരുവനന്തപുരത്ത് ബിടിആർ മെമ്മോറിയൽ ഹാളിൽ ഒത്തുചേർന്നു. നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തെ അന്വർത്ഥമാക്കും വിധമായിരുന്നു വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള 300 പ്രതിനിധികളുടെ സംഗമം.

1979 ൽ സി ഐ ടി യു മുൻകൈ എടുത്ത് മദ്രാസിൽ വെച്ച് നടന്ന കൺവെൻഷനിലാണ് അഖിലേന്ത്യാ വർക്കിംഗ്, വിമൻസ് കോ-ഓർഡിനേഷൻ കമ്മിററി രൂപം കൊള്ളുന്നത്. സ്ത്രീകളെന്ന നിലയിലും, തൊഴിലാളികളെന്ന നിലയിലും നേരിടുന്ന ഇരട്ടച്ചൂഷണത്തിൻെറ ഇരകളാണ് പരമ്പരാഗത അസംഘടിത, വ്യവസായിക പൊതുമേഖല, ഐടി സർവ്വീസ് മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളേറെയും.

8 മണിക്കൂർ ജോലി, മിനിമം കൂലി, സ്ത്രീ സംരക്ഷണ നിയമങ്ങൾ, തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷ എന്നിവയെല്ലാം ഇന്നും പരിഹരിക്കപ്പെടാതെ കിടക്കുന്ന പ്രശ്നങ്ങളാണ്. 16 മണിക്കൂർ വരെ ജോലി ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് ലഭിക്കുന്നത് തുച്ഛമായ വേതനവുമാണ്. സ്വകാര്യ ആശുപത്രിജീവനക്കാർ ആരോഗ്യമേഖലയിലെ സന്നദ്ധപ്രവർത്തകരായ ആശാ വർക്കർമാർക്ക് ഇൻസെൻറീവ് എന്ന പേരിലാണ് 400 രൂപ പ്രതിമാസം ലഭിക്കുന്നത്. സ്കൂൾ പാചകത്തൊഴിലാളികൾ തുടങ്ങിയവർക്ക് ജോലി സുരക്ഷയോ, മതിയായ വേതനമോ ലഭ്യമാകാത്ത അവസ്ഥയിലാണ്. ജോലി ചെയ്യുന്നത്. സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ യാതൊരു തൊഴിൽ നിയമവും ബാധകമല്ലാത്ത സ്ത്രീ തൊഴിലാളികളുടെ അവസ്ഥയും പരിതാപകരമാണ്. സ്വകാര്യവൽക്കരണഭീഷണിയെ നേരിടുന്ന ലക്ഷക്കണക്കായ അംഗൻവാടി ജീവനക്കാരുമുണ്ട്





നേതൃത്വനിരയിലും തീരുമാനങ്ങളെടുക്കുന്ന വേദികളിലും പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. സ്ത്രീകൾ തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗമാണ്. സ്ത്രീ പ്രശ്നങ്ങൾ തൊഴിലാളി പ്രശ്നങ്ങളാണെന്ന് ട്രേഡ്യൂണിയൻ നേതൃത്വം മനസ്സിലാക്കി, മുന്നോട്ടു വരുമ്പോൾ മാത്രമേ തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം സാദ്ധ്യമാകൂ. പുരുഷാധിപത്യപരമായ മൂല്യങ്ങൾ ആന്തരികവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിൽ അവസരമത്വവും, സ്വാതന്ത്ര്യവും സ്ത്രീക്ക് നിഷേധിക്കപ്പെടുന്നുണ്ട്. ട്രേഡ് യൂണിയൻ രംഗത്തും ഇത്തരം പ്രവണതകളുണ്ട്. ഓരോ സംഘടനയും ഇത് തിരിച്ചറിഞ്ഞ് സ്ത്രീകളെ നേതൃനിരയിലേക്ക് കൊണ്ടുവരാനും തുല്യവസരങ്ങൾ നൽകാനുമുള്ള ഇടപെടലുകൾ നടത്തണം, സ.പാന്ഥെ അഭിപ്രായപ്പെട്ടു. എകെപിസിടിഎ പ്രതിനിധിയായി വനിതാ കമ്മററി കൺവീനർ ഡോ.ലേഖാ നരേന്ദ്രൻ പങ്കെടുത്തു. ജനുവരി 9ന് വൈകുന്നേരം സമാപിച്ച സമ്മേളനം ഡോ.ഹേമലത കൺവീനറായി 33 അംഗ അഖിലേന്ത്യാ കമ്മിററിക്ക് രൂപം നൽകി. അടുക്കളയിൽ നിന്ന് പോരാട്ടങ്ങളിലൂടെ അരങ്ങിലെത്തിയ സ്ത്രീ ചുവടുറപ്പിക്കാൻ സംഘടിത സമരങ്ങളിലൂടെ മുന്നേറേണ്ടതിന്റെ ആവശ്യകത അടിവരയിടുന്നതായിരുന്നു രണ്ടു ദിവസത്തെ കൺവെൻഷൻ.

ആഗോള ഉദാരവൽക്കരണശക്തികളുടെ മൂലധന പ്രവാഹത്തിൽ തകർന്നുന്നപോകുന്ന വ്യവസായങ്ങളെയും നഷ്ടപ്പെടാൻ പോകുന്ന തൊഴിലിനേയും സംരക്ഷിക്കാൻ പോരാട്ടമല്ലാതെ മറെറാന്നുമില്ല എന്ന തിരിച്ചറിവാണ് ഈ പെൺകരുത്തിനുള്ളത്. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 30 പ്രതിനിധികൾ ഇത്തരമൊരു ചിത്രമാണ് റിപ്പോർട്ട് ചർച്ചയിൽ വരച്ചു കാട്ടിയത്.

ജനുവരി 7ന് വൈകുന്നേരം പ്രസ് ക്ലബ് പരിസരത്ത് വിവിധ തൊഴിലിടങ്ങളിൽ നിന്ന് വന്നെത്തിയ 2000ത്തിലധികം സ്ത്രീ തൊഴിലാളികൾ നടത്തിയ പ്രകടനം നഗരത്തിന് പുത്തനനുഭവമായി. വ്യത്യസ്ഥ ഭാഷകളിൽ ആവേശോജ്വലമായ മുദ്രാവാക്യം വിളിച്ച് ചെങ്കൊടിയുമേന്തി രണ്ടുവരിയായി നീങ്ങിയ പ്രകടനം ഗാന്ധിപാർക്ക് മൈതാനിയിൽ അവസാനിച്ചു. സിഐടിയു അഖിലേന്ത്യാ പ്രസിഡൻറ് സ.എം.കെ.പാന്ഥെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. വർക്കിംഗ് വിമൻസ് കോ-ഓർഡിനേഷൻ അഖിലേന്ത്യാ കൺവീനർ ഡോ.ഹേമലത സിഐടിയു അഖിലേന്ത്യാ വൈസ് പ്രസിഡൻറ് ജെ.മേഴ്സിക്കുട്ടിയമ്മ എന്നിവർ സദസ്സിനെ അഭിസംബോധനചെയ്തു.

ജനുവരി 8ന് ബിടിആർ ഭവനിൽ വെച്ചുനടന്ന ഉദ്ഘാടന സമ്മേളനം സ.എം.കെ.പാന്ഥെ ഉദ്ഘാടനം ചെയ്തു. അതിശക്തമായ തൊഴിലാളി മുന്നേററം സാദ്ധ്യമാകണമെങ്കിൽ സ്ത്രീകളുടെ സംഘടനയിലെ പങ്കാളിത്തം മാത്രമല്ല,



**മണിയമ്മ കെ.സി.**
*സെൻറ് പാൾസ് കോളജ് കളമശ്ശേരി*

# വിദ്യാഭ്യാസ പരിഷ്ക്കരണം ആധുനിക കാലഘട്ടത്തിൽ

ഇന്ത്യയിലെ വിദ്യാഭ്യാസത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ രണ്ടു ഘടകങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടതുണ്ട്. ഒന്ന്, എല്ലാ ജനങ്ങൾക്കും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നും രണ്ട്, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർന്നതാണോ എന്നും ഉള്ളതാകുന്നു. ഈ രണ്ട് വശങ്ങളെ പരിശോധിക്കുമ്പോഴും ഇന്ത്യ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്നു മനസിലാകും.പിന്നോക്കാവസ്ഥ, വിദ്യാഭ്യാസത്തിന്റെ അഭാവം, പിന്നോക്കാവസ്ഥ എന്ന രീതിയിലുള്ള ഒരു ദൂഷിത വലയം നിലനില്ക്കുന്നു. അത് ഭേദിക്കണമെങ്കിൽ സർക്കാരിന്റെ ശക്തമായ ഇടപെടൽ തന്നെ വേണം.

ജീവവായുപോലെ തന്നെ മനുഷ്യന്റെ നിലനില്പിന് അവശ്യം വേണ്ടുന്ന ഘടകമാണ് വിദ്യാഭ്യാസം. അല്പം കൂടെ ചുഴിഞ്ഞു ചിന്തിച്ചാൽ നിലനില്പിനു മാത്രമല്ല, മനുഷ്യന്റെ പൂർണ്ണതയ്ക്കും മനുഷ്യ വർഗ്ഗത്തിന്റെ പുരോഗതിയ്ക്കും അടിത്തറ പാകുന്നത് വിദ്യാഭ്യാസമാണ് എന്നു വ്യക്തമാകും. അതുകൊണ്ടു തന്നെയാണ് പ്രാചീനകാലം മുതൽക്കേ വിദ്യാഭ്യാസവും വിദ്യാഭ്യാസ വിഷയങ്ങളും ചിന്തകന്മാരുടെ ശ്രദ്ധയാകർഷിച്ചിരുന്നതും, വിദ്യാഭ്യാസത്തെപ്പററി ദർശനങ്ങൾ രൂപപ്പെടുത്തുവാൻ അവർ ഉദ്യമിച്ചിരുന്നതും. ഇന്നും വിദ്യാഭ്യാസം ഏററവുമധികം ശ്രദ്ധയാകർഷിക്കുന്നതും ചർച്ചചെയ്യപ്പെടുന്നതുമായ വിഷയമായി അവശേഷിക്കുന്നു. പക്ഷേ ചർച്ചകളുടെ രൂപവും ഭാവവും മാറിയിരിക്കുന്നു. ചർച്ചകളുടെ കാതലായ വശങ്ങളും, വിരുദ്ധ അഭിപ്രായങ്ങളും, യാഥാർത്ഥ്യങ്ങളും ഈ ഉപന്യാസത്തിൽ ഉടനീളം പ്രതിഫലിക്കുന്നതായി കാണാം.

ഇവിടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് വിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും. അരിസ്റേറാട്ടിലിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ആത്മ സാക്ഷാത്കാരത്തിനും അവന് പൂർണ്ണത കൈവരിക്കാനും വിദ്യാഭ്യാസം ആവശ്യമാണ്. *സന്തോഷവാനായ മനുഷ്യൻ വിദ്യാഭ്യാസമുള്ള മനുഷ്യനാണ്* എന്നദ്ദേഹം അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസം സർക്കാർ ചെലവിലായിരിക്കണം എന്നും അരിസ്റേറാട്ടിൽ നിഷ്ക്കർഷിച്ചിരുന്നു.

മഹാത്മഗാന്ധിയുടെ അഭിപ്രായത്തിൽ മനുഷ്യനിലുള്ള നല്ലതിനെ പുറത്തു കൊണ്ടു വരികയും പോഷിപ്പിക്കുകയും ചെയ്യുകയാണ് വിദ്യാഭ്യാസം വഴി കൈവരിക്കാൻ കഴിയുന്നത്. എല്ലാ നിർവ്വചനങ്ങളെയും പൊതുവെ ബന്ധിപ്പിക്കുന്ന ഇഴ മനുഷ്യനന്മയും മനുഷ്യ വർഗ്ഗത്തിന്റെ പുരോഗതിയുമാണ്.

ഇന്ത്യയിലെ വിദ്യാഭ്യാസത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ രണ്ടു ഘടകങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടതുണ്ട്. ഒന്ന്, എല്ലാ ജനങ്ങൾക്കും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നും രണ്ട്, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർന്നതാണോ എന്നും ഉള്ളതാകുന്നു. ഈ രണ്ട് വശങ്ങളെ പരിശോധിക്കുമ്പോഴും ഇന്ത്യ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്നു മനസിലാകും. അതായത് അളവിലും മേന്മയിലും പോരായ്മകൾ നിലനില്ക്കുന്നുണ്ട്.

എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് തടസമായി നില്ക്കുന്ന കാരണങ്ങളിൽ സാമ്പത്തിക പരിമിതി പോലെ തന്നെ തുല്യപ്രാധാന്യമർഹിക്കുന്ന കാരണമാണ് ജാതി വ്യവസ്ഥ. പൊതുവേ പറയുവാനാണെങ്കിൽ ജാതിയും സാമ്പത്തിക സ്ഥിതിയും നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അതായത് കീഴ്ജാതിക്കാർ പൊതുവെ താഴ്ന്നവരുമാനക്കാരായിരിക്കും. ഇന്ത്യയിൽ ജാതി വ്യവസ്ഥ കാലവ്യത്യാസമില്ലാതെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിർണായക സ്വാധീനം ചെലുത്തുന്നു. ഭരണത്തിലും, രാഷ്ട്രീയത്തിലും, വിദ്യാഭ്യാസത്തിലും സാമൂഹ്യ ജീവിതത്തിലും എല്ലാ ജാതിവ്യവസ്ഥയുടെ നീരാളിപ്പിടുത്തം ദർശിക്കുവാൻ സാധിക്കും. പ്രാചീന കാലം മുതൽക്കേ വിദ്യാഭ്യാസം താഴ്ന്ന ജാതികൾക്ക് നിഷേധിച്ചിരുന്നു. ഇന്നും ഈ അവസ്ഥയ്ക്ക് കാര്യമായ വ്യത്യാസം ഉണ്ടായിട്ടില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ആധുനിക കാലഘട്ടത്തിലെ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങൾ ചർച്ചാ വിഷയമാക്കുമ്പോൾ, നിലവിലുള്ള വിദ്യാഭ്യാസ സംവിധാനത്തിലെ അപര്യാപ്തതകൾ അംഗീ

കരിക്കുന്നതായി മനസിലാക്കുവാൻ സാധിക്കും. ഏതു സംവിധാനവും തുടർപ്രക്രിയയാണ്. അതിൽ ഭൂതവും, വർത്തമാനവും ഭാവിയും എല്ലാം ഉൾക്കൊള്ളുന്നു. ഏതൊരു രാഷ്ട്രീയത്തിന്റെയും നിലവിലുള്ള വിദ്യാഭ്യാസ പദ്ധതി തീർച്ചയായും ഭൂതകാലത്തിന്റെ തുടർച്ച തന്നെയാണ്. ഓരോ കാലഘട്ടത്തിലെയും ചിന്താഗതികളും സവിശേഷതകളും ആ കാലത്തെ വിദ്യാഭ്യാസരീതികളെ സ്വാധീനിക്കുമെന്ന് മാത്രം.

ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായം വളരെ പ്രാചീന കാലങ്ങളിൽ ' ഗുരുകുല' സമ്പ്രദായമായിരുന്നു. ഗുരുവും ശിഷ്യരും ഒരുമിച്ച് താമസിച്ച് വിദ്യ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. പാഠ്യവിഷയങ്ങൾ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിലുള്ളവയായിരുന്നു ധനുർവിദ്യയും വേദങ്ങളും ഉപനിഷത്തുകളുമെല്ലാം ഈ വിധം തന്നെ അഭ്യസിപ്പിച്ചിരുന്നു. പക്ഷേ വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യമായിരുന്നില്ല. ജാതി വ്യവസ്ഥ വിദ്യാഭ്യാസ സാർവ്വത്രികതയെ ഹനിച്ചിരുന്നു.

ഇന്ത്യയുടെ മദ്ധ്യകാലഘട്ടത്തിൽ അനുവർത്തിച്ചു പോന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന് പ്രാചീന കാലത്ത് നിലനിന്നിരുന്ന സമ്പ്രദായത്തിൽ നിന്ന് കാര്യമായ വ്യത്യാസം ഉണ്ടായതായിക്കാണുന്നില്ല. വിദ്യാഭ്യാസം മദ്ധ്യ കാലഘട്ടത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യമായിരുന്നില്ല. പാഠ്യവിഷയങ്ങളിലും പ്രാചീന കാലത്തെ അപേക്ഷിച്ച് കാര്യമായ മാററങ്ങൾ ഉണ്ടായിട്ടില്ല.

വിദ്യാഭ്യാസത്തിൽ ആധുനിക കാലഘട്ടം എന്നു വിശേഷിപ്പിക്കാവുന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തിനു ശേഷം ഉണ്ടായിട്ടുള്ളതാണ്. ബ്രിട്ടീഷ് ഭരണകാലത്ത് ഭരണ കാര്യങ്ങളിൽ സഹായിക്കുന്ന ഒരു ഉദ്യോഗസ്ഥ വർഗ്ഗത്തെ വാർത്തെടുക്കുവാനുതകുന്ന വിദ്യാഭ്യാസ സമ്പ്രദായം ബ്രട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കി. ഏതാണ്ട് 20-ാം നൂററാണ്ടിന്റെ ആരംഭം മുതൽ ക്യസ്ത്യൻ മിഷണറിമാരുടെയും സാമൂഹ്യ പരിഷ്ക്കർത്താക്കളുടെയും പ്രവർത്തന ഫലമായി വിദ്യാഭ്യാസം കൂടുതൽ വിഭാഗങ്ങൾക്ക് ലഭ്യമായി തുടങ്ങിയിരുന്നു. എന്നിരുന്നാലും ദളിതർക്കും പിന്നോക്ക വർഗ്ഗങ്ങൾക്കും വിദ്യാഭ്യാസം നിഷിദ്ധമായി തന്നെ തുടർന്നു പോന്നു.

ആധുനികോത്തര കാലഘട്ടത്തിൽ വിദ്യാഭ്യാസം വളരെയധികം വിവാദങ്ങൾ നിറഞ്ഞതാണ്. സ്വാശ്രയവും, ഫീസ് ഘടനയും, വിദേശ യൂണിവേഴ്സിററികളും, കല്പിത സർവ്വകലാശാലകളും സംവരണവും, സ്വയംഭരണവും എല്ലാം ചർച്ചാ വിഷയങ്ങൾ തന്നെ. പക്ഷെ ഇവയെല്ലാം തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. പ്രൈമറി വിദ്യാഭ്യാസത്തിന് ഇന്നും അർഹിക്കുന്ന ശ്രദ്ധയോ പ്രാധാന്യമോ ലഭിക്കുന്നില്ല.


വിദ്യാഭ്യാസ മേഖലയ്ക്കുള്ള സർക്കാർ ഫണ്ട് നീക്കി വെച്ച് GDP യുടെ 3% മാത്രമാണ്. 6% ലക്ഷ്യം വെച്ചിട്ടുണ്ടെങ്കിലും ഇതുവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഫണ്ടിന്റെ ഭൂരിഭാഗവും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പോകുന്നു ( കഴിഞ്ഞ ബജററിലും സ്ഥിതി അതാണ്) എന്നാൽ കണക്കുകൾ കാണിക്കുന്നത് 17- 21 പ്രായത്തിലുള്ള ആളുകളിൽ 10% താഴെ മാത്രമെ ഉന്നത വിദ്യാഭ്യാസത്തിന് എൻറോൾ ചെയ്യപ്പെടുന്നുള്ളു. ജാതിയുടെയും ഉപജാതിയുടെയും അനുപാതമനുസരിച്ച് തരം തിരിക്കുമ്പോൾ, ഏറെയും ദളിതരും പിന്നോക്കക്കാരുമാണ് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണങ്ങൾ അനുഭവിക്കാതെ പോകുന്നത്. ആ വിഭാഗത്തിൽപ്പെട്ടവർക്ക്, മത്സരശേഷിയില്ല, സാമ്പത്തിക പിന്നോക്കാവസ്ഥ എന്തൊക്കെയാണ് അവസരങ്ങൾ എന്നു മനസ്സിലാക്കുവാനുള്ള കഴിവില്ലായ്മ ഇവയെല്ലാം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

*സ്വാശ്രയം* ഒരു വിദ്യാഭ്യാസ യാഥാർത്ഥ്യമായി ഇന്ത്യയിൽ മാറിക്കഴിഞ്ഞു. മഹാത്മഗാന്ധി രൂപം കൊടുത്ത സ്വാശയ സങ്കല്പത്തിൽ നിന്ന് തുലോം വ്യത്യസ്ഥമായ ഒരു സ്വാശ്രയ യാഥാർത്ഥ്യമാണ് ഇവിടെ നിലകൊള്ളുന്നത്. ഗാന്ധിജിയുടെ ' അടിസ്ഥാന വിദ്യാഭ്യാസത്തിൽ, വിദ്യാർത്ഥികളെ സ്കൂൾ തലത്തിൽ തന്നെ ഏതെങ്കിലും കൈത്തൊഴിൽ അഭ്യസിപ്പിക്കുന്നതിനെക്കുറിച്ചും സ്കൂളുകൾ സ്വാശ്രയമാകുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. വിദ്യാർത്ഥികൾ തൊഴിലഭ്യസിച്ച് ഉല്പാദനം നടത്തി വിദ്യാലയങ്ങൾക്ക് വരുമാനമുണ്ടാക്കി അതിന്റെ നടത്തിപ്പിനു വേണ്ട വരുമാനം കണ്ടെത്തുക എന്നതായിരുന്നു ഗാന്ധിയൻ അഭിപ്രായം. രണ്ട്, ഉദ്ദേശങ്ങളാണ് മഹാത്മഗാന്ധിക്ക് ഉണ്ടായിരുന്നത്. ഒന്ന്, സർക്കാർ ഫണ്ടിന്റെ അഭാവം മൂലം (അപര്യപ്തതമൂലം) പ്രത്യേകിച്ച് താഴ്ന്ന വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള സാധ്യത ഇല്ലാതാകുന്നത് രണ്ട് വിദ്യാഭ്യാസത്തിൽ രാഷ്ട്രീയ സ്വാധീനം ഒഴിവാക്കുക. ' അടിസ്ഥാന വിദ്യാഭ്യാസം' പൂർണ്ണമായി കുററമററതാണെന്നോ, കാലോചിതമാണെന്നോ ഉള്ള അഭിപ്രായം ഇത് എഴുതുന്നയാൾക്കില്ല. പക്ഷേ ഇന്നു നിലവിലുള്ള ' സ്വാശ്രയം' എത്ര വ്യത്യാസമാണ് എന്നു കാണിക്കുവാൻ മാത്രമാണ് ഗാന്ധിയൻ സ്വാശ്രയം ഇവിടെ എടുത്തു കാണിച്ചത്. ഇന്നു നിലവിലുള്ള സ്വാശ്രയത്തിൽ വിദ്യാഭ്യാസം പൂർണ്ണമായി ഒരു വില്പന ചരക്കായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു. അറിവ് ആർജ്ജിക്കുവാൻ സഹായിക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ഏററവും അടിസ്ഥാനപരമായ ലക്ഷ്യം ഒട്ടും തന്നെ നിറവേററപ്പെടുന്നില്ല. സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകൾ ഏററവും നല്ല ഉദാഹരണം. വിദേശ സർവ്വകലാശാലകളും ലാഭേച്ഛയോടെത്തന്നെയാണ് കടന്നു വരുന്നത്. അവിടെയും താഴ്ന്ന വരുമാനക്കാരും അധഃസ്ഥിതരും പിൻതള്ളപ്പെടും. വിദ്യാഭ്യാസം മേൽഗതിക്കുള്ള ചവിട്ടു പടിയാണെന്നിരിക്കിലും നല്ലൊരു ശതമാനം ജനങ്ങൾ തഴയപ്പെടുന്ന അവസ്ഥയ്ക്ക് സമീപ ഭാവിയിൽ പരിഹാരമുണ്ടാകുമെന്ന് തോന്നുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിന്റെ നവീകരണാർത്ഥം നിയമിക്കപ്പെട്ടിട്ടുള്ള യശ്പാൽ കമ്മീഷന്റെ റിപ്പോർട്ട് വളരെ യാഥാർത്ഥ്യമാണ്.

പ്രൈമറി വിദ്യാഭ്യാസ മേഖല, വിദ്യാഭ്യാസത്തിന്റെ അടിത്തറ പാകുന്നു എന്ന നിലയ്ക്ക്, പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് പറയാതെ പോകുന്നത് ശരിയാവില്ല. ഏററവും ലളിതമായി പറയുവാനാണെങ്കിൽ പ്രൈമറി വിദ്യാഭ്യാസം അവഗണിക്കപ്പെട്ട നിലയിലാണ്. ഫണ്ട് വിഭജനം (ബജററ്) വരുമ്പോഴും പ്രൈമറി മേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നല്കാറില്ല. 1964 ൽ 6- 14 നും ഇടയ്ക്ക് പ്രായമുള്ള എല്ലാവർക്കും നിർബന്ധിത സൗജന്യ വിദ്യാഭ്യാസം എന്ന ലക്ഷ്യം വെച്ചിരുന്നു. ഇന്നും ദേശീയ ശരാശരി പ്രാഥമിക വിദ്യാഭ്യാസ എൻറോൾമെന്റ് 80% ൽ താഴെയാണ്. ഹൈസ്കൂൾ

**ടി.ഗിരിജ**
വി.ടി.എം.എൻ.എസ്.എസ് കോളജ്, ധനുവച്ചപുരം

# മഹായാനം



നിഴൽപ്പാടൊതുക്കം.... മഹാമൗനപർവ്വം
നിഗൂഢാന്ധകാരം ശിലാക്രോധരൂപം
കടന്നും, പടർന്നും, ശപിച്ചേ ചുരുങ്ങു
ന്നൊരേകാന്ത സന്ധ്യയ്ക്കു കണ്ണീർതിളക്കം

ഉയർന്നേ പറക്കും പരുന്തിൻെറ കണ്ണിൽ
പതിയ്ക്കുന്ന രൂപപ്പകർച്ചയ്ക്കുമൊപ്പം
വിധി,ന്യായമെന്നേ പുലമ്പിത്തുലച്ചും
തളർന്നും, കിതച്ചും, മുടന്തി,ത്തിരച്ചൂടു
പങ്കിട്ടുറങ്ങും..... നിനക്കേതു സ്വർഗ്ഗം
കറുക്കും തുരുത്തിൽ

വെളുത്തോരു പൂച്ചയ്ക്കടുത്തെത്തി, മീൻകുട്ട
താഴത്തു വച്ചേ കിനാക്കൾ കവർന്നും
ചുരുങ്ങുന്ന ലോകം പകുത്തും, മറന്നും
മണൽമൂടി വാത്മീകമായിച്ചമഞ്ഞും
പൂക്കാത്ത കൊന്നയ്ക്കു മങ്ങേപ്പുറത്തെൻ
കിനാക്കൾ കവർന്നാരു പൊങ്ങിപ്പറന്നോ?

മാറാല മൂടിത്തപിയ്ക്കുന്ന കണ്ണി-
ന്നകത്തെ പ്രതിഷ്ഠയ്ക്കു പൂജാരിയെത്തി
ക്കവാടം തുറക്കുമ്പൊഴേയ്ക്കും പ്രവാഹം
കടന്നെത്തിയെല്ലാം കവർന്നേഗമിച്ചോ?

പാടില്ല വാക്കിന്നൊളിച്ചന്ത; മില്ലെ-
ന്നകം നോവിലെല്ലാം മയങ്ങും..മടങ്ങും.
ക്ഷണിയ്ക്കുന്നിലത്താളിലെന്നെയൊതുക്കി
ത്തിരിഞ്ഞൊന്നു കൊത്തി സ്വരം കൊന്നുറങ്ങും
തെറിച്ചെത്തിടുന്നാനുകൂല്യങ്ങൾ മൂടി
ത്തിളങ്ങുന്ന വാഗ്ദാനമെല്ലാം നുറുക്കി

കടംകൊണ്ട ജന്മം. പുലമ്പിത്തുലച്ചും
മഹായാനമെന്നേ ധരിച്ചും നടക്കും
മുന്നിൽ വിയർപ്പിൽ തിളങ്ങിപ്പിണഞ്ഞും
ഫണം പൊക്കിയാടിത്തിമിർത്തും പതിയ്ക്കേ
നിനക്കായ് വിരൽത്തുമ്പുമുക്കാൻ വിദേശി
മയങ്ങാൻ സിരയ്ക്കുള്ളിലെത്തുന്ന വീര്യം.

ബോധം പുകയ്ക്കുള്ളിലിട്ടേ പുകച്ചും
സ്വയം കൊന്നുനിന്നെപ്പകുക്കുന്ന
മൺപാവയുള്ളിൽ നുരയ്ക്കുന്ന ദാഹത്തിളപ്പി
ന്നൊതുങ്ങുന്നു കോളയ്ക്കകത്തായ് സഗർവ്വം.

മണക്കുന്ന പൂവിന്നുകപ്പം കൊടുത്തും
കുടിയ്ക്കുന്ന വെള്ളത്തിലാത്മാവുകൊന്നും
ബലിപ്പൂക്കൾ വാടുന്ന മനസ്സിൻെറ നെഞ്ചിൽ
മഹാഭാരതത്തിൻെറ ആവർത്തനങ്ങൾ.

വരച്ചേ പഠിയ്ക്കുന്നൊരണ്ണാൻ വരയ്ക്കു-
ള്ളൊതുങ്ങാതെതുള്ളും സ്വരങ്ങൾ
വഹിച്ചും..... നടിച്ചും അമർന്നും... തിരിഞ്ഞും
വലം ചേർന്നു പൊങ്ങിപ്പറന്നും, രസിയ്ക്കേ
എനിയ്ക്കായൊരുക്കുന്നവസ്ഥാന്തരങ്ങൾ
കൊഴുക്കുന്ന മേളത്തിലാടിത്തിമിർക്കാം

ചതിചെണ്ട കൊട്ടിക്ഷണിച്ചും
പതുങ്ങീട്ടിരത്തുമ്പിലെന്നെക്കുടുക്കീട്ടൊതുക്കി.
ത്തിളയ്ക്കുന്ന വെള്ളം തുളിയ്ക്കുന്ന നിന്നിൽ
ജനിയ്ക്കാനൊരുങ്ങുന്നിതെൻ മൃത്യുതാളം.

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവൻഷനോടനുബന്ധിച്ച് അധ്യാപികമാർക്കായ് നടത്തിയ സാഹിത്യ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ച കവിത

---

വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർ 40%ത്തോളമേ വരുന്നുള്ളൂ. ഇന്നും അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ക്ലാസ് മുറികളില്ലാത്ത സ്ഥാപനങ്ങൾ ഇന്ത്യയിലുണ്ട്. 2009 ൽ പാസാക്കിയ പ്രൈമറി വിദ്യാഭ്യാസ ബില്ലിൽ 6-14 ഇടയ്ക്ക് പ്രായമുള്ള എല്ലാവർക്കും നിർബന്ധിത സൗജന്യ വിദ്യാഭ്യാസം ഉറപ്പു പറയുന്നുണ്ട്. അത് നടപ്പാക്കും എന്നുവേണം കരുതുവാൻ. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി ബില്ലിൽ അംഗീകരിച്ചിട്ടുണ്ട്. എന്നതും പ്രത്യാശയ്ക്ക് വക നല്കുന്നു.

പിന്നോക്കാവസ്ഥ, വിദ്യാഭ്യാസത്തിന്റെ അഭാവം, പിന്നോക്കാവസ്ഥ എന്ന രീതിയിലുള്ള ഒരു ദൂഷിത വലയം നിലനില്ക്കുന്നു. അത് ഭേദിക്കണമെങ്കിൽ സർക്കാരിന്റെ ശക്തമായ ഇടപെടൽ തന്നെ വേണം.

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവൻഷനോടനുബന്ധിച്ച് അധ്യാപികമാർക്കായ് നടത്തിയ സാഹിത്യ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ച ലേഖനം

**നഫീസാ ബീവി**
*സർ സെയ്യദ് കോളജ്, തളിപ്പറമ്പ*

# സ്ത്രീയുടെ ഭാഗത്ത് നിന്ന് ഒരുചുവട് മുന്നോട്ട്

സമൂഹത്തിൽ നടക്കുന്ന സ്പന്ദങ്ങളെ തിരിച്ചറിയാനും സ്ത്രീയുടെ സ്വതസിദ്ധമായ ഹൃദയ വിശാലതയോടെ കുടുംബത്തോടൊപ്പം സമൂഹത്തോടും ആശയ വിനിമയം നടത്തുവാനും നാം ജീവിക്കുന്ന സമൂഹത്തോടും ചെയ്യുന്ന ജോലിയോടും മാസാമാസം വാങ്ങുന്ന ശമ്പളത്തോടും കുറച്ചെങ്കിലും നീതിപുലർത്താനും നമുക്ക് പുരുഷനോടൊപ്പമോ അല്ലെങ്കിലതിൽ കൂടുതലുമോ ചെയ്യാനാവും എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. സ്ത്രീ സമൂഹം മാറുന്ന പക്ഷം സമൂഹത്തിൽ ഏററവും ഉയർന്ന ഒരു സ്ഥാനം സ്ത്രീകൾക്ക് ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വീട്ടിലും വീടിനു പുറത്തും പുരുഷനോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാൻ പരസ്പര ബഹുമാനമാർജ്ജിക്കാൻ ഒരു ചുവടുവെപ്പ് നമ്മുടെ ഭാഗത്ത് നിന്ന് തന്നെ വേണം.

റെയിൽവേ സ്റേറഷനിലെ കൗണ്ടറിനു മുന്നിൽ നീണ്ട ക്യൂ. രാവിലത്തെ പരശുറാം എക്സ്പ്രസ് വരാൻ ഇനി ഏതാനും മിനിററുകൾ മാത്രമേയുള്ളൂ. എറണാകുളത്തേക്ക് ടിക്കറെറടുക്കനായി ജോർജ് ജോസഫ്, ക്യൂ നിലവാരം ആകെയൊന്ന് നോക്കി. മൂന്ന് കൗണ്ടറുകളുള്ളതിൽ ഒന്നിനു മുമ്പിൽ ക്യൂവിന് താരതമ്യേനെ നീളം കുറവാണ്. അതിനു പിറകിൽ പോയി സ്ഥാനം പിടിച്ച ശേഷം പതുക്കെ കൗണ്ടറിനകനകത്തേക്ക് നോക്കിയപ്പോഴാണ് ടിക്കററു കൊടുത്തുകൊണ്ടിരിക്കുന്ന യുവതിയെക്കണ്ടത് *ശ്ശൊ* വേണ്ട ബേഗുമെടുത്ത് തൊട്ടടുത്തുള്ള നീളം കൂടിയ ക്യൂവിന് പിറകിലേയ്ക്ക് ജോർജ് ജോസഫ് ഉടൻ തന്നെ മാറി. പെണ്ണുങ്ങളല്ലേ, പതുക്കെയേ കൊടുക്കൂ. ട്രെയിൻമിസാകേണ്ട എന്ന ആത്മഗതവുമായി.

* * * * * * * * * * * * * *

ഗോവിന്ദൻ മാഷ് ചുണ്ടിലൊരു മൂളിപ്പാട്ടുമായി പുസ്തകവും ചോക്കുമെടുത്ത് ക്ളാസ്സിലേയ്ക്ക് പോകുകയാണ്. എന്താ മാഷേ, നല്ല ഉത്സാഹത്തിലാണല്ലോ . ശ്രീലത ടീച്ചറുടെ കുശലാന്വേഷണം ബുധനാഴ്ച ഫസ്ററ് പിരിയഡ് 10. ബിയിലാണ് ക്ളാസ്. നിറയെ ആൺപിള്ളേരുള്ള ക്ളാസ്സായതു കൊണ്ട് ക്ളാസിനൊരു ജീവനുണ്ട്. എന്തെങ്കിലും ചോദ്യങ്ങളും ചർച്ചകളും കമൻറ്സുമൊക്കെയായി ആകെപ്പാടെയൊരു മൂഡ് കിട്ടും. പെൺപിള്ളേര് മാത്രമുള്ള ആ 10 സിയിൽ ഒരു പിരിയഡ് ചിലവാക്കാനെന്തൊരു ബോറാണ്. മാർക്കൊക്കെ വാങ്ങുമെങ്കിലും വെറും അവാർഡ് പടം കാണുന്ന ഭാവമല്ലെ അവർക്ക്?

* * * * * * * * * * * * * *

എങ്ങിനെ എല്ലാരും പറയാൻ തുടങ്ങിയാൽ ഗേൾസ് സ്ക്കൂളിലൊന്നും പഠിപ്പിക്കാൻ ആളെക്കിട്ടാണ്ടാവുമല്ലോ മാഷേ ശ്രീലത ടീച്ചർ നെടുവീർപ്പിട്ടു.


സോഷ്യോളജി ഡിപ്പാർട്ട്മെൻറിൽ ഹെഡ്. കൃഷ്ണൻകുട്ടി സാറിനു പുറമെ സുജാത ടീച്ചറും മേഴ്സി ടീച്ചറുമാണുള്ളത്. ടീച്ചർമാർക്ക് രണ്ടാൾക്കും വീടും കോളേജുമല്ലാതെ വേറെയൊരു ലോകമില്ല. കൃഷ്ണൻ കുട്ടി സാറാകട്ടെ, കുട്ടികൾ സ്നേഹപൂർവ്വം വിളിക്കുന്നതു പോലെ മാവേലിയെപ്പോലെ വല്ലപ്പോഴുമാണ് കോളജിൽ വരുന്നത്. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളുമൊക്കെയായി സാറ് എപ്പോഴും തിരക്കിലാണ്. വല്ലപ്പോഴും കൃഷ്ണൻ കുട്ടിസാറിൻെറ നിഴൽ കണ്ടാൽ ഒരിക്കലും ക്ളാസ്സിൽ കയറാത്ത ഷഫീക്ക് വരെ, ഏതെങ്കിലും ജൂനിയറിൻെറ കയ്യിൽ നിന്ന് തട്ടിപ്പറിച്ച നോട്ട് ബുക്കും പേനയുമായി ക്ളാസ്സിലോടിക്കയറും. ഈ ടീച്ചർമാര് എല്ലാ ദിവസവും ക്ളാസ്സെടുത്തിട്ടെന്തു വേണം? കൃഷ്ണൻകുട്ടി സാറ് മാവേലിയായാലും ഒരു ക്ളാസ്സു കൊണ്ട് എത്ര മാത്രം കാര്യങ്ങളാ അറിയാനാവുന്നത്. എന്തൊരു പൊതു വിജ്ഞാനമാ സാറിന് - പെൺകുട്ടികളുടെ കണ്ണിൽ അരാധനാ ഭാവം.

* * * * * * * * * * * * * *

കാസർഗോഡു നിന്ന് തിരുവനന്തപുരത്ത് സെക്രട്ടറിയററിൽ ഒരത്യാവശ്യ കാര്യം സാധിച്ചെടുക്കാൻ വേണ്ടി വന്നതാണ് റഷീദ്. സെക്ഷൻ ക്ളർക്കായ വനിതാ ജീവനക്കാരിയുടെ മുന്നിൽ രാവിലെ മുതൽക്കേ വിനീത വിധേയനായി നിൽക്കുന്നുണ്ട്. വൈകിട്ട് നാലു മണിയായി. ഇത്

പെട്ടെന്നൊന്ന് തീർത്തു തന്നാൽ, ഇന്നത്തെ മലബാറിനു തന്നെ തിരിച്ചു പോകാമായിരുന്നു . വാലുണ്ടായിരുന്നെങ്കിൽ ആട്ടുമായിരുന്നു എന്ന ഭാവത്തിലാണ് റഷീദ്.

ഇന്നിനി ഇത് തീരില്ല. നാളെ രാവിലെ പതിനൊന്നു മണിക്ക് വന്നോളൂ . സ്ത്രീത്വത്തിന്റെ യാതൊരു ദാക്ഷണ്യവുമില്ലാത്ത മറുപടി. രജിസ്ററർ വന്നാൽ ഒരു നിമിഷം പോലും പാഴാക്കാതെ ഒപ്പിട്ട് ഓഫീസ് വിടണമെന്ന ഒരോററ ചിന്തയേയുള്ളൂ ആ ജീവനക്കാരിയുടെ മനസ്സിൽ.



* * * * * * * * * * * * * *

ഇന്ന് നമ്മുടെ സമൂഹത്തിൽ 90% സ്ത്രീകളുടേയും അവസ്ഥ ഏറെക്കുറെ ഇങ്ങിനെയൊക്കെയാണ്. മാർക്ക് വാങ്ങാൻ വേണ്ടി മാത്രം പഠിക്കുന്ന, ശമ്പളത്തിനു വേണ്ടി മാത്രം ജോലി ചെയ്യുന്ന സ്വന്തം ഭർത്താവിനേയും മക്കളേയും മാത്രമോർത്ത് വേവലാതിപ്പെടുന്ന, സ്വന്തം ശരീരത്തിലും അതിന്റെ സൗന്ദര്യസംരക്ഷണത്തിലും മാത്രം അഭിരമിക്കുന്നു ഒരു വലിയ വിഭാഗം സ്ത്രീകൾ, സ്ത്രീ സമൂഹത്തിനുതന്നെ നാണക്കേടുണ്ടാക്കുകയാണ്. കാര്യക്ഷമതയും ആത്മാർത്ഥതയും കുറഞ്ഞ നമ്മുടെ വലിയൊരു വിഭാഗം, സമൂഹത്തിന് ബാധ്യതയായി മാറുകയാണ്.

ബ്യൂട്ടിപാർലറുകൾക്കും തുണിക്കടകൾക്കും പുറത്ത് സമൂഹത്തിൽ നടക്കുന്ന സ്പന്ദങ്ങളെ തിരിച്ചറിയാനും സ്ത്രീയുടെ സ്വതസിദ്ധമായ ഹൃദയ വിശാലതയോടെ കുടുംബത്തോടൊപ്പം സമൂഹത്തോടും ആശയ വിനിമയം നടത്തുവാനും നാം ജീവിക്കുന്ന സമൂഹത്തോടും ചെയ്യുന്ന ജോലിയോടും മാസാമാസം വാങ്ങുന്ന ശമ്പളത്തോടും കുറച്ചെങ്കിലും നീതിപുലർത്താനും നമുക്ക് പുരുഷനോടൊപ്പമോ അല്ലെങ്കിലതിൽ കൂടുതലുമോ ചെയ്യാനാവും എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. എനിക്കിത്രയൊക്കെയേ ചെയ്യാനാവൂ, ഞാനൊരു സ്ത്രീയാണ്; എനിക്കിത്രയൊക്കെയോ ചെയ്യേണ്ടതുള്ളൂ എന്ന നിലപാട്. സ്ത്രീ സമൂഹം മാറുന്ന പക്ഷം സമൂഹത്തിൽ ഏററവും ഉയർന്ന ഒരു സ്ഥാനം സ്ത്രീകൾക്ക് ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. വീട്ടിലും വീടിനു പുറത്തും പുരുഷനോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാൻ പരസ്പര ബഹുമാനമാർജ്ജിക്കാൻ ഒരു ചുവടുവെപ്പ് നമ്മുടെ ഭാഗത്ത് നിന്ന് തന്നെ വേണം.


## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 100 രൂപ മാത്രം**

**ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ
മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.


*ചീഫ് എഡിററുടെ വിലാസം*
**ഡോ. എസ്. ജയരാജ്കുമാർ**
ഗീതാജ്ഞലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440604

*മാനേജിംഗ് എഡിററുടെ വിലാസം*
**ഡോ. വി. ജയകുമാർ**
ഐശ്വര്യ, ററി. സി. 55/494,
ശാരദാ ഗാർഡൻസ് ലെയ്ൻ, നീറമൺകര
പാപ്പനംകോട് പി. ഒ, തിരുവനന്തപുരം -695 018,
ഫോൺ: 0471 -2491432

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35
Phone: 0471- 2463494, Fax: 0471-2468984, Mobile:09495425219
e-mail:akpctatvm@gmail.com www.akpcta.org

**ദ്വിജാബായി.എ.കെ**
*രണ്ടാം വർഷം ഇംഗ്ലീഷ്*
*സെന്റ് മേരീസ് കോളജ്, സുൽത്താൻബത്തേരി*

# ഉറങ്ങിക്കിടക്കുന്ന മഹാത്മാവിനോട് ഒരു ദേശം സംസാരിക്കുന്നു....



മറ്റൊരു രാത്രി കൂടി...
ഇരുട്ടിന്റെ കരിമ്പടം
ഉണർവിനെ പതുക്കെ
പൊതിയുന്നു,
എനിക്കു ചുററും ഇരുട്ടാണ്,
രാവിന്റെ ഒററപ്പെട്ട തുരുത്തിൽ
ഉപേക്ഷിക്കപ്പെട്ട ആത്മാവായി ഞാൻ
നീയുറക്കമാണോ.....?
കടത്തിണ്ണയുടെ വിണ്ടനിലത്തെ
മഞ്ഞുതുള്ളികൾ പതുക്കെത്തൊടുന്നു,
കാററിന് മറേറതോ നാടിന്റെ മണം,
തിരക്കിട്ടു പോകുന്ന വണ്ടികൾ
വെളിച്ചത്തിന്റെ കത്തിയേറു
നടത്തുമിടയ്ക്ക്.....
ഉറക്കത്തെ അടരുകളായി പൊളിച്ച്
മുറിവിനെ വീണ്ടുമൊരായിരമാക്കിപ്പെരുക്കി
വെളിച്ചം എന്നുമൊരു വേദന തന്നെ
ഉറക്കം ഒരു രോഗത്തെ പോലെ
നഗരത്തെ ചുററി വരിയുകയാണ്
പകലിന്റെ നാട്യങ്ങളും
ചായക്കോപ്പുകളും അഴിച്ച് വെച്ച്
ഒരഭിസാരികയെ പോലെ
ചേല ചുററുന്നു നഗരം.

നീയറിയുന്നുണ്ടോ,
നമ്മുടെ തെരുവുകളിൽ
ചോരയൊഴുകുന്നത്,
പൂക്കളൊക്കെയും കൊഴിഞ്ഞും
വാടിയും തീർന്നത്,
ഒരു കവിളിനു കത്തിയും
വടിവാളും മറുപടി
പറയുന്നത്.....
ഉറക്കത്തെ മുറിപ്പെടുത്തിക്കൊണ്ട്
ഒരു കാററ് കൂടി വീശുന്നുണ്ട്
മഴ പതുക്കെ കനം വയ്ക്കുന്നു
ഇനിയും ഉറക്കമാണോ നീ?
മുററത്തെ നാട്ടുമാവും അണ്ണാറക്കണ്ണനും
ഇന്നില്ല,
കാട്ടുമൈനകൾ ചിറക് കുടഞ്ഞ്
മറെറാരാകാശം തേടിപ്പോയി
ഒരു ചുമരിനപ്പുറം നിന്ന്
പ്രിയപ്പെട്ടവർ നിലവിളിയ്ക്കേ
എന്റെ വസ്ത്രം വിയർപ്പാൽ
നനയുന്നു, ഇനി.....
ഞാനുമൊരിത്തിരി നേരം
ഉറക്കമഭിനയിച്ചു കിടന്നോട്ടെ?
ഒന്നു ചോദിച്ചോട്ടെ
' ഫേസ്ബുക്കി' ന്റെ
താളിലൊതുങ്ങുന്നതാണോ
സൗഹൃദം?
മൊബൈൽ ഫോണിന്റെ സ്പന്ദനത്തി
ലൊതുക്കാനാകുമോ
പ്രണയത്തിന്റെ തീവ്രതയെ?
ഞാനെന്തു പറയാനാണ്.....
' മൂന്നു നിറങ്ങളുള്ള,'
പിഞ്ഞിത്തുടങ്ങിയ ഒരു തൂവാലയേ
എനിക്ക് കണ്ണീരൊപ്പാനായുള്ളൂ
പണ്ട്..... ആകാശത്തിനും
പണ്ടെന്നല്ല.... എന്റെ
ഭൂപടത്തിൽ ഒരു വെടിയൊച്ച
ചുവന്ന സിന്ദൂരം ചാർത്തിയ
ആ വൈകുന്നേരത്തിന്റെ
അത്രയും പണ്ട് ഞാൻ
വെറുതെ സ്വപ്നം കണ്ടിരുന്നു
നീ തിരിച്ചു വരുമെന്ന്
' ആസിയാൻ കരാറും,
ആണവ നിർവ്യാപനവും,
ശബ്ദമില്ലാതെ വെടിയുതിർത്തപ്പോൾ
പഴയ കുരുക്ഷേത്രങ്ങളിൽ
വീണ്ടും കാഹളമുയർന്നപ്പോൾ
ഒരു ദുഃസ്വപ്നത്തിൽ നിന്നും
മറെറാന്നിലേയ്ക്കുള്ള തീവണ്ടികൾക്ക്
പൽ ചക്രങ്ങളായിരിക്കുമെന്ന്
ഞാൻ സ്വയം ആശ്വസിച്ചു.
മഴയും യാത്രയാവുകയാണ്,
എന്റെ നാഡികൾ
പനിയാൽ വിറയ്ക്കുന്നുണ്ട്
നിനക്കറിയ്യോ.....
ജീവിതമെന്നാൽ
എത്ര കൂട്ടിയാലും
കുറച്ചാലും ശരിയാകാത്ത
ഒരു കുസൃതിക്കണക്കാണ്
ഇനിയും...? ഉറങ്ങിക്കൊള്ളൂ
ഈ പുതപ്പിന് നല്ല
മാർദ്ദവമാണ്,
നശിച്ച കാഴ്ചകളിലേക്കുണർ-
ന്നെണീക്കാതെ
കണ്ണു കൊത്തിപ്പറിക്കുന്ന
പേക്കിനാവുകൾ കാണാതെ
ഇതിന്റെ ഇഴകൾ രക്ഷിക്കട്ടെ.....
ഒരാളെയെങ്കിലും....

---

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവൻഷനോടനുബന്ധിച്ച് വിദ്യാർത്ഥിനികൾക്കായ് നടത്തിയ സാഹിത്യ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ച കവിത

**ഡോ. സി. അജിത**
*എൻ.എസ്.എസ്.കോളജ്, മഞ്ചേരി*

# യാമിനിയുടെ ചിന്തകൾ

..........കാലം എത്രയൊക്കെ മാറിയാലും പെണ്ണ് എന്നും പെണ്ണ് തന്നെയാണ്. അവൾക്കൊരിക്കലും പൂർണ്ണമായ സ്വാതന്ത്ര്യം സാധ്യമല്ല.... വെറുതേയല്ലാ കുറേ സ്ത്രീകൾ സ്ത്രീ സ്വാതന്ത്ര്യം, സമത്വം എന്നൊക്കെ മുറവിളി കൂട്ടി നടക്കുന്നത്. ഇപ്പോഴെനിക്ക് അത്തരക്കാരോട് പുച്ഛമല്ല സഹതാപമാണ് തോന്നുന്നത്. കാരണം അവരുടെ ശ്വാസം മുട്ടൽ ഇപ്പോഴെനിക്ക് ഉൾക്കൊള്ളാനാവുന്നുണ്ട്.

നെറ്റിയിൽ വിക്സ് തേച്ച് തലയിണയിൽ മുഖമമർത്തിക്കിടന്ന് യാമിനി ആലോചിച്ചിരുന്നത് ഫെമിനിസത്തെക്കുറിച്ചായിരുന്നു. അപ്പോഴേക്കും ആറുമാസം പ്രായമായ കുഞ്ഞ് ഉണർന്ന് കരഞ്ഞു. യാമിനി കുഞ്ഞിന് പാല് കൊടുത്ത് ഉറക്കി വീണ്ടും കിടന്നു. തലവേദനയുടെ തീവ്രത കൊണ്ട് അവൾക്ക് ഉറങ്ങാനായില്ല. തൊട്ടടുത്ത് രവികൃഷ്ണൻ ഇതൊന്നു മറിയാതെ സുഖമായി ഉറങ്ങുകയാണ്. രവികൃഷ്ണന്റെ കൂർക്കം വലിയുടെ ശബ്ദമാണ് യാമിനിയെ ഫെമിനിസത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചത്.

രാവിലെ 5 മണിമുതൽ തന്നെ യാമിനി തിരക്കിലാണ്. കുഞ്ഞിന്റെ പരിചരണം, പാചകം, സ്വന്തം കാര്യങ്ങൾ അങ്ങനെയങ്ങനെ ദിവസം തീർന്നു പോകുന്നത് അവൾ അറിയാറില്ല. പുസ്തകങ്ങളിൽ സായൂജ്യം കണ്ടെത്തിയിരുന്ന യാമിനിയ്ക്ക് ഇപ്പോൾ പത്രം വായിക്കുന്നതിന് പോലും സമയം കിട്ടാതായി. രവികൃഷ്ണൻ ഒരു ഗവൺമെന്റ് കോളജിലെ അധ്യാപകനാണ്. അയാൾ കുഞ്ഞുണ്ടായതിന്റെ സന്തോഷം സഹപ്രവർത്തകർക്ക് ട്രീറ്റ് നടത്തിയും നാട്ടിലെ മറ്റ് കൂട്ടുകാർക്ക് കുപ്പിപൊട്ടിച്ചും ആഘോഷിച്ച് രാത്രി ഏറെ വൈകി . വീട്ടിലെത്തിയ ദിവസമാണ് യാമിനിക്ക് ആദ്യമായി പുരുഷന്റെ സ്വാതന്ത്ര്യത്തിൽ അസൂയ തോന്നിയത്. അന്നും യാമിനി കുഞ്ഞിനെ കുളിപ്പിച്ചും, വയമ്പ് അരച്ചും, പഞ്ഞപ്പുല്ല് അരച്ച് കുറുക്കിയും, പഴം ചുട്ടു ചാലിച്ചും ഒക്കെ ദിവസം തീർന്ന് പോയിരുന്നത് അറിഞ്ഞിരുന്നില്ല. അപ്പോഴൊക്കെ സന്തോഷത്തിന്റേയും, സങ്കടത്തിന്റേയും അതിർവരമ്പുകൾ വേർതിരിക്കാനാകാതെ യാമിനി വല്ലാതെ കുഴങ്ങുകയായിരുന്നു.

വരാനിരിക്കുന്ന കോമൺവെൽത്ത് ഗെയിംസിന്റെ ആശങ്കകളെക്കുറിച്ചും, സ്കൂളുകളിൽ നടപ്പിലാക്കുന്ന പുതിയ കായികക്ഷമതാ പദ്ധതിയെക്കുറിച്ചുമൊക്കെ രവികൃഷ്ണൻ എഴുതിയ ഒന്നു രണ്ടു ലേഖനങ്ങൾ വാരികകൾക്ക് അയച്ച് കൊടുക്കും മുമ്പ് യാമിനി വായിച്ചില്ലല്ലോയെന്ന് അയാൾ പരിഭവപ്പെട്ടപ്പോഴാണ് യാമിനിയുടെ സങ്കടം സ്ത്രീയുടെ പരിമിതികളിൽ തട്ടി അണപൊട്ടി ഒഴുകിയത്. അത്വരെ എന്നും രവികൃഷ്ണന്റെ രചനകളുടെ ആദ്യവായനക്കാരി യാമിനിയായിരുന്നു. വെറുമൊരു പ്ലസ്ടുക്കാരിയായി. രവികൃഷ്ണൻ അവളെ ഒരിക്കലും കുറച്ച് കണ്ടിട്ടില്ല. മറിച്ച് അവളുടെ ഗഹനമായ വായനയേയും, ചിന്താ ശക്തിയേയും അയാൾ ബഹുമാനിക്കുകയും ചെയ്തിരുന്നു.



' രവിയേട്ടാ.... എനിക്കിപ്പോൾ ഒന്നും വായിക്കാനോ എഴുതാനോ ഒന്നും സമയം കിട്ടുന്നില്ല. വിവാഹത്തിന് മുമ്പും, ശേഷവുമുള്ള സ്ത്രീയുടെ ജീവിതം രണ്ട് ജന്മങ്ങളാണെന്ന് എനിക്കിപ്പോൾ തോന്നുന്നു. എന്ന് ഇടക്കൊക്കെ യാമിനി പരിഭവിക്കാറുണ്ട്. അപ്പോഴൊക്കെ ' യാമിനി.... എന്തൊക്കെയായാലും ഒരു അമ്മയാവുക യെന്നത് ഏററവും ഉദാത്തമായ കാര്യമല്ലേ. നിനക്ക് എഴുത്തും വായനയുമൊക്കെയാണോ നമ്മുടെ ജീവിതത്തേക്കാൾ വലിയ കാര്യം എന്ന് രവികൃഷ്ണൻ അരിശം കൊള്ളും.

കോമളമായ കുഞ്ഞുമുഖത്തേക്കും, നിഷ്കളങ്കമായ കുഞ്ഞിക്കണ്ണുകളിലേക്കും ഉററു നോക്കുമ്പോൾ യാമിനിക്കും ഒട്ടും സംശയമില്ല അമ്മയുടെ റോൾ തന്നെയാണ് ലോകത്തിൽ ഏററവും മഹനീയമെന്ന്. പിന്നെ യാമിനിക്ക് സംശയമുള്ളത് കുടുംബകാര്യത്തിലും കുഞ്ഞിന്റെ കാര്യത്തിലുമൊക്കെ പുരുഷനും, സ്ത്രീയുടെ ഒപ്പം തന്നെയില്ലെങ്കിലും കുറച്ചെങ്കിലും ഇടപെടൽ ആയിക്കൂടെയെന്നാണ്. എങ്കിലും ഇതൊക്കെ പ്ലസ്ടു വരെ മാത്രം പഠിച്ച ഒരു പെണ്ണിന്റെ കഴമ്പില്ലാത്ത തോന്നലുകളെന്ന് അവൾ തന്നെ തള്ളിക്കളയാറാണ് പതിവ്.

രവികൃഷ്ണൻ ഭാര്യയെ അകമഴിഞ്ഞ് സ്നേഹിക്കുന്ന ഭർത്താവാണ്. എന്നിട്ടും യാമിനിയുടെ ഇത്തരം കൊച്ചു കൊച്ചു *വലിയ* സങ്കടങ്ങൾ അയാൾ അറിയാറേ ഇല്ല. ഇത് അയാളുടെ കുഴപ്പമാണോ അതോ യാമിനിയുടെ സ്വകാര്യതയുടെ കട്ടി കൂടുതലാണോയെന്നും യാമിനി ഇടക്കിടെ ചിന്തിക്കാറുണ്ട്.

രവികൃഷ്ണന്റേയും യാമിനിയുടെയും ജിവിതത്തിൽ ഉത്സവഛായ പകർന്നു കൊണ്ട് ഒരു കുഞ്ഞ് കടന്നു വന്നപ്പോഴും രവികൃഷ്ണന്റെ ജീവിത രീതികൾക്ക് പറയത്തക്ക മാററങ്ങളൊന്നും വേണ്ടി വന്നില്ല. എന്നാൽ യാമിനിയുടെ ജീവിത രീതികൾ പാടെ മാറേറണ്ടി വന്നു. അപ്പോഴൊക്കെ യാമിനി ജീവിതത്തിന്റെ വർണ്ണ പകർച്ചകളിൽ പകച്ചു നിൽക്കുകയായിരുന്നു.

അറിയാതെ കടന്നു വരുന്ന ഇത്തരം സ്ത്രീപക്ഷ ചിന്തകൾ ചിലപ്പോഴെങ്കിലും യാമിനിയുടെ മനസ്സിൽ രവികൃഷ്ണനോട് താൽക്കാലിക വിദ്വേഷം ജനിപ്പിക്കുന്നുണ്ട്. നഗരത്തിൽ ചർച്ചാ വിഷയമായ ' രക്തരക്ഷസ്സ്' നാടകം രവികൃഷ്ണൻ കൂട്ടുകാരോടൊത്ത് ആസ്വദിച്ച് തിരിച്ചെത്തിയപ്പോഴും, വോളിബോൾ ടൂർണമെന്റ് കണ്ട് തിരിച്ചെത്തി അതേക്കുറിച്ച് വാചാലനായപ്പോഴും, സൗഹൃദ സദസ്സുകളിലെ വെറും തമാശകളിൽ അയാൾ ഓർത്തോർത്ത് ചിരിച്ചപ്പോഴുമൊക്കെ യാമിനി പേരിടാനാവാത്ത ഒരു നഷ്ടബോധത്തിന്റെ നൊമ്പരമറിയുന്നുണ്ടായിരുന്നു. അപ്പോളൊക്കെ പുരുഷജന്മവും പുണ്യജന്മം തന്നെയെന്നും അവൾ തീർച്ചപ്പെടുത്താറുമുണ്ട്. യാമിനിയുടെ ഇത്തരം കുഴഞ്ഞുമറിഞ്ഞ ചിന്തകൾ വേർതിരിച്ചെടുക്കാനാകാതെ പലപ്പോഴും രവികൃഷ്ണൻ നിസ്സഹായനായി നിൽക്കുകയാണ് പതിവ്. അകാരണമായ അവളുടെ കണ്ണുനീർ അയാളെ എന്നും അമ്പരപ്പിച്ചിട്ടേയുള്ളൂ.

' രവിയേട്ടാ...... കാലം എത്രയൊക്കെ മാറിയാലും പെണ്ണ് എന്നും പെണ്ണ് തന്നെയാണ്. അവൾക്കൊരിക്കലും പൂർണ്ണമായ സ്വാതന്ത്ര്യം സാധ്യമല്ല.... ' മോണിംഗ് വാക്കിന് പോകാനായി ഷൂവിന്റെ ലേസ് കെട്ടിക്കൊണ്ടിരുന്ന രവികൃഷ്ണൻ യാമിനിയുടെ വാക്കുകൾ കേട്ട് തരിച്ചു നിന്നു ' യാമിനി.... നീ.....' അയാൾ മുഴുവനാക്കും മുമ്പ് അവൾ തുടർന്നു, ' വെറുതേയല്ലാ കുറേ സ്ത്രീകൾ സ്ത്രീ സ്വാതന്ത്ര്യം, സമത്വം എന്നൊക്കെ മുറവിളി കൂട്ടി നടക്കുന്നത്. ഇപ്പോഴെനിക്ക് അത്തരക്കാരോട് പുച്ഛമല്ല സഹതാപമാണ് തോന്നുന്നത്. കാരണം അവരുടെ ശ്വാസം മുട്ടൽ ഇപ്പോഴെനിക്ക് ഉൾക്കൊള്ളാനാവുന്നുണ്ട്.

യാതൊരു ആമുഖവുമില്ലാതെ യാമിനിയുടെ പെട്ടെന്നുള്ള ഇത്തരമൊരു പ്രസ്താവന വാസ്തവത്തിൽ രവികൃഷ്ണനെ ഞെട്ടിക്കുക തന്നെ ചെയ്തു. എങ്കിലും അത് മറച്ചു വെച്ചു കൊണ്ട് അയാൾ തമാശയോടെ ചോദിച്ചു, ' നിനക്കിത് എന്ത് പററി? ഇന്നലെ രാത്രി ഏതെങ്കിലും ഫെമിനിസ്റ്റ് പ്രേതം കൂടിയോ നിന്റെ കൂടെ?...'

യാമിനി മറുപടിയൊന്നും പറയാതെ നിസ്സംഗയായി കുഞ്ഞിനേയുമെടുത്ത് അടുക്കളയിലേക്ക് നടന്നു.

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവൻഷനോടനുബന്ധിച്ച് അധ്യാപികമാർക്കായ് നടത്തിയ സാഹിത്യ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ച ചെറുകഥ

## ആദരാഞ്ജലികൾ



### റോസി തോമസ്

പ്രശസ്ത സാഹിത്യകാരിയും
പ്രൊഫ. എം. പി പോളിൻെറ മകളുമായ
റോസിതോമസ് നിര്യാതയായി.

എ.കെ.പി.സി.ടി.എയുടെ
ആദരാഞ്ജലികൾ

ജൂലിയററ് ക്രൂസ്
രണ്ടാം വർഷം ഇംഗ്ലീഷ്,
സെന്റ് മേരീസ് കോളജ്,സുൽത്താൻ ബത്തേരി

# വനിതാസംവരണത്തിന്റെ അനിവാര്യത

ഒരു രാജ്യത്തിന്റെ മാനവ വിഭവശേഷിയിൽ പകുതിയോ അതിലധികമോ വരുന്ന സ്ത്രീകൾ അതിന്റെ വികസനത്തിലും ജനാധിപത്യ പ്രക്രിയയിലും സജീവ പങ്കാളികളാകേണ്ടവരാണെന്നുള്ളതുകൊണ്ട് പ്രദേശിക ഭരണസമിതികളിൽ സംവരണത്തിലൂടെ അവൾക്ക് ലഭിച്ച ഈ ഇടം കൂടുതൽ വിപുലമായ നേതൃത്വത്തിലെക്കുള്ള ഒരു ഇടനാഴി മാത്രമാണെന്ന് അവൾ തിരിച്ചറിയണം. ഈ ഇടനാഴിയിലൂടെ മുന്നേറി വിശാലമായ ലോകത്തിലെ വിസ്തൃതമായ തുറന്ന പൊതുസ്ഥലത്തെത്തിച്ചേരാൻ അവൾക്കാകട്ടെ എന്ന് നമുക്കാശിക്കാം.

സ്ത്രീശാക്തീകരണം പുതിയ മാനങ്ങൾ കണ്ടെത്തുകയും രാഷ്ട്രീയപരവും ആശയപരവുമായ പുതിയ നിർവചനങ്ങൾക്ക് വിധേയമാക്കപ്പെടുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. ഭൗതികവും ബൗദ്ധികവുമായ വിഭവശേഷിക്കുമേൽ സ്ത്രീയ്ക്ക് ആധിപത്യം പുലർത്താൻ കഴിയുമ്പോൾ മാത്രമേ സ്ത്രീശാക്തീകരണം സാദ്ധ്യമാകൂ എന്ന തിരിച്ചറിവിലാണ് ഇന്ന് സ്ത്രീസമൂഹം വന്നെത്തിയിരിക്കുന്നത്. ശാക്തീകരണത്തിന്റെ ഫോക്കസ് ഇപ്പോൾ സമത്വത്തിൽ നിന്ന് തുല്യതയിലേയ്ക്ക് മാററപ്പെട്ടിരിക്കുകയാണ്. സ്വന്തമായി തീരുമാനങ്ങളെടുക്കാനും ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കുവാനുമുള്ള സാഹചര്യങ്ങൾ പുരുഷനോടൊപ്പം സ്ത്രീയ്ക്കും ലഭ്യമാക്കുക എന്നതാണ് തുല്യതയിലൂടെ അർത്ഥമാക്കുന്നത്. സ്ത്രീയ്ക്കും പുരുഷനും തുല്യമായ വിധത്തിൽ നീതി ലഭ്യമാക്കുകയും നിയമങ്ങൾ നിർവചിക്കപ്പെടുകയും ചെയ്യുക, സ്ത്രീ പുരുഷ ബന്ധങ്ങളിൽ തുല്യത ഉളവാക്കാനുള്ള നിയമപരമായ സാദ്ധ്യതകൾ സൃഷ്ടിക്കുക എന്നതൊക്കെ അതിന്റെ അർത്ഥതലത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. ഇവിടെയാണ് നിയമനിർമ്മാണത്തിലും നയരൂപീകരണത്തിലും സ്ത്രീക്ക് നൽകേണ്ട പ്രാതിനിധ്യം പ്രാധാന്യമർഹിക്കുന്നത്. വനിതാസംവരണ ബിൽ ചർച്ചകൾ പാർലമെന്റിൽ കൊടുമ്പിരി കൊണ്ടിരിക്കുന്ന ഇക്കാലയളവിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50% പദവികൾ സ്ത്രീകൾക്ക് സംവരണം ചെയ്തു കൊണ്ടുള്ള നിയമഭേദഗതിയ്ക്ക് കേരള നിയമസഭ പച്ചക്കൊടി കാണിച്ചിരിക്കുന്ന ഈ ചരിത്രസന്ധിയിൽ സ്ത്രീ ശാക്തീകരണത്തിലും വനിതാ മുന്നേററത്തിലും സ്ത്രീ സംവരണത്തിന്റെ പ്രസക്തിയെക്കുറിച്ച് വിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും.

### സ്ത്രീ സമൂഹത്തിൽ

ലോകം അത്യാധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, സമൂഹം വികസനത്തിന്റെ പാതയിൽ കുതിപ്പുകൾ നടത്തുന്ന ഇക്കാലയളവിൽ സ്ത്രീ സമൂഹത്തിൽ സുരക്ഷിതയാണോ എന്ന ചോദ്യം അഭിമാനം സ്ഫുരിക്കുന്ന നമ്മുടെ മുഖത്ത് ആശങ്കയുടെ കരിനിഴൽ വീഴ്ത്തുന്നില്ലേയെന്ന് ശങ്കിക്കേണ്ടിരിക്കുന്നു. ലോകചരിത്രത്തിന്റെ ഏടുകൾ മറിയുമ്പോൾ വേട്ടയാടി തന്റെ പുരുഷനെയും കുടുംബത്തെയും പോററിയിരുന്ന ഒരു സ്ത്രീ സമൂഹത്തെ നാം കണ്ടുമുട്ടുന്നുണ്ട്. സമൂഹത്തിൽ പുരുഷനൊപ്പമോ പുരുഷനെക്കാളുമോ സ്ഥാനമലങ്കരിച്ചിരുന്ന സ്ത്രീ ആർഷഭാരത സംസ്ക്കാരം അമ്മയായും ദേവിയായും പൂജിച്ചിരുന്ന സ്ത്രീ പിന്നീടെപ്പോഴാണ് ' പ്രകൃതിയുടെ സുന്ദരമായ വൈകൃത' മായും പുരുഷന്റെ ഭർത്സനങ്ങൾക്കു മുമ്പിൽ ചൂളി നിൽക്കുന്നു. രണ്ടാം തരപൗരയായും അധഃപതിച്ചത് സ്ത്രീയ്ക്കും പുരുഷനും തുല്യസ്ഥാനമുണ്ടായിരുന്ന പൊതു സ്ഥലത്തു നിന്നും അടുക്കളയെന്ന ഇരുട്ടറയുടെ തടവുകാരിയായി അവളെ മാററിയ ചരിത്രത്തിലെ ഈ അട്ടിമറിയെക്കുറിച്ച് ' അടുക്കളെ തിരിച്ചു പിടിക്കുക' എന്ന ലേഖനത്തിൽ സാറാ ജോസഫ് പരാമർശിക്കുന്നുണ്ട്. സ്വകാര്യ സ്വത്തുടമസ്ഥതയുടെയും, അത് കയ്യാളിയ കായികമായി അധീശത്വം പുലർത്തുന്ന പുരുഷവർഗ്ഗത്തിന്റെയും ഉദയവുമായി ഏംഗൽസ് ഇതിനെ ബന്ധപ്പെടുത്തുന്നുണ്ട്.

കാലം ചെയ്ത ഈ പിഴയുടെ പരിണിതഫലമെന്നോണം സ്ത്രീ മനസ്സുകളിൽ ഇന്നും ഒരു അപകർഷതാബോധം നിലനിൽക്കുന്നു. ഗാർഹിക വൃത്തികൾ സ്ത്രീകളുടേയും, സാമൂഹ്യ സാംസ്ക്കാരിക പ്രക്രിയകൾ പുരുഷന്റെ

യും മാത്രമായി നിജപ്പെടുത്തപ്പെട്ടിരിക്കുന്ന ഒരു വ്യവസ്ഥിതിയുടെ പിന്തുടർച്ച അറിഞ്ഞോ അറിയാതെയോ സ്ത്രീ സമൂഹം ഇന്നും പുലർത്തിപ്പോരുന്നുണ്ട്. ഇന്നും സ്ത്രീ മനസ്സുകളിൽ ആഴത്തിൽ വേരോടിക്കൊണ്ടിരിക്കുന്ന ഈ വികല ചിന്താധാരയ്ക്ക് മതവും സമൂഹവും സംസ്ക്കാരവുമെല്ലാം വളമിട്ടു കൊടുക്കുന്നുണ്ടെന്നു വേണം അനുമാനിക്കാൻ. ജനിക്കുവാനും ജീവിക്കുവാനുമുള്ള അവകാശങ്ങളും അവസരങ്ങളും നിഷേധിക്കപ്പെട്ടവരാണ് സ്ത്രീകൾ. സ്ത്രീ- പുരുഷ അനുപാതത്തിൽ സ്ത്രീകളുടെ എണ്ണം താഴോട്ടു പോകുന്നുവെന്ന് ജനസംഖ്യാ കണക്കുകൾ പറയുന്നു. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഗർഭഛിദ്രത്തിലൂടെ ഇന്ത്യയിൽ ഒരു കോടി പെൺകുഞ്ഞുങ്ങളുടെ ജനനം നാം ഒഴിവാക്കിയതായി പഠന റിപ്പോർട്ടുകൾ പറയുന്നു. ടൊറന്റോ യൂണിവേഴ്സിററിയിലെ പ്രഭാത് ഝായും, ഛത്തീസ്ഗഢിലെ പോസ്റ്റുഗ്രാഡ്വേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ രാജേഷ് കുമാറുമായി ചേർന്നു നടത്തിയ പഠനമാണ് ഈ ഞെട്ടിക്കുന്ന സത്യം പുറത്തുകൊണ്ടു വന്നത്.

മതത്തിന്റെ പൊട്ടിച്ചിതറിയ കണ്ണാടിയിൽ പ്രതിഫലിക്കുന്ന സ്ത്രീരൂപവും സുന്ദരമല്ല. അധികാര കേന്ദ്രങ്ങളിലും തീരുമാനങ്ങളിലും പലപ്പോഴും സ്ത്രീക്ക് അർഹമായ പ്രാതിനിധ്യം നൽകാത്ത ക്രൈസ്തവ സഭയും, ശാരീരിക വ്യതിയാനങ്ങളുടെ പേരിൽ സ്ത്രീകൾക്ക് ക്ഷേത്ര പ്രവേശനം നിഷേധിക്കുന്ന ഹൈന്ദവ മതവും, ' ശരിഅത്തി' ന്റെ തടവുകാരായി മുസ്ലീം വനിതകളെ മാററുന്ന ഇസ്ലാം മതചിന്തകളുമെല്ലാം ഈ വാദമുഖത്തിൽ നേർകാഴ്ചകളാകുന്നു.

സ്ത്രീയ്ക്കു നൽകുന്ന വിദ്യാഭ്യാസത്തിനു പോലും പരിധികളും പരിമിതികളുമുണ്ട്. എത്ര വിദ്യാസമ്പന്നയാണെങ്കിലും വിവാഹവും കുടുംബവും മാത്രമാണ് സ്ത്രീയുടെ ജീവിതാഭിലാഷമെന്ന് കല്പിക്കുന്ന യാഥാസ്ഥിതിക സമൂഹം പരിധിവിട്ട ഉന്നത വിദ്യാഭ്യാസം സ്ത്രീകൾക്കെന്തിന് എന്നുവരെ ചോദിക്കുന്നുണ്ട്. ഇതിനെല്ലാം ആക്കം കൂട്ടി സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീധന സമ്പ്രദായവും, ഗാർഹിക പീഢനങ്ങളും എല്ലാം എരിതീയിൽ എണ്ണയൊഴിക്കുന്ന സംഭവങ്ങളാണ്.

തൊഴിൽ രംഗത്തും സ്ത്രീയുടെ അനുഭവങ്ങൾ ഒട്ടും ആശാവഹമല്ല. അസംഘടിത തൊഴിൽമേഖലയിൽ തുല്യ ജോലിക്ക് തുല്യവേതനമില്ല. അതിനമപ്പുറം ഏറി വരുന്ന ബലാത്സംഗങ്ങളും മാനഭംഗശ്രമങ്ങളും പിഴുതെറിയുന്ന ജീവിതങ്ങളെത്രയാണ്? പീഢനങ്ങളും, അപകടങ്ങളും, യുദ്ധവും, ഭീകര പ്രവർത്തനങ്ങളും, പ്രകൃതി ദുരന്തങ്ങളും മൂലം പീഢനമനുഭവിക്കുന്നവരിൽ 80% സ്ത്രീകളാണെന്ന ലോക സാമ്പത്തിക ഫോറത്തിന്റെ കണ്ടെത്തലും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടിയിരിക്കുന്നു.

## സ്ത്രീശാക്തീകരണത്തിന്റെ ആവശ്യകത.

മേൽപറഞ്ഞ വസ്തുകൾ നാം ഉൾക്കൊള്ളാൻ ശ്രമിക്കുമ്പോൾ മാത്രമേ എത്ര അഗാധമായ ഗർത്തത്തിലേയ്ക്കാണ് സ്ത്രീ നിപതിച്ചിരിക്കുന്നതെന്നും അവളെ അവിടെ നിന്നും കരകയറേണ്ടത് സമൂഹത്തിനെത്രത്തോളം ആവശ്യമാണെന്നും നമുക്ക് ബോധ്യമാക്കു. ദ്രുതഗതിയിൽ മാററങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന മത്സരാധിഷ്ഠിത ലോകത്തിൽ ഒററച്ചിറകുമായി ഏറെയൊന്നും മുന്നോട്ട് പോകാനാവില്ലെന്ന് പുരുഷപ്രജകളും തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. കാലം ചെയ്ത പിഴയ്ക്ക് വിരാമമിടേണ്ടത് കാലഘട്ടത്തിന്റെ തന്നെ ആവശ്യമായിരുന്നു. ഈ ആർജ്ജവം ഉൾക്കൊണ്ട് ' എ റൂം ഓഫ് വൺസ് ഓൺ' എന്ന തന്റെ വിഖ്യാത പുസ്തകത്തിൽ വിർജീനിയ വൂൾഫ് എഴുതി. ' അടുക്കളയുടെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കേണ്ടവളല്ല, മറിച്ച് ഭൗതിക ലോകത്തിന്റെ അനന്തവിഹായസ്സിലേയ്ക്ക് ചിറകുവിടർത്തി പറക്കേണ്ട മാലാഖയാണ് സ്ത്രീ'. നൂററാണ്ടുകളായി അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന് മയക്കത്തിൽ നിന്നുണർന്ന് പോരാടാനുള്ള കാഹളനാദമായിരുന്നു അത്. പതിനായിരങ്ങൾ ഈ ശംഖൊലിയ്ക്ക് കാതോർത്തു. ഈ മാററത്തിന്റെ ആണിക്കല്ല് ഇന്നത്തെ സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം അവൾ തിരിച്ചറിയുകയും തന്നിലുള്ള അപരിമേയമായ ശക്തിയെക്കുറിച്ച് ബോധവതിയാവുകയുമാണ്. വിദ്യാഭ്യാസത്തിലൂടെയാണ് ഈ ബോധ്യം അവരിൽ ശക്തമാവുക. സ്ത്രീ കേവലം അമ്മയോ ഭാര്യയോ മാത്രമല്ലെന്നും ഈ സമൂഹത്തിന്റെ ഉദ്ധാരണത്തിനായി തനിക്കും പലതും ചെയ്യാനാകുമെന്ന ഈ തിരിച്ചറിവ് അവളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്ന- കുടുംബശ്രീ, അയൽക്കൂട്ട സംരംഭങ്ങളുടെ ശക്തമായ ഇടപെടലും അവളുടെ ജീവിതത്തെ മാററിമറിച്ചു കൊണ്ടിരിക്കുകയാണ്. അനുകൂലമായ നിയമനിർമ്മാണങ്ങളും, സംവരണശ്രമങ്ങളും ഈ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടും.

## സ്ത്രീസംവരണം വനിതാ മുന്നേററത്തിന്

സ്ത്രീകൾക്ക് അവരർഹിക്കുന്ന രാഷ്ട്രീയമായ ഒരു ഇടം നൽകേണ്ടതാവശ്യമാണെന്ന് പുരുഷന്മാരടങ്ങുന്ന നമ്മുടെ സമൂഹം തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. സ്ത്രീയുടെ അവകാശങ്ങൾ നിയമത്തിന്റെ പഴുതിൽക്കൂടിത്തന്നെ ചോർന്നു പോകുന്നുവെന്ന് നാം മനസ്സിലാക്കുമ്പോൾ സ്ത്രീകൾക്കു വേണ്ടിയുള്ള നിയമനിർമ്മാണങ്ങളിൽ സ്ത്രീകൾക്കുണ്ടായിരിക്കേണ്ട പ്രാധാന്യവും പങ്കാളിത്തവും കൂടുതൽ വ്യക്തമാവുകയാണ്. ഉരുക്കു വനിതകൾ ഭരണചക്രം തിരിക്കുകയും നിയമനിർമ്മാണ സഭകളിൽ ഉണ്ടാവുകയും ചെയ്താൽ മാത്രമേ ഇത് സാദ്ധ്യമാവു. എന്നാൽ പരമ്പരാഗത വിശ്വാസങ്ങളുടെയും, സങ്കൽപ്പങ്ങളുടെയും തടവുകാരിയായി വീട്ടിനുള്ളിൽ സ്വയം തളച്ചിടുന്ന, സമൂഹത്തെ മുഖമുയർത്തി അഭിമുഖീകരിക്കാൻ പോലും തയ്യാറാകാത്ത നമ്മുടെ സ്ത്രീജനങ്ങളെ മുഖ്യധാരയിലെത്തിക്കുക നിസ്സാരകാര്യമല്ല. ഇവിടെയാണ് സ്ത്രീ സംവരണത്തിന്റെ പ്രസക്തി. പഞ്ചായത്ത് രാജും സ്ത്രീ സംവരണ നിയമങ്ങളും പ്രായോഗികവൽക്കരിക്കപ്പെട്ടു തുടങ്ങിയതോടെ സാമൂഹ്യസേവന രംഗത്തേക്ക് വനിതകളുടെ വൻനിര തന്നെ ഇതിനകം ആനയിക്കപ്പെടുകയുണ്ടായി.

എന്നിരുന്നാൽത്തന്നെയും 33% സംവരണം സ്ത്രീകൾക്കുറപ്പു നൽകുന്ന വനിതാ സംവരണബിൽ അവതരണം ഒരു പ്രഹേളികയായി തുടരുന്നുവെന്ന വസ്തുത ഉപ്പുമാവിൽ കല്ലു കടിക്കുന്ന അനുഭവമാണ്. മലയാളത്തിലെ ഒരു പ്രമുഖ പത്രത്തിലെ റിപ്പോർട്ടനുസരിച്ച് ഇപ്പോൾ ലോകസഭയിലെ 543 അംഗങ്ങളിൽ

59 വനികളുണ്ട്. 33% സംവരണം വന്നാൽ കുറഞ്ഞത് 181 വനിതാ എം. പി മാരാകും. സംവരണമില്ലാത്ത മണ്ഡലങ്ങളിലും മത്സരിക്കാമെന്നതിനാൽ എണ്ണം കൂടാനാണ് സാദ്ധ്യത. എന്നാൽ ഈ സ്ത്രീ സാന്നിദ്ധ്യത്തെ ഭയപ്പാടോടും ആശങ്കയോടും കൂടി വീക്ഷിക്കുന്ന ഒരു കൂട്ടം പുരുഷന്മാരാണ് പാർലമെന്റിൽ ഈ ബില്ലിനെ ഒരു ദശാബ്ദത്തിനിപ്പുറവും ഒരു പ്രഹസനമായി മാററിയിരിക്കുന്നുവെന്ന് ന്യായമായും സംശയിക്കാൻ നമുക്ക് കാരണങ്ങളുണ്ട്.

എന്നാൽ കണക്കുകൾ പരിശോധിക്കുമ്പോൾ തദ്ദേശ ഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള സ്ത്രീകളുടെ പ്രവേശനം മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ സജീവമായി എന്നു വേണം കരുതാൻ. ഇതിലൂടെ ഫലപ്രാപ്തിയിലെത്തിയത് രാജ്യത്താകമാനമുള്ള സ്ത്രീകളെ ശാക്തീകരിക്കുകയെന്ന ചിരകാല സ്വപ്നമാണ്. കുടുംബശ്രീ അയൽക്കൂട്ട സംരംഭങ്ങളിലൂടെ സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നു വന്നതിന്റെ ഒളിമങ്ങാത്ത ദൃഷ്ടാന്തമായിരുന്നു കഴിഞ്ഞ ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പ്. കുടുംബശ്രീയുടെ സംസ്ഥാനത്തെ വിവിധ ഘടകങ്ങളിൽ പ്രവർത്തിച്ചിരുന്ന 2243 പേർ തിരഞ്ഞെടുപ്പിൽ മത്സരിച്ചതിൽ 968 പേർ വിവിധ പ്രാദേശിക ഭരണസമിതികളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു.

സാമൂഹ്യസേവന രംഗത്ത് പ്രതിഭാശാലികളായ ധാരാളം സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് നിനച്ചിരിക്കാതെ കിട്ടിയ നേട്ടമായിട്ടു വേണം കരുതാൻ. വനിതാ സംവരത്തിലൂടെ കൂടുതൽ വനികൾക്ക് സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിലേയ്ക്ക് കടന്നു വരാൻ അവസരമുണ്ടായിരിക്കയാണ്. ഒരിക്കലും രാഷ്ട്രീയ രംഗത്തേയ്ക്ക് പ്രവേശിക്കാൻ കഴിയാതിരുന്ന സമൂഹങ്ങളിലെ സ്ത്രീകൾക്ക്, വിശിഷ്യാ അടിസ്ഥാന വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സാമൂഹ്യ രംഗത്തേയ്ക്ക് നിസ്സങ്കോചം കടന്നുവരാൻ വാതിൽ തുറന്നിട്ടിരിക്കുകയാണ് സംവരണ വ്യവസ്ഥ. അധികാരം കയ്യിലെത്തുന്നതോടെ സ്ത്രീ ജീവിതത്തിൽ കൂടുതൽ മാററങ്ങൾ, ഉണ്ടാകുമെന്ന കാര്യത്തിൽ സന്ദേഹമൊന്നുമില്ല. യഥാസ്ഥിതികരായ പുരുഷന്മാർ കയ്യടക്കി വെച്ച മേഖല മാത്രമല്ല, കയ്യടക്കിവച്ചു നശിപ്പിച്ച മേഖല കൂടിയാണ് രാഷ്ട്രീയം. അവിടേയ്ക്ക് സ്ത്രീ കടന്നു വരുന്നത് പ്രതാപമോഹിയായ പുരുഷൻ ഇഷ്ടപ്പെടുകയില്ല. ഈ സാഹചര്യത്തിൽ വനിതാ സംവരണത്തിന്റെ പ്രസക്തി ഏറുകയാണ്.

12-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനം സ്ത്രീശാക്തീകരണത്തിന്റെ വിജയ കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തിയിരിക്കയാണ്. പുതിയ നിയമ ഭേദഗതിയനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50% സീററ് മാത്രമല്ല പ്രസിഡന്റ് / സ്റ്റാന്റിംഗ് കമ്മിററി ചെയർമാൻ സ്ഥാനത്തേക്കും 50% സംവരണമുണ്ട്. ഇന്ത്യയിലെ മററു സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ പിന്നോട്ട് വലിയുമ്പോൾ കേരള നിയമസഭ ഐക്യകണ്ഠേന പാസാക്കിയ ഈ നിയമം സാക്ഷര കേരളത്തിന്റെ നാമം സുവർണലിപികളിൽ ഭാരത ചരിത്രത്തിൽ എഴുതിച്ചേർക്കുകയായിരുന്നു. ഇതുപ്രകാരം കേരളത്തിലെ 5 കോർപ്പറേഷനുകളിൽ 3 ചെയർമാൻമാർ സ്ത്രീകളായിരിക്കും. 991 പഞ്ചായത്തുകളിൽ 496 പേർ സ്ത്രീകളായിരിക്കും. മുനിസിപ്പാലിററികളിൽ പകുതിയിൽ വനിതാ ചെയർപേഴ്സനായിരിക്കും- ഭരണ രംഗത്ത് സ്ത്രീകളുടെ ഇടയിലുണ്ടാകുന്ന ഈ മുന്നേററം സാമൂഹ്യ മാററത്തിൽ പ്രതിഫലിക്കാതിരിക്കുകയില്ല.


## സംവരണം മുന്നേററത്തിന്റെ ചവിട്ടു പടിമാത്രം

ഇങ്ങനെയൊക്കെയാണെങ്കിലും സ്ത്രീകൾക്ക് സാമൂഹ്യ പ്രവർത്തനത്തിന്റെ ഒരു ഘട്ടത്തിനപ്പുറത്തേക്ക് വളരാൻ ഇവിടെ അവസരമില്ലെന്നതും സത്യമാണ്. ഒരു ടേം പൂർത്തിയാക്കിയ വനിതാ പ്രതിനിധിയ്ക്ക് അടുത്ത തിരഞ്ഞെടുപ്പിൽ ഒരവസരം കൂടി നൽകാനുള്ള വിശാലമനസ്കത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പലപ്പോഴും കാണിക്കാറില്ല. പാർട്ടിതല വനിതാസംവരണത്തിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പ്രാദേശിക നേതാവിന്റെ ഭാര്യയ്ക്കോ, സഹോദരർക്കോ മാത്രം സംവരണസീററു നൽകിയാൽ ഒരു പക്ഷേ ജനം തിരസ്ക്കരിച്ചെന്നു വരും. അതിനാൽ കഴിവും ആർജ്ജവവുമുള്ള സ്ത്രീകളെ ഈ രംഗത്തേക്ക് കൊണ്ടു വരാൻ രാഷ്ട്രീയ പാർട്ടികൾ ശ്രദ്ധിക്കേണ്ടതാണ്. മാത്രവുമല്ല, സംവരണ സീററുകളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകൾ മററു നേതാക്കന്മാരുടെ കയ്യിലെ ചട്ടുകമോ, കളിപ്പാവയോ ആയി മാറാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീ മുൻനിരയിലേക്ക് കടന്നുവരേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് ഭർത്താവും കുടുംബവും അവൾക്ക് താങ്ങാവുമ്പോൾ മാത്രമേ ഇത് സാദ്ധ്യമാവൂ.

സ്ത്രീ ശക്തി വർദ്ധിക്കണമെങ്കിൽ സംവരണം കേവലം, ഭരണ രംഗത്തോ, ട്രാൻസ്പോർട്ട് ബസ്സിലോ മാത്രം ഒതുങ്ങിയാൽ പോരാ എന്നാണ് എന്റെ പക്ഷം അർഹതയുള്ള സ്ത്രീക്ക് തൊഴിൽ രംഗത്തും സംവരണം ആവശ്യമാണ്. സ്ത്രീയെ വരിഞ്ഞു മുറുകിയിരിക്കുന്ന ഉരുക്കു മുഷ്ടിയിൽ ഭേദിക്കാൻ സംവരണം ആവശ്യം തന്നെ. ലോക സാമ്പത്തിക സർവ്വെയിലെ സ്ത്രീകളാകുന്ന മനുഷ്യ വിഭവശേഷിയെക്കുറിച്ചുള്ള കാഴ്ചപ്പാട് ഉദാത്തമാണ്. ' ജനസംഖ്യയുടെ പകുതി വരുന്ന സിദ്ധികളെയും നൈപുണ്യത്തെയും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താത്ത ഒരു രാജ്യം അവിടുത്തെ മനുഷ്യ വിഭവ ശേഷിയെ വേണ്ടവിധം മാനിക്കുന്നതിലും പ്രയോജനപ്പെടുത്തുന്നതിലും പരാജയപ്പെടുകയാണ്'. ഒരു രാജ്യത്തിന്റെ മാനവ വിഭവശേഷിയിൽ പകുതിയോ അതിലധികമോ വരുന്ന സ്ത്രീകൾ അതിന്റെ വികസനത്തിലും ജനാധിപത്യ പ്രക്രിയയിലും സജീവ പങ്കാളികളാകേണ്ടവരാണെന്നുള്ളതുകൊണ്ട് പ്രദേശിക ഭരണസമിതികളിൽ സംവരണത്തിലൂടെ അവൾക്ക് ലഭിച്ച ഈ ഇടം കൂടുതൽ വിപുലമായ നേതൃത്വത്തിലെക്കുള്ള ഒരു ഇടനാഴി മാത്രമാണെന്ന് അവൾ തിരിച്ചറിയണം. ഈ ഇടനാഴിയിലൂടെ മുന്നേറി വിശാലമായ ലോകത്തിലെ വിസ്തൃതമായ തുറന്ന പൊതുസ്ഥലത്തെത്തിച്ചേരാൻ അവൾക്കാകട്ടെ എന്ന് നമുക്കാശിക്കാം.

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവൻഷനോടനുബന്ധിച്ച് വിദ്യാർത്ഥിനികൾക്കായ് നടത്തിയ സാഹിത്യ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ച ലേഖനം

**ലിൻറാ.പി.ആനന്ദ്**
*രണ്ടാം വർഷം ഇംഗ്ലീഷ്,*
*ടി.കെ.എം.എം.കോളജ്, നങ്ങ്യാർകുളങ്ങര*



# തിരിച്ചുവരവ്

തിരക്കൊഴിഞ്ഞ റെയിൽവേ പ്ളേററ്ഫോമിൽ ചിതറിക്കിടക്കുന്ന പ്ലാസ്റ്റിക് കപ്പുകളിൽ ചവുട്ടി മുൻപോട്ട് നടന്നപ്പോൾ, കാൽചുവട്ടിലമരുന്ന പ്ലാസ്ററിക്കിന്റെ ചെറുനാദം എന്തോ പറയുന്നതു പോലെ തോന്നി.

പൊടിനിറഞ്ഞ കണ്ണട മുഷിഞ്ഞ കൈലേസു കൊണ്ട് അമർത്തിതുടച്ച് വീണ്ടുമതിനെ യഥാസ്ഥാനത്തു വെച്ച് വരിവരിയായി നിൽക്കുന്ന മരങ്ങൾക്കു ചുവട്ടിലൂടെ നടന്നു നീങ്ങവെ, ഒരു ദുഃസ്വപ്നം പോലെ മേഘപാളിയിൽ നിന്നും പുറത്തേക്ക് കുതറുന്ന സൂര്യനാളങ്ങൾ വൃക്ഷച്ചില്ലകളിലൂടെ അരിച്ചിറങ്ങി പ്ലാററ്ഫോമിന്റെ പരുപരുത്ത പ്രതലത്തിൽ അനേകം ചിത്രങ്ങൾ വരച്ചു മായ്ക്കുന്നത് എന്റെ കണ്ണിൽ നിറഞ്ഞു.

ചങ്ങലയുടെ കിലുക്കം നേർത്തയൊരു തേങ്ങൽ

കൂടെത്തന്നെ ചൂരൽ വായുവിൽ ചുഴററുന്ന ശബ്ദവും എന്റെ കാതുകളിൽ മുഴങ്ങി. അതിന്റെ തീവ്രത എന്റെ മസ്തിഷ്കത്തിൽ ഒരായിരം പെരുമ്പറ ഒന്നിച്ചു മുഴക്കും പോലെ പ്രതിധ്വനിച്ചു.

' സർ സർ ഒരു ഓട്ടോഗ്രാഫ് പ്ലീസ്'

എസ്ക്യൂസ്മീ സർ, സാറിനെപ്പോലെയൊരു വ്യക്തിയുടെ വരവ് കേരളത്തിലെ സാഹിത്യ ഹൃദയങ്ങളെ പിടിച്ചു കുലുക്കുന്ന ഒന്നാണല്ലോ...

എന്നിട്ടും ഒരു മുന്നറിയിപ്പുമില്ലാതെ ഇവിടെ? അതും ഈ ചെറുഗ്രാമത്തിൽ'?

കൈയ്യിൽ സ്വകാര്യ ചാനലിന്റെ മൈക്കുമായി ചുണ്ടിൽ നിറം തേയ്ച്ച ഒരു ചെമ്പൻ മുടിക്കാരിയും അനേകമാളുകളും!

ഇവരൊക്കെ എപ്പോൾ എന്റെ പിന്നാലെ കൂടി?

എത്ര രഹസ്യമായിരുന്നിട്ടും നിങ്ങൾ അറിഞ്ഞല്ലോ, പിന്നെ ചോദ്യം അപ്രസക്തം ഇത്രയും പറഞ്ഞ് തിരിയുവാൻ തുടങ്ങുമ്പോഴേക്കും അടുത്ത ചോദ്യം ഒരു ദയയുമില്ലാതെ ഇടിച്ചു കയറി വന്നിരുന്നു.

*എന്താണ് ഈ കേരളാവിസിററിങ്ങിൻെറ എയിം? സർ, പുതിയതെന്തെങ്കിലും എഴുതുവാനാണോ? തികച്ചു പേഴ്സണൽ* ഒററവാക്കിൽ ഉത്തരമൊതുക്കി ടാക്സീ സ്ററാൻഡിലേക്ക് നടന്ന എന്നെ അവർ പിൻതുടർന്നു പല പല ചോദ്യങ്ങളുമായി. ടാക്സിയുടെ ഗ്ലാസ്കയററി വയ്ക്കും വരെ അവർ എൻെറ കൂടെ വന്നു ചോദ്യങ്ങളുമായി. പറയാത്ത അനേകം ഉത്തരങ്ങളുമായി അവരിൽ നിന്നും ഞാൻ ഒഴിഞ്ഞുമാറി. മാറാല പിടിച്ചു കിടക്കുന്ന പഴയനാലുകെട്ട്. പ്രാവുകൾ കുറുകുന്നു! തെക്കേ തൊടിയിൽ നിന്നും ഇളംകാററ് ഒഴുകിയെത്തി. അനേകം വർഷങ്ങൾക്കുശേഷം ജന്മഗൃഹത്തിൽ, ഇരുൾ വന്ന് വീടിനെ മുഴുവൻ മൂടുവാൻ തുടങ്ങിയപ്പോൾ പഴകിയ

ശരറാന്തലൊന്നെടുത്ത് കൊളുത്തിവച്ച് ഞാൻ കാററിന്റെ മൂളലിന് കാതോർത്തിരുന്നു.

ചങ്ങലക്കിലുക്കം!

ഞാൻ എഴുന്നേററ് അകത്തേക്ക് കടന്നു, അകത്തെ ഇരുളടഞ്ഞ മുറിയിലെ കുടിലിന്റെ കാലിൽ എന്തോ ഒന്ന് ചുരുണ്ട് കിടക്കുന്നു; ചങ്ങല! സത്യത്തെ വിളിച്ചു പറഞ്ഞതിന് അമ്മയ്ക്ക് കിട്ടിയ പാരിതോഷികം!

ഒരു തനിയാവർത്തനം പോലെ തന്നിലേക്ക് തന്നെ അത് കടന്നുവന്നപ്പോൾ ഒരു കർക്കിടകരാത്രിയിൽ മഴയിലൂടെ ഓടിമറഞ്ഞ ഒരു ചെറുബാലനെ ഓർക്കുന്നു ഞാൻ.

ഡയറി എടുത്തു, എന്റെ ജീവിതത്തിന്റെ ചോര കിനിയുന്ന മുറിവുകളെ അക്ഷരമാക്കി സൂക്ഷിച്ചിരിക്കുന്ന ഡയറി!

ശ്രുതിമധുരമായ ഒരു റിംങ്ടോങ്ങ് ആ പഴകിയ വീടിനെ ശബ്ദമുഖരിതമാക്കി,

ഫോൺകാതോടടുപ്പിച്ചപ്പോൾ മനോഹരമായ ഒരു സ്ത്രീ ശബ്ദം,

ദാസ്, നൊസ്ററാൾജിയയുടെ ലോകത്താണോ മാർഗരീന!

ഒരു വിവാഹബന്ധത്തിനുപരിയായി സുഹൃത്ത് ബന്ധത്തിന് പ്രാധാന്യം കൊടുക്കുന്ന സ്വർണ്ണമുടിക്കാരി, അത്യപൂർവ്വമായ ശൈലികളുടെ.... അനേകായിരം സുന്ദരവും നിഗൂഢവുമായ കഥാപാത്രങ്ങളുടെ സൃഷ്ടാവ്.... അത്യപൂർവ്വമായ സൃഷ്ടികളുടെ തൂലിക ചലിപ്പിച്ച എഴുത്തുകാരനായ ദാസ് എന്ന എന്റെ തോഴി!

ഒരിക്കൽ യമുനയുടെ ഓളപ്പരപ്പിൽ അനശ്വരമായ പ്രണയത്തിന്റെ ഉദാത്തമാതൃകയായ താജ്മഹലിന്റെ പ്രതിബിംബം നിറഞ്ഞു നിന്നപ്പോൾ അവൾ എന്നോട്ട് ചേർന്നിരുന്നു പറഞ്ഞു, ദാസ്...... നീയാണെന്റെ സുഹൃത്ത്, ഒരു പക്ഷേ നിന്നെ കണ്ടിട്ടില്ലായിരുന്നെങ്കിൽ എന്റെ ആത്മാവിന്റെ ഒരു വലിയ നഷ്ടമായിരുന്നേനെ അത്.

ജന്മനാട്ടിൽ ഒരു പ്രഭാതം!

പൈതൃകത്തിന്റെ വിളിച്ചറിയിക്കൽ പോലെ ക്ഷേത്രങ്ങളിൽ നിന്നും പള്ളികളിൽ നിന്നും മണിനാദങ്ങളും നാമജപങ്ങളും പ്രകൃതിയെ നാദമുഖരിതമാക്കി.

നാട്ടിൻപുറത്തു നിന്നെവിടെ നിന്നോ കിട്ടിയ ബാലപാഠത്തിന്റെ ഏട്ടിൽ ഒരു കരിപുരണ്ട എന്തോ ഒന്ന്, ചെറുതായൊന്ന് പ്രകാശിക്കുന്നതുപോലെ, ഒരു മയിൽപ്പീലിത്തുണ്ട്. ചകിരിച്ചോർ ചേർത്തുവച്ച് ആകാശം കാണിക്കാതെ വച്ച് ഇരട്ടിക്കുവാൻ കാത്തിരുന്ന മയിൽപ്പീലിത്തുണ്ട്.

ചൂരലിന്റെ വായുവിലെ മൂളൽ!

മുട്ടിനുതാഴെ ഇന്നും നിഴലിക്കുന്ന പാടുകളിലൂടെ എന്റെ കൈവിരൽ പരതി!

ചോര കിനിയുന്നുവോ? ഹീനജാതിയിൽപ്പെട്ട പെൺകിടാവിന്റെ ചങ്ങാത്തം കൂടിയതിന് അമ്മാവൻ തന്ന പുരസ്കാരം. ആ അതിഗംഭീരമായ തലയെടുപ്പ് ഇന്ന് ഈ തെക്കേ തൊടിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഇതേ തൊടിയിൽത്തന്നെയല്ലേ ഒരു പാവം നിശബ്ദബാല്യത്തിനെ കുഴിച്ചു മൂടിയത്. അതെവിടെയാണ്? തെക്കേ തൊടിയിൽ തന്നെയോ, ഓർമ്മയില്ല! *നാക്കാടാത്തതും ചെവികേൾക്കാത്തതും ഒക്കെ കുടുംബത്തിന്റെ നാശത്തിനാണ് കേട്ടോ. അതും ഒരു പെൺസന്തതി.*

അമ്മയുടെ മാറിൽ നിന്നും പാൽമണം മായുംമുമ്പേ വെട്ടിമൂടിയ ആ പിഞ്ചുകുഞ്ഞ്

ഉദരത്തിലനക്കം വെയ്ക്കും മുമ്പ് തന്തയുടെ തലയെടുത്ത സന്തതിയെ ഓർത്ത് കരയണ്ടാട്ടോ! എന്ന് പറഞ്ഞ് വയററാട്ടി നീട്ടിത്തുപ്പിയതെവിടെയാണോ, എന്തോ?

ഒരു നരിച്ചീർ പറന്നുപോയി!

എന്തോ ഒന്ന് വാരിയിൽ നിന്നും താഴെവീണു, മാറാല പിടിച്ച എന്തോ ഒന്ന്, ചൂരൽ!

അമ്മാവനെ കല്ലെടുത്തെറിഞ്ഞതിന് പുളിമരത്തിൽ കെട്ടിയിട്ട് തല്ലിയ ചൂരൽ!

അതല്ലേ ഇത്! അതെ അതുതന്നെ!

ഒരായിരം ഓർമ്മകൾ അന്ത്യവിശ്രമം കൊള്ളുന്ന നാട്ടിൽ ഇന്ന് ഞാൻ നിൽക്കുന്നു! ആ പഴയ ബാലനല്ല, ഒ*രു തലമുറയുടെ പ്രിയപ്പെട്ട എഴുത്തുകാരൻ* മാർഗരീനയുടെ മെസ്സേജ് ഈ തുടക്കത്തോടെ വീണ്ടും വന്നു!

നരിച്ചീറുകൾ വിഹരിക്കുന്ന വടക്കിനിയും വിട്ട് ഞാൻ ഇറങ്ങി!

തിങ്ങിനിറഞ്ഞ ട്രെയിനിൽ, ജനാലവഴി പുറത്തേക്ക് നോക്കിയിരുന്നു! എന്തോ, എന്തോ ഒരു ശബ്ദം, കാതോർത്തു.

വീണ്ടും, വീണ്ടും,..........!

അതെ ചങ്ങലതന്നെ,

ചുരുട്ടിപ്പിടിച്ചിരുന്ന കൈവെള്ളയിൽ ചോരയുണങ്ങിയ പാടുള്ള ഒരു ചങ്ങലക്കണ്ണിയും ഒരു തുണ്ട് മയിൽപ്പീലിയും!

---

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവൻഷനോടനുബന്ധിച്ച് വിദ്യാർത്ഥിനികൾക്കായ് നടത്തിയ സാഹിത്യ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ച ചെറുകഥ

## മേജർ റിസർച്ച് പ്രോജക്ട് ലഭിച്ചു



ചേളന്നൂർ എസ്. എൻ. ജി കോളജ് കെമിസ്ട്രി വിഭാഗം അദ്ധ്യാപകൻ **ഡോ. ജി. കലാപ്രസാദിന്** യു.ജി.സിയുടെ മേജർ റിസർച്ച് പ്രോജക്ട് ലഭിച്ചു. "Comparative study of cellulose and chitin reinforced Polymer Nanocomposites" (Engineering and Technology) എന്നതാണ് പ്രോജക്ട്

(1)
F. No 15-1/2009-IFD/U. II
Government of India
Ministry of Human Resource Development
Department of Higher Education

New Delhi. Dated the 15th' December 2008

To

The Secretary,
University Grants Commission,
Bahadur Shah Zafar Marg,
New Delhi.

Sub: Revision of Pension of Pre-2008 Pensioners/Family Pensioners who retired as Readers/ Lecturers (Selection Grade] & equivalent cadres; and Deputy Registrars/ equivalent cadres- Central Universities and Colleges.

Sir,

I am directed to refer to the Government's decision regarding pension/family pension of all the pre-2008 pensioners/family pensioners issued vide Department of Pension and Pensioner's Welfare O.M. No. 38/37/08- P&PW(A) dated 1.9.2008. In this connection a question has arisen about the Pay Band applicable to pre-2006 pensioners in Central Universities/colleges, who had retired from the posts in the pre-revised scale of pay of Rs. 12000-420-18300 (or the corresponding pay scales applicable prior to 1.1.1990) mentioned below to determine their pension/family pension in terms of para 4.2 of Ministry of Personnel, Public Grievances and Pensions (Department of Pension and Pensioners' Welfare) OM. No.38/37/08-P&PW(A) dated 1.9.2008.

Category (A)

Readers' Lecturers (Selection Grade).

Category (B)

(i) Deputy Librarian/ Assistant Librarian (Selection Grade)/College Librarian (Selection Grade),

(ii) Deputy Director of Physical Education/Assistant Director of Physical Education (Selection Grade), College Director of Physical Education (Selection Grade).

Category (C)

(i). Deputy Registrar,

(ii). Deputy Finance Officer,

(iii)). Deputy Controller of Examinations.

2. According to the revised pay scales applicable to teachers/Equivalents Cadres in Central Universities/ Colleges as notified vide Ministry's letter No 1-32:2008-U II/UI (i) dated 31.12.2006, incumbents- of the posts mentioned at categories (A) and (B) above who had completed 3 years of service in the pay scale of Rs 12000-420-18300 on 1.1.2006 have been placed in Pay Band of Rs. 37400-67000 with Academic Grade Pay (AGP) of Rs.9000. Similarly, in terms of this Ministry's letter No. 1-32/ 2006-UII/U.I (ii) dated 31.12.2008. incumbents of the posts of Deputy Registrars/ Deputy Finance Officers/ Deputy Controllers of Examinations who had completed 5 years of service in pre-revised pay scale of Rs.12000-420-18300 on 1 1.2006 were placed in the Pay Band of Rs.37400-67000 with Grade Pay (GP)of Rs.8700.

3. Accordingly, the Government has decided that in the case of teachers and equivalent

cadres, the pre- 1.1.2006 pensioners mentioned at categories (A) and (B) above who had completed 3 years of service in the pre-revised pay scale of Rs.12000-420-18300 and/or the corresponding pay scale(s) applicable prior to 1.1 1996) shall be placed at the minimum of the Pay Band of Rs. 37400-67000 with AGP of Rs.9000 for revision of their pension/ family pension with effect from 1.1.2006. Simi larly, in the case of non-teaching posts/ cadres, the pre- 1.1.2008 pensioners mentioned at category (C) above who had completed 5 years of service in the pre-revised pay scale of Rs. 12000-420-18300 (and the corresponding pay scafe(s) applicable prior to 1.1.1996) shall be placed at the minimum of the Pay Band cf Rs.37400-67000 with GP of Rs.8700 for revision of their pension/family pension with effect from 1.1.2006. The pension/ family pension of these pre-2006 pensioners may be revised accordingly.

4. These orders shall apply to only these pensioners/family pensioners who were drawing pension/family pension on 1,1.2006 under the Central Civil Services (Pension) Rules 1972.
5. This issues with the approval of the competent authority.

Yours faithfully.
(R. Chakravarty)
Deputy Secretary to- the Government of India

---

(2)

## ORDINANCE No. 27 OF 2009
## THE UNIVERSITY LAWS (AMENDMENT) ORDINANCE, 2009

Promulgated by the Governor of Kerala in the Sixtieth Year of. the Republic of India.

AN
ORDINANCE

*further to amend the Kerala University Act, 1974, the Calicut University Act, 1975, the Mahatma Gandhi University Act, 1985 and the Kannur University Act, 1996.*

Preamble.—WHEREAS the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

Now, THEREFORE, in exercise of the powers conferred by clause (1) of article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. Short title and commencement.—(I) This Ordinance may be called the University Laws (Amendment) Ordinance, 2009.

(2) It shall come into force at once.

2. Acts 17 of 1974, 5 of 1975, 12 of 1985 and 22 of 1996 are to be temporarily amended.— During the period of operation of this Ordinance, the Kerala University Act, 1974 (17 of 1974), the Calicut University Act, 1975 (5 of 1975), the Mahatma Gandhi University Act, 1985 (of 1985) and the Kannur University Act, 1996 (22 of 1996), shall have effect subject to the amendments specified in section 3 to 6 respectively.
3. Amendment of Act 17 of 1974.—In the Kerala University Act, 1974 (17 of 1974),—

(a) in sub-section (2) of section 11, for the words, "fifty six" the word "sixty" shall be

substituted;

(b) after section 64, the following section shall be inserted, namely:—

"64A. *Inter University transfer of teacher by an educational agency.*—(1) Notwithstanding anything to the contrary contained ,in any law for the time being in force, where an educational agency has colleges under the jurisdiction of the Kerala University and also under the jurisdiction of another University in the State, a teacher appointed by such educational agency to a college within the jurisdiction of another University, may be transferred to any college under the jurisdiction of Kerala University, subject to the following conditions; namely:—

(i) transfer shall be made only on the written request of the teachers who has completed three years of service;

(ii) transfer shall be made only once during the entire period of service of a teacher;

(in) transfer shall be made on the basis of the seniority of teachers;

(iv) teacher transferred under the provisions of this section shall become junior most in the colleges under the educational agency in the University irrespective of their service in the University from which he was transferred;

(v) transfers are to be made as and when vacancy arises in any of the colleges under the educational agency in the University provided no home college option by any teacher against the said vacancy

is pending; and

(vi) teacher who is transferred under the provision of this section shall be eligible for home college option and shall be treated as teachers of the university with all benefits that are enjoyed by the existing teachers, provided that the services rendered by such teachers outside the university shall not be considered as outside service while exercising their home college option.

Explanation:—For the purpose of this section "home college option" means the option made by a teacher regarding his home college in the University under the provision of the Statutes made under this Act.".

4. *Amendment of Act 5 of 1975.*—In the Calicut University Act, 1975 (5 of 1975),—

(a) in sub-section (2) of section 11, for the words, "fifty six" the words "sixty" shall be substituted;

(b) after section 64, the following section shall be inserted, namely:—

64A. Inter University transfer of teacher by an educational agency.—(1) Notwithstanding anything to the contrary contained in any law for the time being in force, where an educational agency has colleges under the jurisdiction of the Calicut University and also under the jurisdiction, of another University in the State, a teacher appointed by such educational agency to a college within the jurisdiction of another University, may be transferred to any college under the jurisdiction of Calicut University, subject to the following conditions, namely:—

(i) transfer shall be made only on the written request of the teachers who has completed three years of service;

(ii) transfer shall be made only only during the entire period of service of a teacher;

(iii) transfer shall be made on the basis of the seniority of teachers,

(iv) teacher transferred under the provisions of this section shall become junior

most in the colleges under the educational agency in the University irrespective of their service in the University from which he was transferred;

(v) transfers are to be made as and when vacancy arises in any of the colleges under the educational agency in the University provided no home college option by any teacher against the said vacancy is pending; and

(vi) teacher who is transferred under the provision of this section shall be eligible for home college option and shall be treated as teachers of the University with all benefits that are enjoyed by the existing teachers, provided that the services rendered by such teachers outside the University shall not be considered as outside service while exercising their home college option.

Explanation:—For the purpose of this section "home college option" means the option made by a teacher regarding his home college in the University under the provision of the Statutes made under this Act.".

5. Amendment of Act 12 of 1985.—In the Mahatma Gandhi University Act, 1985 (12 of 1985) —

(a) in section 2, after clause (19), the following clause shall be inserted,namely:—

"(19A) "Pro-Chancellor" means the Pro-Chancellor of the University;";

(b) in the heading under the CHAPTER II after the word "CHANCELLOR", the word "PRO-CHANCELLOR" shall be inserted;

(c) after section 7, the following section shall be inserted, namely:—

"8. Pro-Chancellor.(I) The Minister for the time being administering the subject of education in the State shall be the Pro-Chancellor of the University.

(2) In the absence of the Chancellor or during his inability to act, the Pro-Chancellor shall exercise all the powers and perform all the functions of the Chancellor.";

(d) in sub-section (2) of section 11, for the words, "fifty six" the word' "sixty" shall 'be substituted;

(e) after section 68,.the following section shall be inserted namely:- —

"68A. *Inter University transfer of teacher by an educational agency.*—(1) Notwithstanding anything to the contrary contained in any law for the time being in force, where an educational agency has colleges under the jurisdiction of the Mahatma Gandhi University and also under the jurisdiction of another University in the State, a teacher appointed by such educational agency to a college within the jurisdiction of another University, may be transferred to any college under the jurisdiction of Mahatma Gandhi University, subject to the following conditions, namely:—

(i) transfer shall be made only on the written request of the teachers who has completed three years of service;

(ii) transfer shall be made only once during the entire period of service of a teacher;

(iii) transfer shall be made on the basis of the seniority of teachers;

(iv) teacher transferred under the provisions of this section shall become junior most in the colleges under the educational agency in the University irrespective of their service in the University from which he was transferred;

(v) "transfers are to be made as and when vacancy arises in any of the colleges under the educational agency in the University provided no home college option by any teacher against the said vacancy is pending; and

(vi) ' teacher who is transferred under the provision of this section shall be eligible for home college option and shall be treated as teachers of the University with all benefits that are enjoyed by the existing teachers, provided that the services rendered by such teachers outside the University, shall not be considered as outside service while exercising their home college option.'

Explanation:—For the purpose of this section "home college option" means the option made by a teacher regarding his home college in the University under the provision of the Statutes made under this Act.".

6. Amendment of Act 22 of 1996. In the Kannur University Act, 1996 (22 of 1996),—

(a) in sub-section (2) of section 13, for the words "fifty six" the word "sixty" shall be substituted;

(b) in section 23, under the heading '*other members*', after item (e), the following item shall be inserted, namely:—

" one member elected by the Senate from among the members in item (xi) under the heading 'Elected members' in section 19";

(c) after section 71, the following section shall be inserted, namely:—

"71 A. *Inter University transfer of teacher by an educational agency.*—(1) Notwithstanding anything to the contrary contained in any law for the time being in force, where an educational agencyhas college, under the jurisdiction of the Kannur University and also under the jurisdiction of another University in the State, a teacher appointed by such educational agency to a college within the jurisdiction of another University, may be transferred to any college under the jurisdiction of Kannur University, subject to the following conditions, namely:—

(i) transfer shall be made only on the written request of the teachers who has completed three years of service;

(ii) transfer shall be made only once during the entire period of service of a teacher;

(iii) transfer shall be made on the basis of the seniorityof teachers;

(iv) teacher transferred under the provisions of this section shall become junior most in the colleges under the educational agency.

in the University irrespective of their service in the University from which he was transferred;

(v) transfers are to be made as and when vacancy arise in any of the colleges under the educational agency in the University provided no home college option by any teacher against the said vacancy is pending; and

(vi) teacher who is transferred under the provision of this section shall be eligible for home college option and shall be treated as teachers of the University with all benefit that are enjoyed by the existing teachers, provided that the services rendered by such teachers outside the University shall not be considered as outside service while exercising their home college option.

*Explanation:*—For the purpose of this section "home college option" means the option made by a teacher regarding his home college in the University under the provision of the Statutes made under this Act.".

R. S. GAVAI,
GOVERNOR.



കേരള സർവ്വകലാശാലയിൽ നിന്ന് കെമിസ്ട്രിയിൽ പി.എച്ച്.ഡി നേടിയ കരമന എൻ.എസ്.എസ് കോളജ് അധ്യാപിക പി. സുധ. *Studies on Thermal, Spectral & Anti Microbial Properties of Some Gamma Irradiated Transition Metal Complexes* എന്ന വിഷയത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ ഡോ. ജി. കൃഷ്ണന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കോഴിക്കോട് എൻ. ഐ.ടിയിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡോക്ടറേറ്റ് നേടിയ പാലക്കാട് എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളജ് അധ്യാപകൻ **വി. വിനോദ്.** *Simulation modelling & Analysis of Scheduling Problems in Dynamic Job Shop Production Systems* എന്ന വിഷയത്തിൽ ഡോ. ആർ. ശ്രീധരന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



എം.ജി.സർവ്വകലാശാലയിൽ നിന്ന് ഹിന്ദിയിൽ പി.എച്ച്.ഡി നേടിയ പെരുമ്പാവൂർ ശ്രീ ശങ്കരാവിദ്യാപീഠം കോളജ് അധ്യാപകൻ **ശ്രീനിവാസൻ നമ്പൂതിരി എൻ.വി.** *Historical Charectors of Short Stories of Jayasankar Prasad* എന്നതായിരുന്നു ഗവേഷണവിഷയം.



കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നും മാത്തമാറ്റിക്സിൽ ഡോക്ടറേറ്റ് നേടിയ പയ്യന്നൂർ കോളജ് അധ്യാപകൻ **ശ്രീനിവാസ് പി.സി.** *"On Special Functions, Integral Transforms and Integral Equations"* എന്ന വിഷയത്തിൽ ഡോ.ടി.എം.വാസുദേവൻ നമ്പീശന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കൊച്ചി സർവ്വകലാശാലയിൽ നിന്ന് പോളിമർ സയൻസിൽ പി.എച്ച്.ഡി നേടിയ ആലുവ യു.സി കോളജ് അധ്യാപകൻ **പി. വി. ശ്രീനിവാസൻ.** *Compatibilisation of Powdered Nitrite Rubber Toughened Polystyrene* എന്നതായിരുന്നു ഗവേഷണവിഷയം.

## അന്താരാഷ്ട്ര അംഗീകാരം



അമേരിക്കൻ കെമിക്കൽ സൊസൈറ്റിയുടെ ക്ഷണിക്കപ്പെട്ട അംഗമായി തിരഞ്ഞെടുക്കപ്പെട്ട പാലാ സെന്റ് തോമസ് കോളജ് രസതന്ത്രവിഭാഗം റീഡർ **ഡോ.സണ്ണികുര്യാക്കോസ്.** ജർമ്മനിയിലെ ജോഹന്നാസ് ഗുട്ടൻബർഗ് യൂണിവേഴ്സിറ്റിയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ബിരുദം നേടിയിട്ടുണ്ട്. കേരള സർക്കാരിന്റെ യംഗ് സയൻറിസ്റ്റ് അവാർഡ് ജേതാവും നിരവധി അന്താരാഷ്ട്ര ശാസ്ത്ര പ്രസിദ്ധീകരണങ്ങളുടെ റഫറി പാനൽ അംഗവുമാണ്.

## ഫെല്ലോഷിപ്പ് ലഭിച്ചു



ഒററപ്പാലം എൻ.എസ്.എസ്. കോളജിലെ കെമിസ്ട്രി അധ്യാപകൻ **ഡോ.എസ്.അനിൽകുമാറിന്** യു.ജി.സി.യുടെ Post Doctoral ഫെലോഷിപ്പ് ലഭിച്ചു. പോളിമർ നാനോ ടെക്നോളജിയെ അടിസ്ഥാനമാക്കിയുള്ള ഗവേഷണം നിർവ്വഹിക്കുന്നതിനു വേണ്ടി രണ്ടു വർഷത്തേക്കാണ് ഈ ഫെലോഷിപ്പ്.

## മികച്ച എൻ.എസ്.എസ്.പ്രോഗ്രാം ഓഫീസർ



മഹാത്മാഗാന്ധി സർവ്വകലാശാല ഏററവും മികച്ച നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസറായി തെരഞ്ഞെടുത്ത ചങ്ങനാശ്ശേരി എസ്.ബി.കോളജ് ഹിസ്ററി അധ്യാപകൻ **ശ്രീ.റെജിമാത്യു.**

## തിരഞ്ഞെടുത്തു



International Actuarial Association (IAA) ന്റെ ക്ഷണമനുസരിച്ച് Cape Town (South Africa) ൽ 2010 മാർച്ച് 7-12 വരെ നടക്കുന്ന International Congress of Actuaries (ICA 2010) ൽ പ്രബന്ധം അവതരിപ്പിക്കാൻ തിരഞ്ഞെടുക്കപ്പെട്ട മാല്ല്യങ്കര എസ്. എൻ.എം കോളജ് അധ്യാപകൻ **കെ. കെ. തമ്പി.**

# അഭിനന്ദനങ്ങൾ

R.No. 36025/81
No. 221

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2007-2009
Rs. 11/- JANUARY 2010

# എ.കെ.പി.സി.ടി.എ

# 52-ാം സംസ്ഥാന സമ്മേളനം

**2010 മാർച്ച് 12,13,14**
**മാമൻമാപ്പിള ഹാൾ, കോട്ടയം**

പ്രതിനിധി സമ്മേളനം • ഉദ്ഘാടന സമ്മേളനം
വിദ്യാഭ്യാസ – സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം
വനിതാ സമ്മേളനം • ആർ.ആർ.സി.അനുസ്മരണ പ്രഭാഷണം
പ്രകടനം • പൊതുസമ്മേളനം • യാത്രയയപ്പ് സമ്മേളനം

**AKPCTA Zindabad**
**AIFUCTO Zindabad**

Edited , Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org, Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar